# എനിക്ക് കുടിപ്പാൻ തരുമോ?

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഹീലിയോ ഹെൽത്ത് കെയർ

കോലഞ്ചേരി - 682 311

# എനിക്ക് കുടിപ്പാൻ തരുമോ?

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889, 3020889

Publisher :

ഫീലിയോ ഹെൽത്ത് കെയർ

കോലഞ്ചേരി - 682 311

DTP

MANESH, GRAPHIC POINT, COCHIN

COVER DESIGN

SWAMINATHAN, COMPUTER PARK

PRINTED AT

BETHESDA PRINTERS

EDAPPALLY, KOCHI - 682 024

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന

## അവതാരിക

പ്രൊഫ. എം.വൈ. യോഹന്നാൻ അടുത്തകാലത്ത് നട ത്തിയിട്ടുള്ള റേഡിയോ പ്രഭാഷണങ്ങളുടെ സമാഹാരമാണ് 'എനിക്ക് കുടിപ്പാൻ തരുമോ?' എന്ന ചെറുഗ്രന്ഥം. സ്വയം മുൻകൈ എടുത്തുകൊണ്ട് തനതായ ശൈലിയിൽ ദീർഘ കാലമായി സുവിശേഷ ഘോഷണത്തിലൂടെ നിസ്തുലമായ സഭാസേവനം നിർവ്വഹിച്ചു വരുന്ന അദ്ദേഹത്തിന്റെ ഈ പുസ്തകം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

പ്രേഷിത പ്രവർത്തനം സഭയുടെ അടിസ്ഥാന നിയോഗ മാണ്. ക്രിസ്തു തന്റെ തിരോധാനത്തിന് തൊട്ടുമുമ്പ് തന്റെ ശിഷ്യ സമൂഹത്തെ ഭരമേല്പിച്ച ഉത്തരവാദിത്വമാണിത്. അതായത് ക്രിസ്തു സാന്നിദ്ധ്യമായി രക്ഷയുടെ പ്രക്രിയ ചരിത്രത്തിൽ നിർവ്വഹിക്കേണ്ടത് ക്രൈസ്തവ സമൂഹത്തിന്റെ മൗലിക ധർമ്മമാണ്. അതാണ് സഭയെ സഭയാക്കുന്നത്. എന്നാൽ പിൽക്കാലത്ത് സഭ ഒരു സംഘടിത മതപ്രസ്ഥാ നത്തിന്റെ സ്വഭാവ സവിഷേശതകൾ പ്രകടമാക്കുകയും അതിന്റെ ഘടനാപരമായ താത്പര്യങ്ങൾ മൗലികമായി പരി ഗണിക്കുകയും ചാലകത്വം നഷ്ടപ്പെട്ട് ഒരുതരം ബ്യൂറോ ക്രാറ്റിക് ഹൈരാർക്കിക്കൽ സംഘടനയായി തീരുകയും ചെയ്തതോടെ സുവിശേഷ പ്രേഷണ രംഗത്ത് മാന്ദ്യവും

ശ്രദ്ധക്കുറവും സംഭവിച്ചു. എന്നിരുന്നാൽതന്നെയും ക്രിസ്തുവിന്റെ അന്ത്യനിയോഗം തങ്ങളോടാണ് എന്ന് തിരിച്ചറിഞ്ഞ്, കർത്തൃ ശുശ്രൂഷയുടെ കാലിക സാധ്യതകൾ അന്വേഷിക്കുവാൻ കാലാകാലങ്ങളിൽ ചിലരൊക്കെ ധീരതയും ആത്മാർത്ഥതയും കാണിച്ചിട്ടുണ്ട്. ഈ ദൈവിക തിരിച്ചറിവും പ്രേരണയും ഉൾക്കൊണ്ട് എതിർപ്പുകളുടെ മധ്യത്തിലും സുവിശേഷ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കുന്നു എന്നതുകൊണ്ട് യോഹന്നാൻസാറിനോടും അദ്ദേഹത്തിന്റെ സഹകാരികളോടും സഭ അത്യധികം കടപ്പെട്ടിരിക്കുന്നു.

ഈ ചെറുഗ്രന്ഥത്തിൽ വളരെ മൗലികങ്ങളായ പ്രമേയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. പൊതുസ്ഥലത്തുവച്ച് ഒരു ശമര്യാ സ്ത്രീയുമായി പരസ്യമായി ആത്മീയ കാര്യങ്ങൾ സംവാദിക്കുവാൻ തയ്യാറാകുന്ന ക്രിസ്തു സൃഷ്ടിക്കുന്ന പ്രകോപനമാണ് സുവിശേഷ പ്രവർത്തനങ്ങളുടെ ഒരു അടിസ്ഥാന സ്വഭാവമായി ഗ്രന്ഥകർത്താവു കണ്ടെത്തുന്നത്. യേശുതന്റെ ചുറ്റുപാടുകളെ പ്രകോപിപ്പിച്ചു. അനുഷ്ഠാന ആത്മീകതയുടെയും മതഭ്രാന്തിന്റെയും നടുവിൽ സുവിശേഷത്തിന്റെ ഊർജ്ജവും ചാലകത്വവും പ്രകോപനത്തിന് കാരണമാകുമെന്നത് നിസ്തർക്ക വസ്തുതയാണ്. അതാണിന്നത്തെയും പ്രശ്നം.

സുഖാർ എന്ന സ്ഥലത്തുള്ള യാക്കോബിന്റെ കിണർവക്കിൽ വച്ച് ശമര്യാക്കാരിയുമായി യേശുവിന്റെ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലുള്ള ചിന്തകളാണ് ഈ ഗ്രന്ഥത്തിലെ പ്രമേയം. ദൈവികബന്ധത്തിൽ നിന്ന് അന്യപ്പെട്ട ആ സ്ത്രീയെ ദൈവകൂട്ടായ്മയിൽ എത്തിക്കുന്നത് തന്റെ ദൗത്യമായി കണ്ട യേശു അവളെ സമീപിക്കുന്നത് കുടിവെള്ളം ആവശ്യമെന്ന ഭാവത്തിലാണ്. മത-സാമൂഹിക-സാമുദായിക വിലക്കുകൾ വകവയ്ക്കാതെ ഒരു അന്യസ്ത്രീയുമായി കർത്താവ് സംവാദിക്കുമ്പോൾ സുവിശേഷത്തിന്റെ സാർവ്വത്രികതയും മൗലികതയുമാണ് ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത്. ഈ അഭിമുഖം (encounter) വഴി

ആ സ്ത്രീയിൽ സംഭവിച്ച പരിണാമത്തിന്റെ സൂക്ഷ്മാംശങ്ങളും സുവിശേഷത്തിന്റെ പരിവർത്തനശേഷിയും അതിലൂടെ ലഭ്യമാകുന്ന ദിശാ - നിയോഗബോധവുമെല്ലാം എഴുത്തുകാരന്റെ അന്വേഷണ പരിധിയിൽ വരുന്നു.

ദൈവികബന്ധത്തിൽ നിന്ന് അന്യപ്പെട്ട ഒരു വ്യക്തിയിൽ ക്രിസ്തു സാന്നിദ്ധ്യത്തിൽ ഉത്ഭൂതമാകുന്ന ഒരു പ്രതികരണമാണ് പാപബോധം. ചിലരിൽ പ്രതികരണം നേരെ വിപരീതമായെന്നും വരാം. ചൂട് തട്ടുന്ന മെഴുക് ആർദ്രമാകുന്നെങ്കിലും മൺകട്ട കൂടുതൽ കടുപ്പമുള്ളതായിത്തീരുകയാണ് ചെയ്യുന്നത്. ഒരേ അനുഭവം തന്നെ ഭിന്നവ്യക്തികളിൽ എതിർഫലങ്ങൾ സൃഷ്ടിക്കാമെന്നു സാരം. എന്നാൽ മനുഷ്യന്റെ ആന്തരിക സൗഖ്യത്തിന് ക്രിസ്തുസാന്നിദ്ധ്യം സൃഷ്ടിക്കുന്ന പാപബോധം അനുവാര്യമാണ്. ഫുൾട്ടൻ ജെ. ഷീൻ പറയുന്നതു ശ്രദ്ധിക്കുക.

"The nearer Christ comes to a heart, the more it becomes conscious of its guilts, it will then either ask for His mercy and find peace or else, it will turn against Him because it is not yet ready to give up its sinfulness. Thus He will separate the good from the bad, the wheat from the chaff. Man's reaction to this Divine Presence will be the test, either it will call out all the opposition of egoistic natures, or else galvanize them into a regeneration and a resrrection." (Life of Jesus P.40) ദൈവസാന്നിദ്ധ്യത്തിൽ ഉണ്ടാകേണ്ട യഥാർത്ഥ മനോഭാവം എങ്ങനെ അയാളെ അനുതാപത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കുന്നു എന്നാണ് ഗ്രന്ഥകാരന്റെ നിരീക്ഷണം. അത്തരം ഒരു വ്യക്തി ക്രിസ്തുവിനെ തന്റെ ആരാധനയുടെ കേന്ദ്രമായി കണ്ടെത്തുന്നു. ഇതത്രേ സത്യാരാധന. ഇതിന് പ്രത്യേക സ്ഥലമോ, സമയമോ അല്ല ആവശ്യം.

ക്രിസ്തുസാന്നിദ്ധ്യത്തിൽ ശമര്യാക്കാരിക്ക് സംഭവിക്കുന്നത് സത്യാരാധനക്കുള്ള ഉപനയനമാണ്. അവളിൽ ജനിക്കുന്ന പാപബോധം അവളെ അനുതാപത്തിലേയ്ക്കും ആന്തരിക പരിവർത്തനത്തിലേയ്ക്കും ഒടുവിൽ സത്യാരാ

ധനയുടെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നയിക്കുന്നു. ഇതാണ് രക്ഷയുടെ അനുഭവം. ഈ അനുഭവത്തിന്റെ സംവേദനമാണ് 'ക്രിസ്തുസാക്ഷ്യം' എന്നത്. അത് വീണ്ടെടുക്കപ്പെട്ട സമൂഹത്തിൽ നിർബ്ബന്ധമായും സംഭവിച്ചേ തീരൂ. ഈ അവസ്ഥയിലേക്കുള്ള സഭയുടെ പരിവർത്തനമാണ് ഗ്രന്ഥത്തിന്റെ മറ്റൊരു താത്പര്യം. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന മറ്റൊരു പ്രമേയം വ്യക്തിജീവിതത്തിൽ കണ്ടെത്തപ്പെടുന്ന ദൈവിക സ്വാതന്ത്ര്യത്തിന്റെ ഉൾപ്രേരണയിൽ ദൗത്യ നിർവ്വഹണത്തിന് സഭയെ സജ്ജമാക്കുക എന്നതാണ്.

സുറിയാനി സഭയുടെ ഒരു അടിസ്ഥാന ചിന്തയായ സ്നാനവേദശാസ്ത്രത്തിന്റെ സ്വാധീനത്തിലാണ് ഗ്രന്ഥകർത്താവ് നിൽക്കുന്നത്. അതായത് വി. സ്നാനത്തിന്റെ ഉള്ളടക്കമായ പഴയതിനോടുള്ള വിടപറയലും യേശുവിന്റെ ആളത്വത്തിലുള്ള പുതിയ നിലനില്പും (new being) ആ പ്രേരണയിൽ നടക്കുന്ന ജീവിത സാക്ഷ്യവും വിശ്വാസിയിലെ നിത്യാനുഭവമായി മാറുകയാണ്. ഈ വിമോചിത ആത്മീകതയുടെ അനന്തമായ പ്രത്യേകതകളാണ് പാപബോധവും അനുതാപവും, മനംതിരിയലും സത്യാരാധനയും. ഇതു വേണ്ടത്ര ഗ്രഹിക്കാതെ അനുഷ്ഠാന മേഖലയിൽ സഭാജീവിതം തളച്ചിടുമ്പോൾ വിശ്വാസത്തിന്റെ ചടുലത നഷ്ടപ്പെട്ട് സഭാജീവിതം ജീർണ്ണതയിലേക്ക് വഴുതി വീഴുന്നു.

അങ്ങനെ ശമര്യാസ്ത്രീയുടെ കഥയിലൂടെ 'എന്താണ് ക്രിസ്തു സാന്നിദ്ധ്യത്തിൽ ഒരു സത്യാന്വേഷിയുടെ ജീവിതത്തിൽ സംഭവിക്കുന്നത് എന്ന് ഗ്രന്ഥകാരൻ വരച്ചുകാണിക്കുന്നു. അത് മനുഷ്യനെ അവനെത്തന്നെയുള്ള കണ്ടെത്തലിലേക്കും അനുതാപത്തിലേയ്ക്കും പുതുക്കത്തിലേക്കും നയിക്കുന്ന പ്രേരകശക്തിയായി മാറുകയാണ്. സഭ ഇത്തരത്തിൽ പരിവർത്തനപ്പെടുമ്പോൾ ക്രിസ്തുവിന്റെ സാമൂഹികഭാവമായി രക്ഷാ പ്രക്രിയയിലേക്ക് ജനത്തെ നയി

ക്കുന്ന പ്രസ്ഥാനമായി പരുവപ്പെടുന്നു. അങ്ങനെ ക്രിസ്തുവിനെ മനുഷ്യന് മുഖാമുഖമാക്കുവാനും പുതിയ ജീവിതത്തിലേക്ക് കടന്നെത്തുവാനും സാക്ഷ്യം വഴി സാധ്യമാക്കുകയാണ് സഭയുടെ അടിസ്ഥാന വിളി. ഇതിനുള്ള ആഹ്വാനമാണ് ഈ ഗ്രന്ഥത്തിലൂടെ നാം ശ്രവിക്കുന്നത്.

സമകാലിക സുവിശേഷരംഗത്തെ അതുല്യപ്രതിഭയായ യോഹന്നാൻ സാറിന്റെ മനോഹരമായ ഈ ഗ്രന്ഥത്തിന് പ്രചുര പ്രചാരം ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ജനങ്ങൾക്ക് ഈ പുസ്തകം ഉപയോഗപ്പെടുത്തി സത്യം കണ്ടെത്തുന്നതിനും ക്രിസ്തുവിൽ തങ്ങളുടെ നിലനില്പ് തരപ്പെടുത്തുന്നതിനും സാധിക്കട്ടെ. ഇതുപോലെയുള്ള ഉത്തമഗ്രന്ഥങ്ങളുടെ രചനയിലൂടെ സഭയുടെ പ്രേഷിതവേലയിൽ പങ്കുചേർന്നു പ്രവർത്തിക്കുന്ന യോഹന്നാൻ സാറിനോടുള്ള സഭയുടെ നന്ദിയും കടപ്പാടും പ്രകടമാക്കുന്നതിനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

സ്നേഹപൂർവ്വം,

**തോമസ് മാർ അത്തനാസ്യോസ്**
മെത്രാപ്പോലീത്ത

മൂവാറ്റുപുഴ
20.08.2001

# ആമുഖം

"Today's experience is tommorrow's wisdom" (ഇന്നത്തെ അനുഭവം നാളത്തെ വിജ്ഞാനമാണ്) എന്നൊരഭിജ്ഞവാക്യമുണ്ട്. അനുഭവങ്ങൾ വിജ്ഞാനമായി മാറുന്ന മഹത്തായ ക്രിയയാണ് വാസ്തവത്തിൽ ഗ്രന്ഥരചനയുടെ മൗലികഭാവം.

ജീവിതബന്ധിയും ജീവിതഗന്ധിയുമായ ഗ്രന്ഥങ്ങൾ മാത്രമേ കാലത്തിന്റെ വേലിയേറ്റത്തിലും കുത്തൊഴുക്കിലും നഷ്ടപ്പെടാതെ ശേഷിക്കുകയുള്ളൂ. ദേശം, കാലം, വർണ്ണം, വർഗ്ഗം, മതം എന്നിവയ്ക്കെല്ലാം അതീതമായി വർത്തിക്കുന്ന വിജ്ഞാനത്തിന്റെയും സംസ്ക്കാരത്തിന്റെയും സ്വാധീനത്തിൽ രൂപംകൊണ്ട ആശയങ്ങളും ഗ്രന്ഥങ്ങളുമാണ് മനുഷ്യചേതനയെ സ്ഥായിയായി ഉണർത്തുന്നത്.

“സത്യം പറയുന്ന അധരം എന്നേയ്ക്കും നിലനിൽക്കും, വ്യാജം പറയുന്ന നാവോ മാത്ര നേരത്തേയ്ക്കേയുള്ളൂ” എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറഞ്ഞിട്ടുണ്ട്. (സദൃശവാക്യങ്ങൾ 12 : 19) അനുഭവത്തിന്റെ നറുമണം പേറുന്ന വാക്കുകൾ വിശ്വസനീയമായിരിക്കും. അവ എക്കാലത്തും നിലനിൽക്കും.

ഈ ഗ്രന്ഥത്തിലും എന്റെ മറ്റു ഗ്രന്ഥങ്ങളിലുള്ളതു

പോലെ അനുഭവത്തിന്റെ ഊഷ്മളതയും തനിമയും ഉണ്ടായിരിക്കണമെന്ന നിർബ്ബന്ധം എന്നെ ഭരിച്ചിരുന്നു. ഭാവികാല തലമുറകൾ ഇവമൂലം കാതലായ അനുഭവസമ്പത്ത് നേടുമെന്ന് ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.

സുവിശേഷം ക്രിസ്തുവിനെക്കുറിച്ച് പറയുന്നതല്ല, ക്രിസ്തു തന്നെയാണ് സുവിശേഷം. ക്രിസ്തുവിനെ ലഭിച്ചെങ്കിലേ മനുഷ്യന്റെ അന്തർദ്ദാഹം ശമിക്കുകയുള്ളൂ; മനുഷ്യഹൃദയം സംസ്ക്കാരഭദ്രമാവുകയുള്ളൂ. ക്രിസ്തുവുള്ള ഹൃദയത്തിൽ മാത്രമേ സാക്ഷാത്തായ സമാധാനം വസിക്കുകയുള്ളൂ. ആന്തരികശക്തിയും സ്വസ്ഥതയും ക്രിസ്തുവാണ് മനുഷ്യന് നൽകുന്നത്. അതിനുതകുന്നതായിരിക്കണം ഈ ഗ്രന്ഥം എന്ന ലക്ഷ്യത്തോടെയാണ് ഇതിലെ ഓരോ പ്രസംഗവും നിർവ്വഹിച്ചിട്ടുള്ളത്. ആ ലക്ഷ്യം നേടിയോ എന്ന് തീരുമാനിക്കുന്നത് ഇത് വായിക്കുന്നവർക്ക് ലഭിക്കുന്ന അനുഭവങ്ങളാണല്ലോ.

വളരെ പ്രൗഢോജ്ജ്വലവും വിജ്ഞേയവുമായ ഒരു അവതാരിക എഴുതിത്തന്ന് എന്നെ അനുഗ്രഹിച്ച അഭിവന്ദ്യ ഡോ. തോമസ്മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത തിരുമേനിയോടുള്ള എന്റെ കൃതജ്ഞത വാക്കുകൾക്കതീതമാണ്. വിശ്രമരഹിതമായ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ ഈ പുസ്തകം വായിക്കാനും ആശയസംപുഷ്ടവും ഹൃദയാവർജ്ജകവുമായ ഔരവതാരിക എഴുതാനും തിരുമേനി സമയം കണ്ടെത്തിയതിന്റെ പിന്നിലുള്ള മഹാമനസ്ക്കതയുടെയും വാത്സല്യമസൃണതയുടെയും മുന്നിൽ ഭക്ത്യാദരപുരസ്സരം ഞാൻ നമോവാകമർപ്പിക്കുകയാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫ് റീഡിംഗിലും അച്ചടിയിലുമെല്ലാം എന്നെ സഹായിച്ച എന്റെ ബഹുമാന്യസഹോദരങ്ങൾ അനേകരുണ്ട്. അവരോടുള്ള എന്റെ കടപ്പാട് അതിരറ്റതാണ്.

അനേക ജീവിതങ്ങൾക്ക് ഈ ഗ്രന്ഥം നവ്യാനുഭൂതികൾ

പ്രദാനം ചെയ്യട്ടെ എന്ന് ഞാൻ ഹൃദയംഗമമായി ആശിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

## ഒന്ന്

യേശു അവളോട് : എനിക്ക് കുടിപ്പാൻ തരുമോ എന്നു ചോദിച്ചു. യോഹ 4 : 7

വെള്ളം കോരുവാൻ വന്ന ഒരു ശമര്യാ സ്ത്രീയോട് യേശു ചോദിച്ചതാണ്, "സ്ത്രീയേ എനിക്ക് കുടിപ്പാൻ തരുമോ?" നട്ടുച്ചയ്ക്ക് നടന്നു ക്ഷീണിച്ച് തളർന്ന് ദാഹിച്ച് കിണറ്ററികിൽ ക്രിസ്തു ഇരിക്കുമ്പോഴാണ് ആ സ്ത്രീ വെള്ളം കോരുവാൻ വന്നത്. അവളോട് കർത്താവ് ചോദിച്ചു : "എനിക്ക് കുടിപ്പാൻ തരുമോ?"

ഇന്നും ക്രിസ്തു ഓരോരുത്തരോടും ഇതേ ചോദ്യം ചോദിക്കയാണ്, നൂറ്റാണ്ടുകളായി മനുഷ്യരുടെ ഹൃദയകവാടത്തിൽ മുട്ടിക്കൊണ്ട് ക്രിസ്തു ഇങ്ങനെ ചോദിക്കയാണ്. തലമുറകളിലൂടെ ഈ ചോദ്യം അനുരണനം ചെയ്തുകൊണ്ടിരിക്കുകയാണ്.

ക്രിസ്തുവിന്റെ ദാഹം ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമാണ്. നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കൾക്കു വേണ്ടിയുള്ള ദാഹമാണ്. പാപത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് നരകയാതനയുടെ അഗാധ കയങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നവർക്കു വേണ്ടിയുള്ള ദാഹമാണ്. നാശത്തിന്റെ വഴിയിലൂടെ ഓടിക്കൊണ്ടിരിക്കുന്നവർക്കു വേണ്ടിയുള്ള ദാഹമാ

ണ്.

ഒരു കഥ കേട്ടിട്ടുണ്ട്. ഒരു വലിയ വെള്ളച്ചാട്ടം. നദി വളരെ വേഗത്തിൽ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഒരു വലിയ കാട്ടുപോത്ത് ചത്ത് ആ വെള്ളത്തിൽക്കൂടെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഒരു ശവംതീനിക്കഴുകൻ അതു കണ്ടു. കഴുകൻ ആ പോത്തിന്റെ മേൽ പറന്നിറങ്ങി ഇരുന്നു. വെള്ളത്തിന്റെ ഒഴുക്കിൽ ആ ശരീരം അനങ്ങി ഒഴുകുന്നതുകൊണ്ട് കഴുകൻ നഖങ്ങൾ ആ മാംസത്തിൽ ആഴത്തിൽ ഉറപ്പിച്ച് അതിൻമീതെ ഇരുന്നു. മാംസം കൊത്തി വലിച്ചു തിന്നുകയാണ്. ദൂരെ വെള്ളച്ചാട്ടത്തിന്റെ ഇരമ്പലും മുഴക്കവും കേൾക്കാം. സമയമാകുമ്പോൾ പറന്നുയരാമല്ലോ.

കഴുകൻ തിന്നുകൊണ്ടേയിരിക്കുകയാണ്. അധികം കഴിഞ്ഞില്ല. വെള്ളത്തിന്റെ ഗതിവേഗം വർദ്ധിച്ചു. വെള്ളച്ചാട്ടമെത്തി. കഴുകൻ പറക്കാൻ ശ്രമിച്ചു. ചിറകടിച്ചു. പക്ഷേ ഉയർന്നില്ല. അതിന്റെ കാൽനഖങ്ങൾ മാംസപേശികളിൽ ആഴത്തിൽ താണിരിക്കുയായിരുന്നു. പെട്ടെന്ന് വലിച്ചെടുക്കാൻ സാധിച്ചില്ല. വെള്ളച്ചാട്ടത്തിൽ പെട്ട് കഴുകന്റെ ശരീരം ഛിന്നഭിന്നമായിപ്പോയി.

ഇതൊരു കഥയാണ്. നടന്നതാകണമെന്നില്ല. പക്ഷേ ഒരു പാഠമുണ്ട് ഇതിന്. നാശത്തിലേക്ക് അതിവേഗം ഒഴുകുന്ന മനുഷ്യൻ ലോകസുഖങ്ങളിലും പാപ ഇമ്പങ്ങളിലും മുഴുകി ആഴത്തിൽ വേരുറച്ച് കഴിയുകയാണ്. ഭീകര വിപത്ത് അടുത്തെത്തി എന്നറിയുന്നില്ല. മരണദൂതൻ പടിവാതിൽക്കൽ കാത്തുനിൽക്കുകയാണെന്ന് മനുഷ്യനറിയുന്നില്ല.

അപ്പോഴാണ് സുവിശേഷ സന്ദേശം കാതുകളിൽ മുഴങ്ങുന്നത് : മകനേ, എനിക്ക് കുടിപ്പാൻ തരുമോ? മകളെ, നീ എന്റെ ദാഹം തീർക്കുമോ?

സ്നേഹിതാ, നീ പാപത്തിൽ ജീവിച്ചാൽ നിനക്കു വരുന്ന

നാശം ക്രിസ്തു കാണുന്നു. നിന്നെ സ്നേഹിക്കുന്ന ക്രിസ്തു നിന്നെ അത്യനർത്ഥത്തിൽ നിന്ന് വീണ്ടെടുക്കാൻ കഴിവുള്ളവനും മനസ്സലിവുള്ളവനുമാണ്. അവൻ നിന്നെ വിളിക്കുന്നു. മകനേ, വേഗം നിന്റെ പാപവഴികളോടു യാത്ര പറയുക. നിന്റെ ആത്മാവിനുവേണ്ടി ഞാൻ ദാഹിക്കുകയാണ്. നീ എന്റെ ദാഹം തീർക്കുമോ? നീ എനിക്ക് കുടിപ്പാൻ തരുമോ?

ക്രിസ്തു ക്രൂശിൻമേൽ കിടന്നു പറഞ്ഞ അഞ്ചാമത്തെ തിരുമൊഴി "എനിക്ക് ദാഹിക്കുന്നു" എന്നാണ്. നശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ആത്മാവിനുവേണ്ടിയുള്ള ദാഹമാണത്.

യഹൂദൻമാർ ധരിച്ചത് കൊടിയ വെയിലത്തു കിടന്നതുകൊണ്ടുള്ള ദാഹമാണെന്നാണ്. അതുകൊണ്ട് അവർ പുളിച്ച വീഞ്ഞ് ഒരു സ്പോഞ്ച് നിറച്ച് ഈസോപ്പു തണ്ടിൻമേലാക്കി അവന്റെ വായോട് അടുപ്പിച്ചു.

യോഹന്നാൻ 19 : 28-29

ഒരു മനോഹരമായ എബ്രായഗാനമുണ്ട്. ക്രിസ്തു എനിക്ക് ദാഹിക്കുന്നു എന്ന് ക്രൂശിൽ കിടന്നു പറഞ്ഞ സമയം ദയനീയമായിരുന്നു. ശപിക്കപ്പെട്ട ജനം അവന് കയ്പുള്ള വീഞ്ഞും കാടിയും കൊടുത്തു. ക്രിസ്തുവിന്റെ നാദം കേട്ട് തന്റെ കൈപ്പണിയായ മഹാസമുദ്രങ്ങളും ജലരാശികളും പരിഭ്രമിച്ചു പോയി.

ആ സമയം ദയനീയം
നുകരാൻ മിശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും കാടിയുമേകി
തൻ നാദത്താൽ
ആഴിയുമാഴവുമഞ്ഞി

എന്ന ഈ മനോഹര ഗീതം ദുഃഖവെള്ളിയാഴ്ച ശുശ്രൂഷാ മദ്ധ്യത്തിൽ ആലപിക്കുന്നതാണ്.

പ്രിയ സ്നേഹിതാ, ക്രിസ്തു നിന്റെ ആത്മാവിനുവേണ്ടി ദാഹിക്കുകയാണ് എന്ന് അറിയുന്നുവോ? വരാനിരിക്കുന്ന നാശത്തിൽ നീ വീഴുന്നതിനു മുമ്പേ നിന്നെ രക്ഷിപ്പാൻ ക്രിസ്തു നിന്നെ ആവലോടെ വിളിക്കുന്ന ആ സ്നേഹ ത്തിന്റെ ശബ്ദം നീ ഒന്ന് ചെവിക്കൊള്ളുമോ?

നൂറ്റാണ്ടുകളായി എത്രയെത്ര സ്ത്രീപുരുഷൻമാർ ഈ ദാഹത്തിന്റെ ആർദ്രസ്നേഹത്തിന് തങ്ങളെത്തന്നെ വിട്ടു കൊടുത്തു. ക്രിസ്തുവിന്റെ നിസ്തുലസ്നേഹത്തിന്റെ ദാഹ ത്താൽ പിടിക്കപ്പെട്ടവരല്ലയോ എക്കാലത്തും ജീവൻ ത്യജിച്ചും ക്രിസ്തുവിന്റെ സാക്ഷികളായി നിന്നത്! അവരെ ക്കൊണ്ടല്ലയോ സുവിശേഷം ദിഗന്തങ്ങളിൽ പടർന്നത്?

ഫെലിസ്ത്യസൈന്യം പാളയമിറങ്ങിയിരുന്ന കാലങ്ങളിൽ ദാവീദ് ദുർഗ്ഗങ്ങളിൽ പാർക്കുകയായിരുന്നു.

“ബേത്ത്ലഹേം പട്ടണവാതിൽക്കലെ കിണറ്റിൽനിന്ന് വെള്ളം എനിക്ക് കുടിപ്പാൻ ആർകൊണ്ടുവന്നു തരും എന്ന് ദാവീദ് ആർത്തിപൂണ്ടു പറഞ്ഞു” 2 ശമൂവേൽ 23 : 15

ദാവീദ് പറഞ്ഞ ഈ വാക്കുകൾ കേട്ട മൂന്നു വീരൻമാർ ഫെലിസ്ത്യരുടെ പാളയത്തിൽക്കൂടി കടന്നുചെന്നു ബേത്‌ലഹേം പട്ടണവാതിൽക്കലെ കിണറ്റിൽ നിന്ന് വെള്ളം കോരി ദാവീദിന്റെ അടുക്കൽ കൊണ്ടുവന്നു. തങ്ങളുടെ പ്രാണൻപോലും ത്യജിച്ച്, മരണത്തെ തൃണവൽഗണിച്ചു പോയ ആ വീരൻമാരുടെ ത്യാഗത്തെ അഭിനന്ദിച്ചുകൊണ്ടും ആദരിച്ചുകൊണ്ടും ദാവീദ് ആ വെള്ളം കുടിക്കാൻ മന സ്സില്ലാതെ യഹോവയ്ക്ക് നിവേദിച്ച് ഒഴിച്ചു.

> “യഹോവേ, തങ്ങളുടെ പ്രാണനെ ഉപേക്ഷിച്ചു പോയ പുരുഷൻമാരുടെ രക്തം ഞാൻ കുടി ക്കയോ? ഇതു ചെയ്‌വാൻ എനിക്ക് സംഗതി വര രുതേ.” 2 ശമൂവേൽ 23 : 17

പ്രിയ സ്നേഹിതാ, ക്രിസ്തുവിന്റെ ദാഹം തീർക്കാൻ

നീ എന്തുചെയ്തു? ക്രിസ്തുവിനു വേണ്ടി എന്തു ത്യാഗം നീ ചെയ്തു?

സ്ത്രീയേ, എനിക്ക് കുടിപ്പാൻ തരുമോ? പാലസ്റ്റൈനിന്റെ ഒരു ഭാഗമാണ് ശമര്യ. ഫലസ്തീൻ നാടിന് തെക്കു മുതൽ വടക്കുവരെ നൂറ്റിയിരുപതുമൈൽ നീളമുണ്ട്. അതിന്റെ ഏറ്റവും വടക്കെ അറ്റം ഗലീലാനാടും തെക്കേ അറ്റം യഹൂദ്യാനാടുമാണ്. രണ്ടിന്റെയും ഇടയ്ക്കുള്ള പ്രദേശമാണ് ശമര്യ.

ശമര്യയിലെ ഒരു സ്ത്രീയോടാണ് ക്രിസ്തു ചോദിക്കുന്നത് : "സ്ത്രീയേ, എനിക്ക് കുടിപ്പാൻ തരുമോ?

യഹൂദ്യായിൽ നിന്ന് ഗലീലയിലേക്ക് പോകുവാനുള്ള എളുപ്പവഴി ശമര്യയിൽ കൂടിയാണ്. ആ വഴിയെ പോയാൽ മൂന്നു ദിവസത്തെ യാത്ര മതി. എന്നാൽ മറ്റൊരു വഴി ശമര്യയെ ഒഴിവാക്കിക്കൊണ്ടുള്ള വഴിയാണ്. യഹൂദ്യയിൽ നിന്ന് യോർദ്ദാൻ നദി കടന്ന് നദിയുടെ കിഴക്കെ തീരത്തു കൂടി വടക്കോട്ടു യാത്രചെയ്ത് വീണ്ടും യോർദ്ദാൻ നദി കടന്ന് ഗലീലയിൽ എത്തുന്നതാണ് ആ വഴി. ശമര്യയിൽക്കൂടി പോകുന്നതിനേക്കാൾ ഏതാണ്ട് ഇരട്ടി ദൂരമുണ്ട് ഈ വഴി. എന്നാൽ യഹൂദ്യായിൽ നിന്ന് ഗലീലയിലേക്ക് യേശു പോയത് ശമര്യയിൽകൂടിയായിരുന്നു. കർത്താവും ശിഷ്യൻമാരും ശമര്യയിലെ പട്ടണമായ 'സുഖാറിൽ' ൽ എത്തി. യേശു വഴി നടന്ന് വളരെ ക്ഷീണിച്ചാണ് വരുന്നത്. നട്ടുച്ചനേരമാണ്. നല്ല ക്ഷീണവും ദാഹവും കർത്താവിനുണ്ട്.

അപ്പോഴാണ് ശമര്യാസ്ത്രീ വെള്ളം കോരുവാൻ വന്നത്. വാസ്തവത്തിൽ വെള്ളം കോരുവാൻ അവളുടെ വീട്ടിൽ നിന്ന് അര മൈലോളം ദൂരമുള്ള ഈ സ്ഥലംവരെയും അവൾ നടന്നു വരേണ്ട ആവശ്യമില്ല. ഒരുപക്ഷേ ആ പ്രദേശത്തെ സ്ത്രീകൾ വെള്ളം കോരുവാൻ വരുന്ന കിണറ്റിൽ നിന്ന് വെള്ളം കോരുവാൻ അവളെ അനുവദിക്കാതെ

ആട്ടിപ്പായിച്ചതാകാം.

കാരണം, അവൾ ഏറ്റവും ഹീനമായ ഒരു ജീവിതം നയിക്കുന്നവൾ ആയിരുന്നു. അഞ്ചു ഭർത്താക്കൻമാർ അവൾക്കുണ്ടായിരുന്നു. അവരെയെല്ലാം കൂടാതെ ആറാമ തൊരുവനുമായി അവൾ ബന്ധപ്പെട്ടു കഴിയുകയായിരുന്നു. ആറാമത്തവൻ അവളുടെ ഭർത്താവല്ലതാനും. അത്ര മോശ മായ ജീവിതം നയിക്കുന്ന ഒരു സ്ത്രീ എന്ന നിലയിൽ സാമൂഹികമായ ഒരു ഭ്രഷ്റ് അവൾക്കുണ്ടായിരുന്നിരിക്ക ണം. അതുകൊണ്ടാണ് അവൾ ഈ കിണർ വരെയും വെള്ളം കോരാൻ വന്നത്.

അങ്ങനെയുള്ള ഒരു സ്ത്രീയോടാണ് ക്രിസ്തു ചോദി ച്ചത് : "സ്ത്രീയേ, എനിക്ക് കുടിപ്പാൻ തരുമോ?"

ക്രിസ്തു എത്ര നീചജീവിതം നയിക്കുന്നയാളോടും സംസാരിക്കും. മനുഷ്യൻ ഭ്രഷ്ഠു കല്പിക്കുന്ന വ്യക്തിക ളുണ്ട്. പക്ഷേ, ക്രിസ്തു ആരേയും ഭ്രഷ്ഠരാക്കുന്നില്ല. ക്രിസ്തു എല്ലാവരേയും സ്നേഹിക്കുന്നു. ക്രിസ്തു എല്ലാ വർക്കും അവസരം നൽകുന്നു. ക്രിസ്തു ആരേയും ശപി ക്കുന്നില്ല. ക്രിസ്തു ആരേയും തള്ളിക്കളയുന്നില്ല. ക്രിസ്തു സ്നേഹം മാത്രമാണ്.

മാന്യസ്നേഹിതാ, സമൂഹത്തിൽ നിന്ന് നിഷ്ക്കാസിത നാകത്തക്ക ചില തിൻമകൾ നിന്റെ ജീവിതത്തിലുണ്ടോ? മനുഷ്യർ നിന്നെ വെറുക്കുന്നുവോ? നിന്റെ സ്വന്തക്കാരും ബന്ധക്കാരും നിന്നെ ദ്വേഷിക്കുന്നുവോ? നിന്നെ എല്ലാ വരും ഒറ്റപ്പെടുത്തുന്നുവോ? ഒരു നല്ല വാക്കുപറയാൻ എനിക്കാരുമില്ലല്ലോ എന്ന് നീ ചിന്തിച്ച് നിന്റെ ഹൃദയം ആകുലപ്പെട്ടിരിക്കുന്നുവോ? ആളുകൾ കൂടുന്നേടത്ത് നീ ആരും തിരിഞ്ഞുനോക്കാതെ തള്ളപ്പെട്ടവനായി കഴിയു ന്നുവോ?

എങ്കിലിതാ, നിന്നെ കരുതുന്ന ഒരുവനുണ്ട്. നിന്നെ

സ്നേഹിക്കുന്ന ഒരുവനുണ്ട്. നിന്റെ ഏകാകിതയിൽ നിന്നെ പരിഗണിക്കുന്ന ഒരാളുണ്ട്. സ്നേഹിതരില്ലാത്ത നിനക്ക് സ്നേഹിതനായി ഒരാളുണ്ട്. ആരും നിന്നെ ഗൗനിക്കാത്തപ്പോഴും നിന്നെ ഗൗനിക്കുന്ന ഒരാളുണ്ട്. അവനത്രേ കർത്താവായ യേശുക്രിസ്തു. അവനത്രേ പാപികളുടെ രക്ഷകൻ. അവനത്രേ കുനിഞ്ഞിരിക്കുന്നവരെ നിവർത്തുന്നവൻ. അവനത്രേ ആരോരുമില്ലാത്തവരുടെ ഉടയവൻ. അവനത്രേ അനാഥരുടെ രക്ഷകർത്താവ്. അവനത്രേ അശുദ്ധരെ സ്നേഹിക്കുന്നവൻ. അവനത്രേ കഴിഞ്ഞ കാലങ്ങൾ നോക്കാത്തവൻ.

അവൻ കഴിഞ്ഞകാല ജീവിതം നോക്കുന്നവനല്ല. 'ഇനിയെന്ത്' എന്നു മാത്രമേ അവൻ നോക്കുന്നുള്ളൂ. കഴിഞ്ഞതെല്ലാം അവൻ മായിച്ചുതരും. കഴിഞ്ഞകാലജീവിതത്തിലെ സകല കളങ്കങ്ങളും അവൻ തുടച്ചുമാറ്റും. കഴിഞ്ഞകാല ജീവിതത്തിലെ സകല പാപങ്ങളെയും അവൻ കാണിച്ചുതരും.

സ്ത്രീയേ എനിക്ക് കുടിപ്പാൻ തരുമേ?

സകലരും അവളെ പരിഹസിക്കുന്നവരാണ്. സകലരും അവളെ കുറ്റപ്പെടുത്തുന്നവരാണ്. ചിലരെല്ലാം അവളെ നോക്കുന്നത് ദുഷ്ടലാക്കോടെയാണ്. ഏകാന്തതയിൽ അവളെ കണ്ടുമുട്ടിയ ഈ പുരുഷനാകട്ടെ വിശുദ്ധിയുടെ തേജസ്സാർന്ന നോട്ടത്തോടെ അവളുടെ നേരെ നോക്കുന്നു. വിശുദ്ധിയുടെ സ്നേഹം സ്ഫുരിക്കുന്ന വാക്കുകൾ അവൾ കേൾക്കുകയാണ്. മറ്റനേകരിൽ നിന്നും അവൾ കേട്ടിട്ടുള്ളത് അശുദ്ധിയുടെ, ജഢീകസ്നേഹത്തിന്റെ, വാക്കുകളാണ്. ഇവിടെയോ നിഷ്കളങ്ക സ്നേഹത്തിന്റെ നോട്ടം. പരിശുദ്ധ സ്നേഹത്തിന്റെ വാക്കുകൾ.

അതേ, സ്നേഹിതാ, ക്രിസ്തുവിന്റെ കണ്ണ് പരിശുദ്ധ സ്നേഹത്തിന്റെ നോട്ടം നൽകുന്നതാണ്. ആ നിർമ്മല സ്നേഹത്തെ നീ ഒന്നു കാണുമോ? ആ പരിശുദ്ധ

സ്നേഹം ജ്വലിക്കുന്ന മുഖത്തേക്ക് നീ ഒന്നു നോക്കുമോ? ഇപ്പോഴിതാ, നിന്നെത്തന്നെ നോക്കിക്കൊണ്ട് അവൻ നിന്റെ അരികത്ത് നില്ക്കുകയാണ്. അവൻ വാത്സല്യവായ്പോടെ നിന്നെ നോക്കുകയാണ്. അവൻ മനസ്സലിവോടെ നിന്നെ നോക്കുകയാണ്.

നീ അവനെ ഒന്ന് നോക്കുമോ? "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല." സങ്കീ. 34 : 5 മകനേ, നീ അവനെ ശ്രദ്ധിച്ചു നോക്കുമെങ്കിൽ നിന്നിലുള്ള നിരാശയെല്ലാം മാറും. നീ അവനെ നോക്കുമെങ്കിൽ നിന്റെ ആകുലമെല്ലാം മറയും. നീ അവനെ വിശ്വാസത്തോടെ നോക്കുമെങ്കിൽ നിന്റെ ഹൃദയത്തിലുള്ള കൂരിരുളെല്ലാമകലും.

"എനിക്ക് കുടിപ്പാൻ തരുമോ" എന്നാണ് അവൻ നിന്നോടു ചോദിക്കുന്നത്. "എന്റെ ദാഹം തീർക്കുമോ മകനേ, എന്റെ ദാഹം തീർക്കുമോ മകളേ" എന്നാണ് അവൻ നിന്നോട് ചോദിക്കുന്നത്.

അവൻ നിന്റെ അരികത്ത് വരുന്നത് നിനക്ക് അനുഗ്രഹം തരാനാണ്, നിന്റെ കൈയ്യിൽ നിന്ന് എന്തെങ്കിലും വാങ്ങാനല്ല. ആ നട്ടുച്ചനേരത്ത് ആ സ്ത്രീ യേശുവിനെ കണ്ടുമുട്ടിയത് അവളുടെ ജീവിതത്തിലെ ശോഭനമായ ഒരു വഴിത്തിരിവായി.

പാപിനിയായ സ്ത്രീ അനേകരെ ക്രിസ്തുവിങ്കലേക്കും തൻമൂലം ശാശ്വത ശാന്തിയിലേക്കും നയിക്കുന്നവളായിത്തീർന്നു. ശാപഗ്രസ്തയായ സ്ത്രീ അനേകരുടെ ശാപം മാറ്റുന്നവളായിത്തീർന്നു. നാട്ടിലെമ്പാടും ദുരിതവും യാതനയും വരുത്തിക്കൊണ്ടിരുന്ന സ്ത്രീ നാട്ടിലാകെ അനുഗ്രഹം വിതറുന്നവളായിത്തീർന്നു. അനേകം ഭാര്യമാരെ കണ്ണീരും കൈയുമായിക്കഴിയാൻ കാരണക്കാരിയായവൾ അനേകം കുടുംബങ്ങളിൽ സമാധാനം വിളയാനുതകുന്നവളായി മാറി.

സ്നേഹിതാ, ഈ ഭാഗ്യം നിനക്ക് വേണമോ? സഹോദരീ, ഈ മഹാഭാഗ്യം നിനക്കും കരഗതമാക്കണമോ? എങ്കിൽ ഒരു വാക്ക് സ്നേഹനിധിയായ കർത്താവിനോട് പറയൂ : നാഥാ, ഇന്നു മുതൽ ഞാനൊരു വിശുദ്ധജീവിതം നയിക്കും.

## രണ്ട്

"എനിക്ക് കുടിപ്പാൻ തരുമോ?"
യോഹന്നാൻ 4 : 7

യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽ നല്ല സൻമാർഗ്ഗനിഷ്ഠയുള്ള ഒരു യഹൂദനോട് ക്രിസ്തു സംസാരിക്കുന്നു. നാലാം അദ്ധ്യായത്തിൽ അസൻമാർഗ്ഗിക ജീവിതം നയിച്ച ഒരു ശമര്യാസ്ത്രീയോട് സംസാരിക്കുന്നു.

> ക്രിസ്തു എല്ലാവരേയും സ്നേഹിക്കുന്നു. സൻമാർഗ്ഗിയെയും അസൻമാർഗ്ഗിയെയും സ്നേഹിക്കുന്നു. ശിഷ്ടനെയും ദുഷ്ടനെയും സ്നേഹിക്കുന്നു. നീതിമാനെയും നീതികെട്ടവനെയും സ്നേഹിക്കുന്നു. "അവൻ ദുഷ്ടൻമാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുയും നീതിമാൻമാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ."
>
> മത്തായി 5 : 45

കർത്താവ് ചോദിച്ചു : "സ്ത്രീയേ, എനിക്ക് കുടിപ്പാൻ തരുമോ?"

ശമര്യാസ്ത്രീ ഉടനെ പ്രതിവചിച്ചു :

# 21

“നീ യഹൂദൻ ആയിരിക്കെ ശമര്യാക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ.”
യോഹ 4 : 9

യഹൂദൻമാരും ശമര്യരും തമ്മിൽ സമ്പർക്കമില്ലായിരുന്നു. അവർ തമ്മിലുള്ള അകൽച്ച അനേകം വർഷങ്ങൾക്കു മുമ്പ് തുടങ്ങിയതാണ്.

ബി.സി. 720-ൽ അസ്സീറിയൻ സാമ്രാജ്യം ശമര്യയെ ആക്രമിച്ച് കീഴടക്കി. അവിടെയുള്ള അനേകമാളുകളെ അടിമകളായി പിടിച്ചുകൊണ്ടുപോയി. ശമര്യയിലേക്ക് ബാബിലോൺ, കൂഥാ, അവ്വ, ഹമാത്ത്, സെഫർവ്വയീം എന്നിവിടങ്ങളിൽ നിന്ന് ആളുകളെ കൊണ്ടുവന്ന് പാർപ്പിച്ചു. പുതുതായി വന്ന വിഗ്രഹാരാധികളുമായി ശമര്യയിലുണ്ടായിരുന്ന യിസ്രായേൽക്കാർ വിവാഹബന്ധത്തിലേർപ്പെട്ടു. മാത്രമല്ല യഹൂദൻമാർക്ക് സ്വതസ്സിദ്ധമായിരുന്ന ജാതീയസംശുദ്ധി നഷ്ടപ്പെട്ടു. യഹൂദൻ പുറജാതികളുമായി വിവാഹബന്ധത്തിലേർപ്പെട്ടാൽ അവനെ മരിച്ചവനായി കണക്കാക്കുകയും അവന്റെ ശവസംസ്ക്കാര ശുശ്രൂഷ നടത്തുകപോലും ചെയ്തുവന്നിരുന്നു. ശമര്യയിൽ നിന്ന് അസ്സീറിയായിലേക്ക് കൊണ്ടുപോയ ജനങ്ങൾ അവിടെ ജാതികളുമായി ഇടകലർന്ന് വർഗ്ഗപരമായുണ്ടായിരുന്ന തനിമ നഷ്ടപ്പെടുത്തി.

എന്നാൽ യെരുശലേം തലസ്ഥാനമായിരുന്ന യഹൂദ്യാനാട്ടിലുണ്ടായിരുന്ന യഹൂദൻമാരെ ബാബേലിലേക്ക് അടിമകളായി കൊണ്ടുപോയപ്പോൾ അവർ അവിടെ സ്വന്തം വ്യക്തിത്വവും ഭക്തിയും സംശുദ്ധിയും ജാതികളോട് ഇടകലർന്ന് നഷ്ടപ്പെടുത്താതിരുന്നു. എസ്രാ, സെരുബ്ബാബേൽ, നെഹമ്യാവ്, യോശുവ എന്നിവരുടെ കാലങ്ങളിൽ പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ (കോരെശിന്റെ) കരുണകൊണ്ട് അവർ യെരുശലേമിലേക്ക് മടങ്ങിവന്നു. അവരുടെ പ്രഥമോദ്യമം തകർന്നുപോയ യെരുശലേം ദേവാലയം പുതുക്കിപ്പണിയുക എന്നതായിരുന്നു. ആ സദുദ്യമത്തിൽ സഹായിപ്പാൻ ശമര്യർ വന്നു. അവർ യഹൂദ പാര

മ്പര്യം കളഞ്ഞുകുളിച്ചവരായതുകൊണ്ട് ജീവനുള്ള ദൈവത്തിന്റെ ആലയത്തിന്റെ പണിയ്ക്ക് ശമര്യരുടെ സഹായം തങ്ങൾക്കുവേണ്ട എന്ന് നിരസിച്ചു കളഞ്ഞു.

"ഞങ്ങളുടെ ദൈവത്തിന്റെ ആലയം പണിയുന്നതിൽ നിങ്ങൾക്കു ഞങ്ങളുമായി കാര്യമൊന്നുമില്ല." (എസ്രാ. 4 : 3) എന്നാണ് യഹൂദൻമാർ ശമര്യരോട് പറഞ്ഞത്.

അപ്പോൾ ശമര്യർ ആ പണി മുടക്കുന്നതിന് കാര്യസ്ഥൻമാരെ കൈക്കൂലി കൊടുത്ത് വശത്താക്കുകയും പേർഷ്യൻ സമ്രാട്ടായിരുന്ന അഹശ്വേരോശിന് (Xerxes) യഹൂദൻമാർക്കെതിരായി അന്യായപത്രം എഴുതി അയയ്ക്കുകയും ചെയ്തു. അങ്ങനെ കുറെ കാലത്തേക്ക് ദൈവാലയം പണി മുടങ്ങിക്കിടന്നു.

യെരുശലേം ദേവാലയത്തിനു ചുറ്റും മതിൽ പണിയുന്നത് പേർഷ്യൻ സാമ്രാജ്യത്തിലെ ഭക്ഷ്യമന്ത്രിയായിരുന്ന നെഹമ്യാവിന്റെ നേതൃത്വത്തിലായിരുന്നു. സൻബലത്ത്, തോബിയാവ്, ഗേശം മുതലായ ശമര്യർ ഭയങ്കരമായി അതിനെയും എതിർത്തു. ഏതാണ്ട് ബി.സി. 450-നടുത്താണ് ഇതെല്ലാം സംഭവിച്ചത്.

അങ്ങനെ യഹൂദ്യരും ശമര്യരും തമ്മിലുള്ള വൈരാഗ്യം പെരുകിവന്നു. ശമര്യനായ സൻബലത്തിന്റെ മകളെ യഹൂദനായ മനശ്ശെ വിവാഹം കഴിക്കുകയും ശമര്യയിലെ ഗെരിസിം മലമുകളിൽ ഒരു ദേവാലയം പണിയുകയും ചെയ്തതോടെ ആ സ്പർദ്ധ വളരെ വർദ്ധിച്ചു. ബി.സി. 129-ൽ യഹൂദസൈന്യാധിപനായ ജോൺ ഹിർകാനസ് ശമര്യയെ ആക്രമിക്കുകയും ഗെരിസിം പർവ്വതത്തിലെ ദേവാലയം നശിപ്പിക്കുകയും ചെയ്തു. അങ്ങനെ യഹൂദൻമാരും ശമര്യക്കാരും തമ്മിലുള്ള പക ഏറിയേറി വന്നു.

അതുകൊണ്ടാണ് ശമര്യാസ്ത്രീ യേശുവിനോട് ചോദിച്ചത്.

"നീ യഹൂദനായിരിക്കെ ശമര്യാക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ?"
യോഹന്നാൻ 4 : 9

ജാതീയ അതിർവരമ്പുകളെ തകർക്കുന്ന സ്നേഹനിധിയാണ് ക്രിസ്തു. സമുദായ സ്പർദ്ധയും കക്ഷിവൈരാഗ്യവും ക്രിസ്തുവിന്റെ സ്വഭാവത്തിന് ചേർന്നതല്ല. മതപരമായോ സഭാസംബന്ധമായോ ഉള്ള തർക്കങ്ങളുടെയോ ആശയഗതികളുടെയോ വേലിക്കെട്ടുകളെ പൊളിച്ചുമാറ്റി സമുദായ മൈത്രി ഉളവാക്കുന്നവനാണ് കർത്താവായ യേശു ക്രിസ്തു.

യഹൂദറബ്ബിമാർ ഒരു സ്ത്രീയെ പരസ്യമായി അഭിവാദ്യം ചെയ്യുകയില്ല. സ്വന്തം ഭാര്യയോ സഹോദരിയോ മകളോ ആയാലും റബ്ബി പരസ്യമായി ഒന്നു സംസാരിക്കുകപോലും ചെയ്യുകയില്ല.

"രക്തം ഒലിപ്പിക്കുന്ന പരീശൻമാർ." (Bruised and bleeding pharisees) എന്നു വിളിക്കപ്പെടുന്ന മതതീക്ഷ്ണതയുള്ള പരീശൻമാരുണ്ടായിരുന്നു. തെരുവോരത്ത് ഒരു സ്ത്രീയെ കണ്ടാൽ അവർ ഉടനെ കണ്ണടച്ച് നടക്കും. വല്ല മതിലിലോ വീടിന്റെ ഭിത്തിയിലോ അവരുടെ നെറ്റി ചെന്നിടിച്ച് ചോര ഒലിക്കും. അത് ഒരു മേൻമയാണെന്നാണ് റബ്ബിമാർ കരുതിയിരുന്നത്.

അങ്ങനെയിരിക്കെ യേശു പരസ്യസ്ഥലത്ത് ഒരു സ്ത്രീയോട് സംസാരിച്ചതും അത്ഭുതകരമായ ഒരു പ്രതിഭാസമായിരുന്നു. നിലവിലുള്ള അനാചാരങ്ങളെയും അബദ്ധജടിലമായ പാരമ്പര്യങ്ങളെയും നീക്കം ചെയ്യുകയായിരുന്നു ക്രിസ്തു ഇവിടെ.

തന്നെയുമല്ല, ക്രിസ്തു ഇവിടെ സംസാരിക്കുന്നത് സാമൂഹിക ഭ്രഷ്ഠുള്ള ഒരു സ്ത്രീയോടാണ്. ആരും സംസാരിക്കാൻ മടിക്കുന്ന ഒരാളോട് ക്രിസ്തു സംസാരിച്ചു.

പരിശുദ്ധനായ ദൈവത്തിന് എല്ലാവരോടും പരിശുദ്ധ സ്നേഹം മാത്രം. ആരെയും അറപ്പോടെ കാണുന്നില്ല. സഹതാപാർദ്രമായ ഭാവം മാത്രം. അകളങ്ക സ്നേഹം മാത്രം.

മാന്യസ്നേഹിതാ, ഈ അത്ഭുത സ്നേഹത്തെ നീ വിശ്വ സിക്കുന്നുവോ? നീ എത്ര ദോഷിയായി ജീവിച്ചവനാണെ ങ്കിലും ക്രിസ്തു നിന്നെ സ്നേഹിക്കുന്നു. നിന്റെ കഴിഞ്ഞ കാല ജീവിതത്തിൽ നൻമയുടെ കണികയില്ലെങ്കിലും ക്രിസ്തു നിന്നെ സ്നേഹിക്കുന്നു. നീ സകലരാലും വെറു ക്കപ്പെട്ടവനാണെങ്കിലും ക്രിസ്തു നിന്നെ സ്നേഹിക്കുന്നു. ആർക്കും അടുക്കാൻ പറ്റാത്ത പരുക്കൻ സ്വഭാവമാണ് നിനക്കുള്ളതെങ്കിലും ക്രിസ്തു നിന്നെ സ്നേഹിക്കുന്നു.

ഈ ദൈവസ്നേഹത്തിന്റെ ആഴം കണ്ടെത്താൻ ഭാഗ്യം ലഭിച്ച ഒരാളാണ് വാളകത്തുള്ള എഞ്ചിനീയർ ജോസ്.

ജോസിന്റെ ജീവിതാനുഭവം ശ്രദ്ധിക്കാം :

ഞാനൊരു ക്രിസ്തീയ ഭവനത്തിൽ ജനിച്ചുവളർന്നു. സണ്ടെസ്കൂൾ, ഞായറാഴ്ച ആരാധന, ആത്മീയ കാര്യ ങ്ങൾ, കുടുംബപ്രാർത്ഥന എന്നിവയെല്ലാമുണ്ടായിരുന്നു. പക്ഷേ ഞാൻ ഒരു മദ്യപാനിയും അഹങ്കാരിയും ആയി ട്ടാണ് വളർന്നു വന്നത്.

കോളേജിലെ പഠനത്തിനുശേഷം ഞാൻ ബിസിനസ്സി ലേക്ക് തിരിഞ്ഞു. അതോടെ പാപം പെരുകി. പണവും ധാരാളമുണ്ടായി. സിനിമ, മദ്യപാനം, ചീട്ടുകളി, രാഷ്ട്രീയ വൈരാഗ്യങ്ങൾ എന്നിങ്ങനെ വളരെ വഷളായ വഴികളി ലെല്ലാം ഞാൻ ജീവിച്ചു. വളരെ വൈകി മദ്യപിച്ച് ലക്കു കെട്ട് വീട്ടിൽ വന്നിരുന്നു. ഭയങ്കര കോപവും വഴക്കും മൂലം വീടിന്റെ സ്വസ്ഥത നശിപ്പിച്ചു.

എനിക്ക് ഒട്ടേറെ വ്യവഹാരങ്ങളുണ്ടായിരുന്നു. രാഷ്ട്രീയ വൈരാഗ്യം മൂലം എനിക്ക് ഒട്ടേറെ ശത്രുക്കളുണ്ടായി. ഒരു

ദിവസം ഞാൻ രാത്രി വളരെ വൈകി ചീട്ടുകളി കഴിഞ്ഞ് വീട്ടിലേക്ക് വരികയായിരുന്നു. നല്ലതുപോലെ മദ്യപിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ പൂർവ്വവൈരാഗ്യമുള്ള ചില ആളുകൾ എന്നെ ആക്രമിച്ചു. വളരെ മാരകമായ മുറിവുകളേറ്റു. "എന്റെ ദൈവമേ, എന്നെ രക്ഷിക്കണേ" എന്ന് ഞാൻ ഉറക്കെ നിലവിളിച്ചു. അക്രമികൾ ഓടിപ്പോയി. ഞാൻ ഹൃദയത്തിൽ ഒരു തീരുമാനം അന്നെടുത്തു : മേലിൽ പാപം കൂടാതെ ഞാൻ ക്രിസ്തുവിനുവേണ്ടി ജീവിക്കുമെന്ന്. അങ്ങനെ എന്റെ ആയുസ്സ് കർത്താവ് നീട്ടിത്തന്നു.

അന്നു ഞാൻ രക്ഷപ്പെട്ടെങ്കിലും മരണഭീതി എന്നെ വിടാതെ പിൻതുടർന്നിരുന്നു. ഞാൻ നേരത്തേതന്നെ ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനെക്കുറിച്ച് കേട്ടിരുന്നെങ്കിലും എനിക്ക് ചില തെറ്റിദ്ധാരണകൾ ഉണ്ടായിരുന്നു. എന്നാൽ ഈ സംഭവത്തിനു ശേഷം ഞാൻ സാറിന്റെ വീട്ടിൽ നടക്കുന്ന യോഗത്തിന് വന്നു. കൂട്ടായ്മയിലുള്ള അനേകം ദൈവമക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. അധികം താമസിയാതെ എന്നോടു വൈരാഗ്യമുണ്ടായിരുന്ന എല്ലാ ആളുകളെയും ഞാൻ കണ്ട്, മാപ്പു ചോദിച്ച്, അവരുമായി നിരപ്പായി. ഇപ്പോൾ ആരോടും വഴക്കില്ലാതെ സമാധാനമായി ഞങ്ങൾ കുടുംബമായി കഴിയുന്നു.

എന്റെ അപ്പനോട് ഞാൻ മിണ്ടിയിട്ട് പതിനൊന്ന് വർഷങ്ങൾ കഴിഞ്ഞിരുന്നു. ഞാനെന്റെ അപ്പന്റെ അടുത്തു ചെന്നിട്ട് പറഞ്ഞു. "നിസ്സാര കാര്യത്തിന്റെ വാശികൊണ്ട് ഞാൻ അപ്പനോട് നീരസമായിരിക്കുകയായിരുന്നു. അപ്പൻ എന്നോട് ക്ഷമിക്കണം. ഞാൻ മേലിൽ അപ്പനെ സ്നേഹിച്ചും വിനയപ്പെട്ടും ജീവിച്ചുകൊള്ളാം എന്ന്.

എന്നും ഉഗ്രമായി കോപിച്ച് വഴക്കുണ്ടാക്കിയിരുന്ന ഞാൻ എന്റെ ഭാര്യയോട് പറഞ്ഞു. ഇനി ഞാൻ കോപിക്കുകയില്ല എന്ന്.

ഞങ്ങൾ രണ്ടുപേരും സാറിന്റെ അടുത്തു വന്ന് സംസാ

രിച്ചത് സാറ് ഓർക്കുമായിരിക്കുമല്ലോ. ഇന്ന് ഞങ്ങളുടെ കുടുംബം ഒരു കൊച്ചു സ്വർഗ്ഗമാണ്. വഴക്കും പിണക്കവും ഒന്നുമില്ല. ഞങ്ങൾ ഒറ്റക്കെട്ടായി, ഒരു മനസ്സോടെ, സമാധാനമായി ജീവിക്കുന്നു. എന്റെ ഭാര്യ കുറെ വർഷങ്ങൾ ഗവ. എൻജിനീയറിങ് കോളേജിൽ പഠിപ്പിച്ചിരുന്നു. അതുകൊണ്ട് എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് ട്യൂഷൻ കൊടുക്കുന്ന ഒരു സ്ഥാപനം തൃപ്പൂണിത്തുറയിൽ ആരംഭിച്ച് നടത്തിക്കൊണ്ടുവരികയായിരുന്നു ഇന്ന് മൂവാറ്റുപുഴ വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറാണ്. എനിക്കും ബിസിനസ്സുണ്ട്. ദൈവം ഞങ്ങളുടെ ജീവിതത്തെ പാടേ മാറ്റിമറിച്ചു. ദൈവത്തിനു സ്തോത്രം. ഇനിയുള്ള കാലം കർത്താവിന്റെ വേല ചെയ്ത് സമാധാനത്തോടെ ജീവിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുകയാണ്.

ജോസിന്റെ ജീവിതം ആകെ രൂപാന്തരപ്പെടുത്തിയ യേശുക്രിസ്തു നിനക്കും സമാധാനവും രൂപാന്തരവും തരും. ജോസിന്റെ ഭാര്യ, ഭർത്താവിനെപ്പറ്റി എന്നോട് പറഞ്ഞത്, “സിംഹംപോലെ അലറുമായിരുന്ന ആൾ ഇന്ന് കുഞ്ഞാടുപോലെ ശാന്തനായി” എന്നാണ്.

പ്രിയ സ്നേഹിതാ, ക്രിസ്തുവിന്റെ അളവില്ലാത്ത സ്നേഹത്തെ നീ കണ്ടെത്തിയിട്ടുണ്ടോ? ആ നിത്യസ്നേഹമാണ് ഇപ്പോൾ നിന്റെ അരികത്തു വന്നുനിന്ന്, “എനിക്ക് കുടിപ്പാൻ തരുമോ?” എന്ന് ചോദിക്കുന്നത്.

രണ്ടായിരം വർഷം മുമ്പ് ഈ ശബ്ദം കേട്ട ശമര്യാസ്ത്രീ പഴയ ജീവിതത്തോട് യാത്ര പറഞ്ഞു. അഴുക്കും അശുദ്ധിയും നിറഞ്ഞ ജീവിതം വിട്ടു. വിശുദ്ധിയും സ്നേഹവും നിറഞ്ഞ ഒരു പുതിയ ജീവിതം ആരംഭിച്ചു. അവൾ ക്രിസ്തുവിന്റെ സാക്ഷിയായിത്തീർന്നു.

അശുദ്ധിയ്ക്കും മ്ലേച്ഛതയ്ക്കു വേണ്ടി ദാഹിച്ചുകൊണ്ടിരുന്ന ആവളുടെ ജീവിതം ക്രിസ്തുവിനുവേണ്ടി ദാഹിക്കാൻ തുടങ്ങി. നശിച്ചുപോകുന്ന അനേകം ആളുകളെ

ക്രിസ്തുവിന്റെ തിരുസന്നിധിയിലേക്ക് അവൾ കൂട്ടിക്കൊണ്ടുവന്നു. “ഞാൻ ചെയ്തത് ഒക്കെയും എന്നോടുപറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുവിൻ” എന്നു പറഞ്ഞു കൊണ്ട് ശമര്യാദേശമാകെ അവളുടെ സ്നേഹത്തിന്റെ സാക്ഷ്യംകൊണ്ട് അവൾ ഇളക്കിമറിച്ചു. അനേകം ശമര്യർ അവളുടെ വാക്കുകേട്ട് ക്രിസ്തുവിൽ വിശ്വസിച്ചു. അവളുടെ ആത്മാവിനുവേണ്ടിയുള്ള ദാഹം, അവളെ ഘോരനരകത്തീയിൽ നിന്ന് രക്ഷിക്കുവാനുള്ള ക്രിസ്തുവിന്റെ ദാഹം അങ്ങനെ ശമിച്ചു. അതോടൊപ്പം ശമര്യദേശത്തിലെ അനേകം ആളുകൾക്കുവേണ്ടിയുള്ള ദാഹവും ശമിച്ചു.

പ്രിയ സഹോദരി, മാന്യസ്നേഹിതാ, നിന്റെ അരികത്തു നിന്ന് “എനിക്ക് കുടിപ്പാൻ തരുമോ” എന്നു ചോദിക്കുന്ന ക്രിസ്തുവിനോട് നീ എന്തുപറയും? “നാഥാ, ഇന്നു മുതൽ ഞാൻ ഒരു പുതുസൃഷ്ടിയായി ജീവിക്കും” എന്ന് ഒരു വാക്ക് ഇപ്പോൾ പറയുമോ? എങ്കിൽ ജീവിതമാകെ സൗഭാഗ്യംകൊണ്ടു നിറയും.

## മൂന്ന്

"എനിക്ക് കുടിപ്പാൻ തരുമോ?"
യോഹന്നാൻ 4 : 7

സുഖാർ കിണറ്റിനരികെ ശമര്യാസ്ത്രീയോട് ക്രിസ്തു ചോദിച്ചു : "എനിക്ക് കുടിപ്പാൻ തരുമോ?"

സ്ത്രീ ആശ്ചര്യപൂർവ്വം പറഞ്ഞു :

'നീ യഹൂദനായിരിക്കെ ശമര്യാക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ?"
യോഹ 4: 9

ക്രിസ്തു ഉടനെ മറുപടി പറഞ്ഞു :

"നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോട് ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്ക് തരികയും ചെയ്യുമായിരുന്നു."

ക്രിസ്തു ജീവനുള്ള വെള്ളത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ശമര്യാസ്ത്രീ സംസാരിക്കുന്നത് വസ്തുനിഷ്ഠമായ അക്ഷരികമായ വെള്ളത്തെക്കുറിച്ചാണ്. നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായ ജീവജലത്തെയാണ്

യേശു ഇവിടെ പരാമർശിക്കുന്നത്.

ആത്മീയമായി ഗ്രഹിക്കേണ്ട ആത്മീയസത്യം ഭൗതിക ബുദ്ധികൊണ്ടോ ജ്ഞാനംകൊണ്ടോ ഗ്രഹിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് സ്ത്രീ ചോദിക്കുന്നത്.

> "യജമാനനേ, നിനക്ക് കോരുവാൻ പാത്രം ഇല്ലല്ലോ, കിണറ് ആഴമുള്ളതാകുന്നു, പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെനിന്ന്? നമ്മുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ? അവൻ ആകുന്നു ഈ കിണറ് ഞങ്ങൾക്ക് തന്നത്. അവനും അവന്റെ മക്കളും മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചുപോന്നു." യോഹ 4 : 11-12

യഹൂദനെ സംബന്ധിച്ചിടത്തോളം ജീവനുള്ള വെള്ളം ഒഴുക്കുജലമാണ്. നിനക്ക് ഒഴുക്കുള്ള വെള്ളം എവിടെനിന്ന് കിട്ടാനാണ് എന്നാണ് ശമര്യാസ്ത്രീ ചോദിക്കുന്നതിന്റെ അർത്ഥം.

യാത്രക്കാർ പഴയ കാലങ്ങളിൽ തുകൽക്കൊണ്ടുണ്ടാക്കിയ ഒരു ബക്കറ്റ് - സഞ്ചി - വെള്ളം കോരുന്നതിന് കൊണ്ടുനടക്കാറുണ്ട്. അതുപോലൊന്ന് നിന്റെ പക്കലില്ലല്ലോ എന്നും കരുതാം സ്ത്രീ ചോദിക്കുന്ന വാക്കുകളുടെ ആശയം.

തന്നെയുമല്ല, ഏറ്റവും ഹീനമായ പാപത്തിൽ ജീവിക്കുമ്പോഴും 'പിതാവായ യാക്കോബിന്റെ' കാര്യം അവൾ പറയുന്നു. പിതാക്കൻമാരെക്കുറിച്ച് അഭിമാനത്തോടെ കരുതുന്ന അനേകരും ജീവിതത്തിന്റെ പ്രായോഗിക തലങ്ങളിൽ പിതാക്കൻമാർ അനുഭവിച്ച ജീവിതവിശുദ്ധിയെ പ്രാപിക്കാത്തവരാണ്.

ആത്മീയ കാര്യങ്ങൾ പറയുമ്പോഴും ചിന്തിക്കുമ്പോഴുമെല്ലാം അനേകരും ഉദ്ദിഷ്ടകാര്യങ്ങളാണ് മുന്നിൽ കാണു

ന്നത്. ഭൗതികമായ ചില നേട്ടങ്ങൾ മാത്രം ലാക്കാക്കി പിതാക്കൻമാരുടെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന അനേകം ക്രിസ്ത്യാനികളുണ്ട്. അവർ നിത്യജീവ ഉറവയുമായി ബന്ധപ്പെടാത്തവരാണെന്ന്, വാസ്തവമായി തിരിഞ്ഞു നോക്കിയാൽ കാണാം.

ക്രിസ്തു അവളോട് പറഞ്ഞു :

> "ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരു നാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും."
> യോന. 4 : 13

എന്നന്നേക്കും ദാഹം ശമിപ്പിക്കുന്ന നീരുറവ് നിത്യജീവനാണെന്ന് ആ സ്ത്രീക്ക് മനസ്സിലാകുന്നില്ല. മനുഷ്യന്റെ അന്തർദ്ദാഹം ശമിപ്പിക്കുന്ന ജീവജലത്തെക്കുറിച്ച് തിരുവെഴുത്തിൽ പല ഭാഗങ്ങളിലും പറയുന്നുണ്ട്.

> "അവർക്കു വിശക്കയില്ല, ദാഹിക്കുകയില്ല, മരീചികയും വെയിലും അവരെ ബാധിക്കയില്ല, അവരോടു കരുണയുള്ളവൻ അവരെ വഴിനടത്തുകയും നീരുറവകൾക്കരികെ അവരെ കൊണ്ടുപോകയും ചെയ്യും."
> യെശയ്യാ 49 : 10

ഈ ലോകത്തിൽ എന്തു സുഖം കിട്ടിയാലും അത് നില നിൽക്കയില്ല. എന്ത് സന്തോഷം കിട്ടിയാലും ലോക സന്തോഷം സാക്ഷാൽ സന്തോഷമാകയില്ല. "ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും."

ലോകത്തിൽ മനുഷ്യന്റെ തൃഷ്ണ ശമിക്കുകയില്ല. എത്ര സമ്പാദിച്ചാലും പണം കുന്നു കൂടിയാലും മനുഷ്യന് തൃപ്തിയുണ്ടാകുമോ? പിന്നെയും പോരാ, പോരാ, എന്ന്

അവന്റെ ഹൃദയം ദാഹിച്ചുകൊണ്ടിരിക്കും.

പണമാകട്ടെ, ജഡികസുഖങ്ങളാകട്ടെ, ഭൗതികപ്രതാപങ്ങളാകട്ടെ, ലോക ഇമ്പങ്ങളാകട്ടെ, ഒന്നും ഒരിക്കലും തൃപ്തി തരികയില്ല. മദ്യപാനം എത്ര ചെയ്താലും മദ്യപ്രിയനായ മനുഷ്യന് മദ്യത്തോടുള്ള ആർത്തി മാറുമോ? പാപജീവിതത്തിന്റെ പ്രത്യേകതതന്നെ പാപത്തിനുവേണ്ടി പിന്നെയും പിന്നെയും മനുഷ്യമനസ്സ് ആസക്തിപൂണ്ട് ദാഹിച്ചുകൊണ്ടിരിക്കുമെന്നുള്ളതാണ്.

എന്നാൽ ക്രിസ്തു തരുന്നത് ജീവജലമാണ്, നിത്യജീവനാണ്. ഒരിക്കലും ദാഹിക്കാത്ത ജീവ ഉറവയുമായുള്ള ബന്ധമാണ്.

"നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ച് തൃപ്തി പ്രാപിക്കുന്നു. നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു. നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ." എന്ന് സങ്കീർത്തനക്കാരൻ ദൈവികശാന്തിയരുളുന്ന കൃപയുടെ ജീവ ഉറവിനെക്കുറിച്ച് പാടി.

ക്രിസ്തു വാഴുന്ന സുവർണ്ണ യുഗത്തെ മുൻകൂട്ടിക്കണ്ട യെശയ്യാവ് പ്രവചിച്ചു.

> "അന്ന് കുരുടൻമാരുടെ കണ്ണു തുറന്നുവരും. ചെകിടൻമാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. അന്ന് മുടന്തൻ മാനിനെപ്പോലെ ചാടും, ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും, മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക ഒരു പൊയ്കയായും വരണ്ടനിലം നീരുറവുകളായും തീരും."
>
> യെശയ്യാവ് 35 : 5-7
>
> നിത്യനായ ദൈവം തന്നെയാണ് ജീവനുള്ള വെള്ളത്തിന്റെ ഉറവയെന്ന് യിരമ്യാപ്രവാചകനും പറയുന്നുണ്ട്. യിരമ്യാ 17 : 13

അതാണ് ക്രിസ്തു പറഞ്ഞത് :

"ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും."
യോഹ 7 : 37–38

"ദാഹിക്കുന്നവൻ വരട്ടെ, ഇച്ഛിക്കുന്നവൻ ജീവ ജലം സൗജന്യമായി വാങ്ങട്ടെ." വെളി. 22 : 17.

ജീവന്റെ ജലം പരിശുദ്ധാത്മാവ് തന്നെയാണ്. "അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭി പ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്."
യോഹ 7 : 39

ജീവജലത്തിന്റെ നദി ഒഴുകുന്നത് ദൈവസിംഹാസന ത്തിൽ നിന്നാണ്.

"വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറ പ്പെടുന്നതായി പളുങ്കു പോലെ ശുഭ്രമായ ജീവജ ലനദിയും അവൻ എന്നെ കാണിച്ചു. നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്, അത് പന്ത്രണ്ടു വിധം ഫലം കായിച്ച് മാസംതോറും അതതു ഫലം കൊടുക്കുന്നു. വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു. യാതൊരു ശാപവും ഇനി ഉണ്ടാകയില്ല." വെളിപ്പാട് 22 : 1–3

ഇതു തന്നെയാണ് യെഹസ്ക്കേൽ പ്രവാചകൻ കണ്ടതും പ്രവചിച്ചതും.

"അവൻ എന്നെ ആലയത്തിന്റെ പ്രവേശനത്തി ങ്കൽ മടക്കിക്കൊണ്ടു വന്നപ്പോൾ ആലയത്തിന്റെ ഉമ്മ രപ്പടിയുടെ കീഴെ നിന്നു വെള്ളം കിഴക്കോട്ടു പുറ

പ്പെടുന്നത് ഞാൻ കണ്ടു. ആലയത്തിന്റെ മുഖം കിഴക്കോട്ടല്ലോ, ആ വെള്ളം ആലയത്തിന്റെ വലത്തുഭാഗത്ത് കീഴെ നിന്നു യാഗപീഠത്തിന്നു തെക്കുവശമായി ഒഴുകി, വെള്ളം വലത്തുഭാഗത്തു കൂടി ഒഴുകുന്നത് ഞാൻ കണ്ടു, ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽക്കൂടി കടക്കുമാറാക്കി, വെള്ളം നരിയാണിയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു. എന്നെ വെള്ളത്തിൽക്കൂടി കടക്കുമാറാക്കി. വെള്ളം മുട്ടോളം ആയി, അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ കടക്കുമാറാക്കി, വെള്ളം അരയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു. അത് എനിക്ക് കടപ്പാൻ വഹിയാത്ത ഒരു നദിയായി. വെള്ളം പൊങ്ങി, നീന്തീട്ടല്ലാതെ കടപ്പാൻ വഹിയാത്ത ഒരു നദിയായിത്തീർന്നു, പിന്നെ അവൻ എന്നെ നദീതീരത്ത് ഇക്കരെയും അക്കരെയും അവവധി വൃക്ഷം നിൽക്കുന്നതു കണ്ടു, ഈ വെള്ളം, ഒഴുകിച്ചെന്ന് വെള്ളം കടലിൽ വീണിട്ട് അതിലെ വെള്ളം പത്ഥ്യമായിത്തീരും.

എന്നാൽ ഈ നദി ചെന്നുചേരുന്നേടത്തൊക്കെയും ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും, ഈ വെള്ളം അവിടെ വന്നതുകൊണ്ട് ഏറ്റവും വളരെ മത്സ്യം ഉണ്ടാകും, ഈ നദി ചെന്നുചേരുന്നേടത്തൊക്കെയും അത് പത്ഥ്യമായിത്തീർന്നിട്ട് സകലവും ജീവിക്കും. അതിന്റെ കരയിൽ ഏൻ - ഗദിമുതൽ ഏൻ-എഗ്ലയീംവരെ മീൻ പിടിക്കാർ നിന്നു വലവീശും. എന്നാൽ അതിന്റെ ചേറ്റുകണ്ടങ്ങളും കുഴിനിലങ്ങളും പത്ഥ്യമായ്വരാതെ ഉപ്പുപടനയ്ക്കായി വിട്ടേക്കും. (The swamps and marshes will not become fresh, they will be left for salt.) നദീതീരത്ത് ഇക്കരെയും അക്കരെയും തിൻമാൻ തക്ക ഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും, അവയുടെ ഇല വാടുകയില്ല, ഫലം ഇല്ലാതെ പോകയുമില്ല, അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽ

> നിന്ന് ഒഴുകിവരുന്നതുകൊണ്ട് അവ മാസംതോറും പുതിയ ഫലം കായ്ക്കും, അവയുടെ ഫലം തിൻമാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും.”
>
> യെഹസ്ക്കേൽ 47 : 1–12

നിത്യസ്വർഗ്ഗീയ വിശ്രമനാട്ടിലെ അതിശയനീയമായ അനുഭവങ്ങൾ യെഹസ്ക്കേൽ വിവരിക്കുകയാണ്. ഈ ഭൂമിയിൽവെച്ച് വിശുദ്ധീകരണത്തിന്റെ അനുഭവത്തിൽ വളർന്ന്, ആത്മനിറവ് പ്രാപിക്കുന്ന ഒരു ദൈവപൈതലിന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് നിത്യസ്വർഗ്ഗത്തെ പ്രവാചകൻ വർണ്ണിക്കുകയാണ്.

ആത്മനിറവിന്റെ മൂന്ന് അനുഭവങ്ങൾ ഇവിടെ കാണുന്നുണ്ട്. ഒന്ന്, fruit,രണ്ട്, food, മൂന്ന്, healing.

പുതിയ ഫലം കായ്ക്കും - fruit

അവയുടെ ഫലം തിൻമാൻ ഉതകും - food

ഇല ചികിത്സയ്ക്കുതകും - healing

ആത്മനിറവുള്ള ഒരു ദൈവപൈതൽ ആത്മാവിന്റെ ഫലങ്ങൾ നിറഞ്ഞുനിൽക്കുന്നവനായിരിക്കും.

> “ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം.” ഗലാത്യർ 5 : 22

ജീവജലത്തിന്റെ സമൃദ്ധിയിൽനിന്നും ജീവജലത്തോടുള്ള ബന്ധത്തിൽ നിന്നുമാണ് ആത്മാവിന്റെ ഫലം കായ്ക്കുന്നത്.

മാന്യ സ്നേഹിതാ, നീ ആത്മാവിന്റെ ഫലം കായ്ക്കുന്നുണ്ടോ? പ്രിയ സഹോദരീ, നിന്നിൽ ആത്മാവിന്റെ ഫലം

മറ്റുള്ളവർ കാണത്തക്കവണ്ണമാണോ നീ ജീവിക്കുന്നത്? സ്നേഹം നിന്നിൽ നിറഞ്ഞുനിൽക്കുന്നുവോ?

> ആത്മാവിന്റെ വരങ്ങൾ പന്ത്രണ്ട്. ആത്മാവിന്റെ ഫലങ്ങൾ ഒൻപത്. ആത്മാവിന്റെ വരങ്ങളിൽ ഏറ്റവും വലിയത് സ്നേഹം. 1 കൊരി. 13 : 13.

> ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാമത്തേത് സ്നേഹം. ഗലാത്യർ 5 : 22

ഫലം ഭക്ഷണത്തിനുതകും. ആത്മാവിന്റെ ഭോജനം കൊണ്ടുമാത്രമേ ആത്മാവ് വളരുകയുള്ളൂ. ആത്മാവ് പുഷ്ട ഭോജനം കഴിച്ച് ബലപ്പെട്ടാൽ മാത്രമേ ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ.

ഇല ചികിത്സയ്ക്കുതകും. ശരീരത്തിനും മനസ്സിനും ആത്മാവിനും ചികിത്സ ആവശ്യമാണ്. ശരീരത്തിന്റെ രോഗങ്ങൾ, മനസ്സിന്റെ ആകുലങ്ങൾ, ആത്മാവിൽ പറ്റിയ കറകൾ എന്നിവ സമ്പൂർണ്ണമായി മാറാൻ ഈ ചികിത്സ പ്രയോജനപ്പെടും.

> പ്രിയ സഹോദരാ, ജീവജലത്തിന്റെ നീരുറവിന്റെ അരികിലേക്ക് ഉടയവൻ നിന്നെ മാടിവിളിക്കുന്നു. രണ്ടായിരം വർഷം മുമ്പ് ഗോഗുൽത്തായിലെ മരക്കുരിശിൽ ക്രിസ്തുവിന്റെ തിരുവിലാവിൽ നിന്ന് പൊട്ടിയൊഴുകിയ ജീവ ഉറവയിലേക്ക് ഓടിയണയൂ. ചവളത്താൽ തിരുമാർവ് കുത്തിത്തുറക്കപ്പെട്ടപ്പോൾ ചോരയും നീരും പൊട്ടിപ്പുറപ്പെട്ടു. തൂക്കപ്പെട്ടു മരത്തിൽ, ആ ചവളം വിലാവ് തുറന്നു. മിശിഹാ രക്തവും വെള്ളവും ഒഴുക്കി കുരിശിൽ കിടക്കുന്നു. ആ കാഴ്ച കണ്ട അനേകം സഹദേൻമാർ ക്രിസ്തുവിനുവേണ്ടി മരിക്കാനോടി. ആ ഉറവയാണ് മകനേ, പ്രിയ മകളേ, നിന്നെ വിളിക്കുന്നത്. പാപത്തിന്റെയും മാലിന്യത്തിന്റെയും പരി

ഹാരത്തിനായി തുറന്നിരിക്കുന്ന ഉറവത്രേ അത്.
സെഖര്യ 13 : 1

ഗോഗുൽത്തായിൽ തിരുമാർവ് തുറന്നോരുത്തമനേ, നിന്റെ ചങ്കിൽനിന്നൊഴുകിയ ചോരയാലും നീരിനാലും എന്റെ അന്തർദാഹം നീ മാറ്റണമേ, എന്റെ കഷ്ടതകൾ നീ മായിച്ചു കളയണമേ, എന്റെ നോവ്, എന്റെ വേദന നീ ഒഴിവാക്കിത്തരണമേ. സ്നേഹിതാ, നീ ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിന്നെ ഏല്പിക്കുമോ? ഒരു വാക്ക് നീ രക്ഷകനോട് പറയൂ : നാഥാ ഇന്നു മുതൽ ഞാൻ നിന്റെ വക.

## നാല്

"പോയി ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക."
യോഹന്നാൻ 4 : 16

യേശുക്രിസ്തു സുഖാർ കിണറ്ററികിൽ ശമര്യാസ്ത്രീയോട് സംസാരിക്കുകയാണ്. വെള്ളം കോരുവാൻ വന്ന സ്ത്രീയോട് ജീവജലത്തെക്കുറിച്ച് കർത്താവ് സംസാരിക്കുകയാണ്. നീ എന്നോട് യാചിച്ചിരുന്നെങ്കിൽ നിനക്ക് ജീവന്റെ വെള്ളം തരുമായിരുന്നു എന്നാണ് ക്രിസ്തു പറയുന്നത്. തുടർന്ന് ക്രിസ്തു പറഞ്ഞു :

> "ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരുനാളും ദാരിക്കയില്ല, ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും."
> യോഹ 4 : 13–14

മനുഷ്യഹൃദയത്തിൽ ഒരു ശൂന്യതയുണ്ട്. അന്തരാളത്തിൽ എന്തോ ഒന്നിന്റെ കുറവുണ്ട്. അതിനുവേണ്ടി മനുഷ്യഹൃദയം ദാഹിക്കുന്നുണ്ട്. എന്നാൽ ആ ദാഹം തീർക്കുവാൻ പണത്തിനും പദവിക്കും സാധിക്കുകയില്ല. ധനത്തിനും മാനത്തിനും സാധിക്കുകയില്ല. sex-നും silver-നും സാധിക്കുകയില്ല. ആ ശൂന്യത നികത്താൻ കർത്താവായ യേശുക്രി

സ്തുവിനു മാത്രമേ കഴിയുകയുള്ളൂ.

അതുകൊണ്ടാണ് സെന്റ് അഗസ്റ്റിൻ പറഞ്ഞത് : "Our hearts are restless till they rest in Thee." "നിന്നിൽ വിശ്രമം കണ്ടെത്തുംവരെ ഞങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമത്രേ."

ആ വിശ്രമം - നിത്യവിശ്രാന്തി - നിത്യജീവൻ തരാനാണ് ക്രിസ്തു മനുഷ്യരോട് സംസാരിക്കുന്നത്. ശമര്യാസ്ത്രീയോടും ഈ പറഞ്ഞതെല്ലാം ആ മഹാഭാഗ്യം അവൾക്ക് നൽകാനാണ്.

പക്ഷേ, ശമര്യാസ്ത്രീക്ക് ക്രിസ്തു പറഞ്ഞതിന്റെ പൊരുൾ തിരിഞ്ഞില്ല. അതുകൊണ്ട് അവൾ പറഞ്ഞു :

> "യജമാനനേ, എനിക്ക് ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിന്ന് ആ വെള്ളം എനിക്കു തരണം."
>
> യോഹ. 4 : 15

അപ്പോഴാണ് യേശു പറഞ്ഞത് :

"പോയി ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക."

ഇത്രയും നേരം സംസാരിച്ചതിനു ശേഷം ക്രിസ്തു കാര്യങ്ങളുടെ ഗൗരവത്തിലേക്ക് കടക്കുകയാണ്. അവളുടെ ജീവിതത്തിന്റെ രഹസ്യവശങ്ങളിലേക്ക് ക്രിസ്തുവിന്റെ വചനം വെളിച്ചം വീശുകയാണ്. "ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ?" എന്ന് അല്പം മുമ്പ് യേശുവിനോടു ചോദിച്ച ആ സ്ത്രീക്ക് ഇപ്പോൾ സ്തംഭിച്ചു നിൽക്കേണ്ടിവന്നു. അവൾ തരിച്ചുനിന്നുപോയി. വൈദ്യുതാഘാതമേറ്റതുപോലെ അവൾ സ്തംഭിച്ചുപോയി. ജീവിതത്തിന്റെ മറഞ്ഞു കിടന്ന യാഥാർത്ഥ്യം അവളെ തുറിച്ചുനോക്കുന്നതുപോലെ തോന്നി. അവളുടെ അസാന്മാർഗ്ഗിക ജീവിതത്തിന്റെ ഹീനവും മ്ലേച്ഛവുമായ കാലങ്ങൾ ഒരു നിമിഷം അവളുടെ ബോധമനസ്സിൽ മിന്നിമറ

ഞ്ഞു.

എങ്കിലും അവൾ ഉടനെ ധൈര്യം സംഭരിച്ചുകൊണ്ടു പറഞ്ഞു :

"എനിക്ക് ഭർത്താവില്ല."

"എനിക്ക് ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കൻമാർ നിനക്ക് ഉണ്ടായിരുന്നു. ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല. നീ പറഞ്ഞതു സത്യം തന്നേ."

ഹൃദയത്തിന്റെ ഉള്ളറകളും ജീവിതത്തിന്റെ രഹസ്യങ്ങളും അറിയുന്നവന്റെ മുമ്പിലാണ് അവൾ നിൽക്കുന്നതെന്ന് ഇപ്പോൾ അവൾക്ക് മനസ്സിലായി. ഈ യഹൂദ റബ്ബി സാധാരണ മനുഷ്യനല്ല എന്നവൾക്ക് മനസ്സിലായി.

രഹസ്യങ്ങളറിയുന്നവനാണ് ദൈവം. കഴിഞ്ഞകാല ജീവിതം മുഴുവൻ അവന്റെ കൺമുമ്പിൽ നഗ്നവും മലർന്നതുമത്രേ. അവൻ ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നവനത്രേ. അവൻ മനുഷ്യഹൃദയത്തെ തൂക്കിനോക്കുന്നവനത്രേ. അവൻ ഉൾപ്പൂവുകളെ പരിശോധിക്കുന്നവത്രേ. അവന്ന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല.

ദാവീദ് അത്ഭുതസ്തിമിതനായി പാടി :

> "യഹോവേ, നീ എന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു, എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിൻമേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെമേൽ വെച്ചിരിക്കുന്നു, നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ

എവിടേക്കു പോകും? തിരുസന്നിധി വിട്ടുഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറി യാൽ നീ അവിടെ ഉണ്ട്, പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്, ഇരുട്ട് എന്നെ മൂടിക്കളയട്ടെ, വെളിച്ചം എന്റെ ചുറ്റും രാത്രിയായിത്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല, രാത്രി പകൽപോലെ പ്രകാശിക്കും. ഇരുട്ടും വെളിച്ചവും നിനക്ക് ഒരുപോലെ തന്നെ."

സങ്കീ. 139 : 1–12

അഞ്ചു വിവാഹമോചനങ്ങൾ. ഇപ്പോഴത്തെ പുരുഷൻ അവൾ വിവാഹം ചെയ്തു ഭർത്താവായവനല്ല. അങ്ങനെ ആ ശമര്യാസ്ത്രീ ആറുപുരുഷൻമാരുമായി ബന്ധം പുലർത്തിയവളായിരുന്നു എന്ന് ക്രിസ്തു അറിഞ്ഞു. ഹൃദ യരഹസ്യങ്ങളറിയുന്നവന്റെ മുമ്പിലാണ് താൻ നിൽക്കുന്ന തെന്ന് അവളറിഞ്ഞു.

യേശു രഹസ്യജീവിതത്തിലെ പാപം വെളിപ്പെടുത്തു ന്നത് പരിഹസിക്കാനല്ല, കുറ്റപ്പെടുത്താനല്ല, തുച്ഛീകരിക്കാ നല്ല, പാപത്തെ ചൂണ്ടിക്കാണിക്കുന്നത് നിരാശപ്പെടുത്താനു മല്ല, പാപത്തെ ഓർത്ത് അനുതപിക്കാനുള്ള പ്രേരണ നൽകാനാണ്. അനുതാപം കുറ്റബോധത്തിൽ നിന്നാണുള വാകുന്നത്.

ഒന്ന്, conviction - കുറ്റബോധം. കുറ്റബോധം ഒരാളെ നിരാശയിലേക്ക് നയിക്കാം. എന്നാൽ ക്രിസ്തു തരുന്ന കുറ്റബോധം അനുതാപത്തിലേക്ക് നയിക്കുന്നു.

രണ്ട്, contrition - അനുതാപം. തകർന്നും നുറുങ്ങിയു മുള്ള ഹൃദയം.

"അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." എന്നത്രേ കാരുണ്യവാനായ

ദൈവം അരുളിച്ചെയ്യുന്നത്. യെശ
യ്യാവ് 66 : 2

"ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല."
സങ്കീ. 51 : 17

Conviction (പാപബോധം) Contrition - ലേയ്ക്ക് (അനുതാപത്തിലേക്ക്) നയിക്കുമ്പോൾ നിരാശയുണ്ടാകാമെന്നതിന്റെ ഉത്തമോദാഹരണമാണ് ഇസ്ക്കര്യോത്തായൂദാ.

യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തതിന്റെ കൂലിയായി മുപ്പത് വെള്ളിക്കാശ് വാങ്ങിയിരുന്നു.

"അവനെ ശിക്ഷക്കു വിധിച്ചു എന്നു കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പത് വെള്ളിക്കാശ് മഹാപുരോഹിതൻമാരുടെയും മൂപ്പൻമാരുടെയും അടുക്കൽ മടക്കിക്കൊണ്ടുവന്നു : ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നുപറഞ്ഞു. അതു ഞങ്ങൾക്കു എന്ത്? നീ തന്നേ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു, ചെന്ന് കെട്ടിഞാന്നു ചത്തുകളഞ്ഞു." മത്തായി 27 : 3-4

യൂദാ അനുതപിച്ചു. യൂദാ തെറ്റുതിരുത്തി വെള്ളിക്കാശ് മടക്കിക്കൊണ്ടുവന്നു. ഞാൻ പാപം ചെയ്തു എന്ന് ഏറ്റുപറഞ്ഞു. ഞാൻ ഇന്ന പാപം ചെയ്തു എന്ന് വ്യക്തമായും കൃത്യമായും പാപം ഏറ്റുപറഞ്ഞു. ഇന്നനേകരും ഞാൻ എല്ലാ പാപവും ചെയ്തുപോയി എന്ന് പൊതുവായി ഒരു ചടങ്ങുപോലെ ഏറ്റുപറയുന്നുണ്ട്. അതുപോലെയായിരുന്നില്ല യൂദാ ഏറ്റുപറഞ്ഞത്. ഞാൻ ഇന്ന പാപം, ഇന്ന വിധത്തിൽ ചെയ്തു എന്ന് വ്യക്തമായും (specific and accurate) കൃത്യമായുമാണ് ഏറ്റുപറഞ്ഞത്.

യൂദാ മഹാപുരോഹിതൻമാരുടെയും മൂപ്പൻമാരുടെയും അടുക്കൽത്തന്നെയാണ് ഏറ്റു പറഞ്ഞത്. (chief priests and elders.)

Living Bible - ൽ ഈ ഭാഗം ഇങ്ങനെയാണ് കാണുന്നത് :

Judas changed his mind and deeply regretted what he had done, and brought back the money to the chief priests and other Jewish leaders.

"I have sinned," he declared, "for I have betrayed an innocent man."

> പക്ഷേ അനുതാപത്തിനും പശ്ചാത്താപത്തിനും പ്രായശ്ചിത്തത്തിനും ശേഷവും രക്ഷപ്പെട്ടില്ല, "ചെന്ന് കെട്ടിഞാന്ന് ചത്തു കളഞ്ഞു."
>
> മത്തായി 27 : 5

അതിനു കാരണം ദൈവസ്നേഹത്തിലുള്ള വിശ്വാസവും പ്രത്യാശയും യൂദയ്ക്കുണ്ടായിരുന്നില്ല എന്നതാണ്. ഏതു ഘോരപാപം ചെയ്താലും ദൈവം ക്ഷമിക്കുന്നവനാണ് എന്ന ചിന്ത യൂദയ്ക്കുണ്ടായില്ല.

എന്നാൽ പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു. ഒരിക്കലും സംഭവിക്കരുതാത്തത് തന്നെയാണ് പത്രോസിന്റെ ജീവിതത്തിൽ സംഭവിച്ചത്. യൂദായ്ക്ക് കിട്ടിയതുപോലെ മുന്നറിയിപ്പുകൾ പത്രോസിനും കിട്ടിയിരുന്നതാണ്.

"ഈ രാത്രിയിൽ കോഴി കൂകുംമുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു." എന്ന് കർത്താവ് വ്യക്തമായി പത്രോസിനോട് പറഞ്ഞതായിരുന്നു. എങ്കിലും പത്രോസ് തള്ളിപ്പറഞ്ഞു.

> "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ ആണയോടെ തള്ളിപ്പറഞ്ഞു."
>
> മത്തായി 26 : 72, 74

ഈ മഹാപാപം വന്നതിനുശേഷം പത്രോസ് അതിദുഃഖ ത്തോടെ കരഞ്ഞു. ക്രിസ്തുവിനുവേണ്ടി നിർണ്ണായക ഘട്ട ത്തിൽ ഒരു നല്ല വാക്കു പറയേണ്ട ആൾ കർത്താവിനെ തള്ളിപ്പറഞ്ഞു പോയല്ലോ എന്നോർത്ത് പത്രോസ് ദുഃഖ ത്തോടെ കരഞ്ഞു. എല്ലാവരും കൈവിട്ടസമയത്ത് ഞാനും കൈവിട്ടല്ലോ എന്ന ദുഃഖസത്യം തിരിച്ചറിഞ്ഞ് പത്രോസ് അതിദുഃഖത്തോടെ കരഞ്ഞു.

പക്ഷേ പത്രോസ് നിരാശപ്പെട്ടില്ല. തെറ്റുപറ്റിയതിനു ശേഷവും പത്രോസ് കർത്താവിന്റെ മുഖത്തുനിന്ന് കണ്ണു പറിക്കാതെ കർത്താവിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അതുകൊണ്ടാണ് വിസ്താരരംഗത്ത് ആക്ഷേപവും പരിഹാ സവും കൊണ്ട്, അടിയും തുപ്പലുമേറ്റ്, നിന്ദാപാത്രമായി അസഹ്യവേദനയോടെ നിന്നപ്പോഴും കർത്താവ് തിരിഞ്ഞ് പത്രോസിനെ ഒന്നു നോക്കിയപ്പോൾ പത്രോസ് ആ സ്നേഹം നിറഞ്ഞ വേദനയുടെ നോട്ടം കണ്ടത്.

മാന്യ സ്നേഹിതാ, നിന്റെ പാപം ഭയാനകമാണെങ്കിലും നിന്നെ ഇപ്പോഴും ക്രിസ്തു സ്നേഹവായ്പോടെ, ആർദ്രത യോടെ നോക്കുകയാണ്. നീ അനുതപിക്കുകയും പ്രത്യാ ശയോടെ തിരിച്ചുവരികയും ചെയ്യുവാൻ ക്രിസ്തു നിന്നെ വാത്സല്യത്തോടെ മാടിവിളിക്കയാണ്.

“വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങിവരിക എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ നിങ്ങളോട് കോപം കാണിക്കയില്ല, ഞാൻ കരുണയുള്ളവൻ, എന്നേക്കും കോപം സംഗ്രഹിക്കയുമില്ല എന്ന് യഹോവ യുടെ അരുളപ്പാട്... നിന്റെ അകൃത്യം സമ്മതിക്കമാത്രം ചെയ്ക.”

എന്ന് യിരമ്യാവ് 3 : 12-13 ൽ പറയുന്നു.

> “വിശ്വാസത്യാഗികളായ മക്കളേ, മടങ്ങിവരു വിൻ.” യിരമ്യാവ് 3 : 14

“അഞ്ചു ഭർത്താക്കൻമാർ നിനക്കുണ്ടായിരുന്നു. ഇപ്പോൾ ഉള്ളവൻ നിന്റെ ഭർത്താവല്ല” എന്ന് ക്രിസ്തു ശമര്യാ സ്ത്രീയുടെ മുഖത്തു നോക്കി പച്ചയായി പറഞ്ഞത് അവളെ ആക്ഷേപിക്കാനല്ല, കുറ്റപ്പെടുത്താനുമല്ല, നേരെമറിച്ച്, അവളെ വിശുദ്ധീകരിച്ച്, കറയും കളങ്കവുമല്ലാത്തവളാക്കി നിറുത്തി തന്റെ മഹത്വമുള്ള വേലയിൽ പങ്കാളിയാക്കാനാണ്. അവളുടെ കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങളെല്ലാം തുടച്ചു നീക്കി അവളെ വിശുദ്ധീകരിക്കാനും അവളിൽ നിന്നു കൊണ്ട് ശമര്യാ ദേശത്തിലെ അനേകമനേകം ആളുകളെ വീണ്ടെടുക്കുവാനുമാണ് ക്രിസ്തു ഇവിടെ ആവലോടും ദാഹത്തോടുംകൂടെ നിൽക്കുന്നത്.

പ്രിയ സഹോദരാ, മാന്യ സഹോദരീ, ഈ നിസ്തുല സ്നേഹത്തെ ഒന്നു കാണുമോ? എങ്കിൽ നീ ഒരു നിമിഷം വൈകാതെ ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിക്കൂ. അവൻ നിന്നെ ശുദ്ധീകരിച്ച് നിന്നിൽ നിന്നുകൊണ്ട് നിന്റെ കുടുംബത്തെ അവൻ രക്ഷിക്കട്ടെ. നിന്നിൽ ചവുട്ടി നിന്നുകൊണ്ട് നിന്റെ ദേശത്തെ അവൻ വീണ്ടെടുക്കട്ടെ. നിന്നിൽ ഊന്നി നിന്നുകൊണ്ട് അനേകമനേകം ദേശങ്ങളിലും ഭവനങ്ങളിലും സുവിശേഷസന്ദേശം അവൻ പകരട്ടെ. അനേക ജീവിതങ്ങൾ മാറട്ടെ. അനേക ഹൃദയങ്ങളിൽ ശാന്തി പകരട്ടെ. അനേക ബന്ധനങ്ങൾ അഴിയട്ടെ.

സമർപ്പിക്കൂ. ഒരു വാക്ക് ക്രിസ്തുവിനോട് പറയൂ : നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടി.

## അഞ്ച്

"പോയി ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക."
യോഹന്നാൻ 4 : 16

ശമര്യാസ്ത്രീയുടെ പാപം നിറഞ്ഞ ജീവിതം ക്രിസ്തു അവൾക്കു കാണിച്ചുകൊടുക്കുകയാണ്. "അഞ്ചു ഭർത്താക്കൻമാർ നിനക്കുണ്ടായിരുന്നു, ഇപ്പോൾ ഉള്ളവനോ നിന്റെ ഭർത്താവല്ല." എന്ന വാക്കുകളിൽക്കൂടെ അവളുടെ രഹസ്യജീവിതത്തിന്റെ അഴുക്കാർന്ന വശങ്ങൾ മുഴുവൻ കർത്താവ് തുറന്നു കാണിക്കുകയാണ്.

അവൾക്ക് സ്വാഭാവികമായും കുറ്റബോധമുണ്ടായി – conviction. തുടർന്ന്, അതോടൊപ്പംതന്നെ അവൾക്ക് അനുതാപവും ഉണ്ടായി – contrition

അതുകൊണ്ടാണ് അവൾ ഉടനെ ആരാധനയുടെ കാര്യം പറയുന്നത്. പാപം മാറാൻ ദേവാലയത്തിൽ പോയി ആരാധന കഴിച്ചാൽ മതിയെന്നാണ് അവൾ ധരിച്ചിരിക്കുന്നത്. പാപത്തിന്റെ പരിഹാരത്തിന് ദേവാലയത്തിൽ പോയി ആരാധിക്കുക എന്ന ഒരു ചടങ്ങ് നിർവ്വഹിക്കുക മാത്രമേ വേണ്ടൂ എന്നത്രേ ആ സ്ത്രീയുടെ ധാരണ.

ഏത് ദേവാലയത്തിലാണ് ഞാൻ പോകേണ്ടത് എന്ന്

അവൾ ചോദിക്കുന്നു.

> "യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കൻമാർ ഈ മലയിൽ നമസ്ക്കരിച്ചുവന്നു, നമസ്ക്കരിക്കേണ്ടുന്ന സ്ഥലം യരൂശലേമിൽ ആകുന്നു എന്ന് നിങ്ങൾ പറയുന്നു." 4 : 19-20

ശമര്യയിലെ ഗെരിസീം പർവ്വതത്തിൽ പണിതിരിക്കുന്ന ദേവാലയത്തിലാണ് ശമര്യർ ആരാധിക്കുന്നത്. ഗെരിസീം ഗിരിയിലാണ് അബ്രാഹാം യിസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ യാഗപീഠമൊരുക്കിയത് എന്ന് അവർ വിശ്വസിക്കുന്നു. ആ മലയിൽത്തന്നെയാണ് മൽക്കീസേദേക്ക് അബ്രാഹാമിന് പ്രത്യക്ഷപ്പെട്ടതും അബ്രാഹാം അവന് കാഴ്ചകൾ അർപ്പിച്ചതും എന്നാണ് ശമര്യരുടെ വിശ്വാസം.

മോശ പറഞ്ഞു :

> "വാഗ്ദത്തനാട്ടിലെത്തിയതിനുശേഷം നിങ്ങൾ ജോർദ്ദാൻ കടന്ന് നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് എത്തുന്ന ദിവസം നീ വലിയ കല്ലുകൾ നാട്ടി അവയ്ക്ക് കുമ്മായം തേയ്ക്കണം.... നീ ഈ ന്യായപ്രമാണത്തിന്റെ വചനങ്ങളെല്ലാം അവയിൽ എഴുതേണം. അവിടെ നിന്റെ ദൈവമായ യഹോവയ്ക്ക് കല്ലുകൊണ്ട് ഒരു യാഗപീഠം പണിയേണം.
>
> ആവർത്തന 27 : 1

യിസ്രായേൽ ജനത്തെ ഭരമേല്പിച്ചതനുസരിച്ച് അവർ കല്ലു നാട്ടിയത് ഗെരിസീം മലമേലാണെന്ന് ശമര്യർ വിശ്വസിക്കുന്നു.

അങ്ങനെ ശമര്യർ യഹൂദൻമാരോട് പക നിലനിറുത്തേണ്ടതിന്ന് ചരിത്രത്തെയും തിരുവെഴുത്തുകളെയും തങ്ങളുടെ ആശയത്തിനൊത്തവണ്ണം മാറ്റിമറിച്ച് യെരുശലേമിലെ

ദേവാലയമല്ല, ഗെരിസീം മലയിലെ ദേവാലയമാണ് ഏറ്റവും പുരാതനമെന്ന് സ്ഥാപിക്കുന്നു. എല്ലാ ശമര്യരെയുംപോലെ ഈ സ്ത്രീയും അപ്രകാരമുള്ള ഒരാശയം ഹൃദയത്തിൽ സ്ഥാപിച്ചാണ് വളർന്നുവന്നത്.

ഇപ്പോൾ അവളുടെ ചോദ്യം ദേവാലയത്തിൽ പോയി യാഗം അർപ്പിക്കുകയും ആരാധിക്കുകയും ചെയ്താലാണ് പാപത്തിന്ന് പ്രായശ്ചിത്തമാവുകയുള്ളൂ. അതിന് ഞാൻ ഇപ്പോൾ പോകേണ്ടത് യരുശലേമിലാണോ ഗരിസീം മലയലാണോ എന്നതാണ്.

യാഗം അർപ്പിച്ചാൽ പാപത്തിന് പരിഹാരമാകുമെന്നുള്ള ധാരണയിൽ യാഗം അർപ്പിക്കാൻ ഞാൻ സീയോൻ ഗിരിയിലാണോ ഗരിസീം മലയിലാണോ പോകേണ്ടത് എന്നുമാണ് സ്ത്രീ ഇവിടെ ചോദിക്കുന്നത്.

അപ്പോൾ യേശു പറഞ്ഞു.

> "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക. നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും അല്ല, യെരുശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു.... സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു.
>
> യോഹ 4 : 21-23

ഏതെങ്കിലും ഒരു സ്ഥലത്ത് ഒതുങ്ങിനിൽക്കുന്നതല്ല സത്യത്തിന്റെ ആരാധന. ഏതെങ്കിലും ഒരു സമുദായത്തിലോ സമൂഹത്തിലോ അത് ഒതുങ്ങിനിൽക്കുന്നില്ല. സത്യത്തിന്റെയും ആത്മാവിന്റെയും ആരാധന എവിടെയും ആകാം.

സെഫന്യാവ് ക്രിസ്തുവിന് എഴുന്നൂറ് വർഷം മുമ്പ് എഴുതി :

> "ജാതികളുടെ സകല ദ്വീപുകളും അതതു സ്ഥല

ത്തുനിന്ന് അവനെ നമസ്ക്കരിക്കും." 2 : 11

ബി.സി. അഞ്ചാം നൂറ്റാണ്ടിൽ മലാഖി പ്രവാചകൻ എഴുതി :

"സൂര്യന്റെ ഉദയം മുതൽ അസ്തമനം വരെ എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നു, എല്ലാടത്തും എന്റെ നാമത്തിന്നു ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചുവരുന്നു, എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നുവല്ലോ."
മലാഖി 1 : 11

സീയോനിലേക്കോ ഗരിസീം മലയിലേക്കോ പോയാൽ സത്യാരാധനയാവുകയില്ല. ആരാധന അർപ്പിക്കുന്ന സ്ഥലത്തിന്റെ മേൻമയല്ല, ആരാധന അർപ്പിക്കുന്ന മനുഷ്യന്റെ ആത്മാവത്രേ അത് സത്യാരാധനയാണോ എന്ന് നിർണ്ണയിക്കാനുള്ള മാനദണ്ഡം എന്നാണ് ക്രിസ്തു പറഞ്ഞതിന്റെ പൊരുൾ.

സീയോൻ, ഗരിസീം എന്നിവയെക്കുറിച്ചുള്ള വാദഗതികൾ തീരെ അപ്രസക്തമാണ്. സത്യമായും ദൈവത്തെ അന്വേഷിക്കുന്നവൻ എവിടെയും ദൈവത്തെ കണ്ടെത്തും.

ദൈവം ആത്മാവാകുന്നു. ആത്മാവ് ഏതെങ്കിലും ഒരു സ്ഥലത്ത് ഒതുങ്ങിക്കഴിയുന്നില്ല. ഏതെങ്കിലും ഒരു സ്ഥലത്തിന് പ്രാധാന്യം കൊടുത്താൽ അത് ആത്മാവാകുന്ന ദൈവത്തിന്റെ പ്രകൃതിക്ക് വിരുദ്ധമാകും. ഏതെങ്കിലും ഒരു വസ്തുവിലും സത്യാത്മാവ് ഒതുങ്ങിനിൽക്കുന്നില്ല. വസ്തുവിലും ഒരു സ്ഥലത്തിലും ഒതുങ്ങാത്ത ആത്മാവിന് ആരാധന അർപ്പിക്കുന്നത് ഏതെങ്കിലും ഒരു സ്ഥലത്തെയോ വസ്തുവിനെയോ കേന്ദ്രീകരിച്ചായാൽ അത് വിഗ്രഹാരാധനയാകും.

ദൈവം ആത്മാവാകുന്നു. മനുഷ്യൻ ദൈവത്തിനർപ്പിക്കുന്ന വഴിപാടുകൾ (Gifits) വാസ്തവത്തിൽ ആത്മാവിന്റെ

വരദാനങ്ങൾ ആയിരിക്കണം.

ആത്മാവിന്റെ പന്ത്രണ്ടു വരങ്ങളെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ 12, 13, 14 അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. ആത്മാവിന്റെ ഒൻപതു ഫലങ്ങളെക്കുറിച്ച് ഗലാതൃലേഖനം അഞ്ചിന്റെ ഇരുപത്തിരണ്ടിൽ അപ്പോസ്തലൻ രേഖപ്പെടുത്തുന്നുണ്ട്.

ആത്മാവിന്റെ വരങ്ങൾ - ഒന്ന്, ജ്ഞാനത്തിന്റെ വചനം, രണ്ട്, പരിജ്ഞാനത്തിന്റെ വചനം, മൂന്ന്, വിശ്വാസം, നാല്, രോഗശാന്തികളുടെ വരം, അഞ്ച്, വീര്യപ്രവൃത്തികളുടെ വരം, ആറ്, പ്രവചനവരം, ഏഴ്, ആത്മാക്കളുടെ വിവേചനം (Discernment), എട്ട്, പലവിധ ഭാഷകൾ, ഒൻപത്, ഭാഷകളുടെ വ്യാഖ്യാനം, പത്ത്, സഹായം ചെയ്‌വാനുള്ള വരം, പതിനൊന്ന്, പരിപാലനവരം, പന്ത്രണ്ട്, സ്നേഹം. (1 കൊരിന്ത്യർ 12, 13 അദ്ധ്യായങ്ങൾ.)

> "ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമത, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം."
>
> ഗലാതൃർ 5 : 22

> ആത്മാവിന്റെ വരങ്ങളിലും ഫലങ്ങളിലും പൊതുവായി കാണുന്നതാണ് സ്നേഹം. ഫലങ്ങളിൽ ഒന്നാമത്തേത് സ്നേഹം. വരങ്ങളിൽ അതിശ്രേഷ്ഠമായത് സ്നേഹം. 1 കൊരിന്ത്യർ 12 : 31

> നാം ആത്മവരങ്ങളെക്കുറിച്ച് വാഞ്ഛയുള്ളവരും ഫലസമൃദ്ധിയുള്ളവരുമായിരിക്കണം എന്ന് പൗലോസ് അപ്പോസ്തലൻ പ്രത്യേകം പ്രബോധിപ്പിക്കുന്നു. 1 കൊരി 14 : 12

സത്യാരാധന നമ്മെത്തന്നെ ദൈവസ്നേഹത്തിന്റെ തിരുമുമ്പിൽ സ്നേഹത്തോടെ അർപ്പണം ചെയ്യുന്നതാണ്.

അതിനെക്കുറിച്ചാണ് സങ്കീർത്തനം 50 : 5 –ൽ കാണുന്നത്.

“യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധൻമാരെ എന്റെ അടുക്കൽ കൂട്ടുവിൻ.”

സത്യാരാധന വിശുദ്ധിയുടെ ആരാധനയാണ്, സത്യാരാധന സ്നേഹത്തിന്റെ ആരാധനയാണ്. സത്യാരാധന ആത്മാവിന്റെ ആരാധനയാണ്. സത്യാരാധന പാപബോധത്തിന്റെയും അനുതാപത്തിന്റെയും പരിണതഫലമായ നന്ദിയുടെ സ്ത്രോത്രമാണ്. സത്യാരാധന കുറ്റബോധവും അനുതാപവും മാനസാന്തരത്തിലേക്ക് നടത്തുമ്പോൾ ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ആരാധനയാണ്.

ഒന്ന്, – കുറ്റബോധം – Conviction.

രണ്ട്, അനുതാപം – Contriction.

മൂന്ന്, – മാനസാന്തരം – Conversion

ശമര്യാസ്ത്രീക്ക് ഈ മൂന്നനുഭവങ്ങളും ലഭിച്ചു. അത് അവളെ സത്യാരാധനയിലേക്ക് നടത്തി.

ആരാധന സത്യത്തിന്റെയും ആത്മാവിന്റെയും ആരാധനയാകണമെങ്കിൽ അതിൽ മൂന്ന് ഘടകങ്ങളുണ്ടായിരിക്കണം.

അവ സ്നേഹം, നന്ദി, വിശുദ്ധി എന്നിവയാണ്. ദൈവത്തോടുള്ള സ്നേഹവും നന്ദിയും നിറയുമ്പോഴാണ് ആരാധന ഉണ്ടാകുന്നത്. ദൈവം എന്ത് എനിക്കു ചെയ്തു എന്ന് തിരിച്ചറിയുമ്പോഴാണ് സ്നേഹവും നന്ദിയും ഉണ്ടാകുന്നത്. എന്റെ പാപം എനിക്ക് ചൂണ്ടിക്കാണിച്ചു തരികമാത്രമല്ല, എനിക്ക് കുറ്റബോധവും അനുതാപവും തന്നു, പാപജീവിതത്തോട് യാത്ര പറയാനുള്ള ആഗ്രഹവും മനസ്സും എനിക്ക് തന്നു, എന്റെ പാപങ്ങളെ കഴുകിത്തന്നു,

പാപത്തിൽ നിന്ന് എനിക്ക് സ്വാതന്ത്ര്യവും തൻമൂലം നിത്യ ജീവന്റെ അവകാശവും എനിക്ക് തന്നു എന്നനുഭവിക്കു മ്പോഴാണ് എന്റെ ഹൃദയം നന്ദികൊണ്ടും സ്നേഹം കൊണ്ടും നിറയുന്നത്. അപ്പോഴാണ് സ്തുതിയും സ്തോത്രവും ഇടവിടാതെ കരേറ്റുവാൻ യോഗ്യനായിത്തീ രുന്നത്. അപ്പോഴാണ്, "നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ, ഞാൻ നിറുത്തരുതേ" എന്ന് പാടുന്നത്. അപ്പോ ഴാണ് "നിന്നെ സ്തുതിക്കുന്നതിൽ നിന്ന് മൗനമായിരി പ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും എനിക്ക് ഇടയാകരുതേ" എന്ന് പ്രാർത്ഥിച്ച പിതാക്കൻമാ രോട് ചേർന്ന് നാമും പ്രാർത്ഥിക്കുന്നത്.

അതാണ് വിശുദ്ധസ്തുതി. അതാണ് വിശുദ്ധിയുടെ സുഗ ന്ധധൂപം. അതാണ് വിശുദ്ധിയുടെ ആരാധന, അതാണ് സത്യത്തിന്റെയും ആത്മാവിന്റെയും ആരാധന.

ഹൃദയത്തിൽ പാപബോധം, അനുതാപം, മാനസാന്തരം – conviction, contrition, conversion എന്നിവ കൂടാതെയുള്ള ആരാധനയെ വ്യർത്ഥമായുള്ള കാഴ്ച എന്നാണ് ദൈവം വിളിക്കുന്നത്.

> "നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്കു എന്തിനു എന്നു യഹോവ അരുളി ചെയ്യു ന്നു; മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും തടി പ്പിച്ച മൃഗങ്ങളുടെ മേദസ്സും കൊണ്ട് എനിക്കു മതി വന്നിരിക്കുന്നു..... ഇനി നിങ്ങൾ വ്യർത്ഥമാ യുള്ള കാഴ്ച കൊണ്ടുവരരുത്, ധൂപം എനിക്കു വെറുപ്പാകുന്നു. നിങ്ങളുടെ അമാവാസ്യകളെയും ഉത്സവങ്ങളെയും (പെരുന്നാളുകളെ) ഞാൻ വെറു ക്കുന്നു. അവ എനിക്ക് അസഹ്യം. ഞാൻ അവ സഹിച്ച് മുഷിഞ്ഞിരിക്കുന്നു. നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണ് മറച്ചുകള യും. നിങ്ങൾ എത്രതന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളുടെ കൈ രക്തം

കൊണ്ടു നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകിവെടിപ്പാക്കുവിൻ, നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻമുമ്പിൽ നിന്ന് നീക്കിക്കളവിൻ. തിൻമ ചെയ്യുന്നത് മതിയാക്കുവിൻ, നൻമ ചെയ്‌വാൻ പഠിപ്പിൻ. ന്യായം അന്വേഷിപ്പിൻ."
യെശയ്യാവ് 1 : 11–17

വിശുദ്ധിയില്ലാതെ നടത്തുന്ന നമസ്ക്കാരങ്ങളും ആരാധനകളും ദൈവസന്നിധിയിൽ സ്വീകാരയോഗ്യമല്ല. മേലുള്ള ഊർശ്ലേം വാതിലുകൾക്കുള്ളിൽ ദൈവസിംഹാസനം അണയുന്നവയായിത്തീരുകയില്ല, വിശുദ്ധിയില്ലാത്ത ജീവിതത്തിന്റെ ആരാധനകളും നമസ്ക്കാരങ്ങളും വഴിപാടുകളും.

മാന്യ സ്നേഹിതാ, ജീവന്റെ ആരാധനയ്ക്ക് നിനക്ക് കൊതിയുണ്ടോ? സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ നിനക്ക് വാഞ്ഛയുണ്ടോ? വിശുദ്ധിയുടെ ആരാധന നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ നിന്റെ രഹസ്യജീവിതത്തിലെ പാപങ്ങളോടു യാത്ര പറയുക. നിന്റെ പാപം പോക്കാൻ ക്രൂശിൽ മരിച്ച ക്രിസ്തു നിനക്കുവേണ്ടി ചിന്തിയ തിരുരക്തത്താൽ നിന്നെ കഴുകാൻ നിന്റെ അരികത്തിതാ, നിൽക്കുന്നു. ക്രിസ്തുവിനോട് നീ പറയൂ.

"നാഥാ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും."

## ആറ്

"സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക, നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും അല്ല, യരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു." യോഹന്നാൻ 4 : 16

ശമര്യയിലെ കിണറിനരികിൽവെച്ച് ക്രിസ്തു ഒരു ശമര്യാസ്ത്രീയോട് സംസാരിക്കുകയാണ്. ജീവജലത്തെക്കുറിച്ചാണ് ക്രിസ്തു പറഞ്ഞുകൊണ്ടിരുന്നത്.

"ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കുകയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും."

നിത്യജീവൻ, ജീവനീരുറവ, ജീവജലം, ഒരുനാളും ദാഹിക്കാത്ത നിത്യജീവന്റെ ഉറവ എന്നെല്ലാം യേശുക്രിസ്തു പറയുന്നതിന്റെ പൊരുൾ ആ സ്ത്രീക്ക് തിരിയുന്നില്ല. അതുകൊണ്ടാണ് അവൾ യാചനാഭാവത്തിൽ ചോദിക്കുന്നത്.

"യജമാനനേ, എനിക്ക് ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടത്തോളം വരാതെയുമിരിക്കേണ്ടതിന്നു ആ വെള്ളം എനിക്കു തരേണം." 4 : 5

യേശു അവളോട് : "പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക" എന്നു പറഞ്ഞു.

"എനിക്ക് ഭർത്താവില്ല" എന്ന് ആ സ്ത്രീ യേശുവിനോട് ഉത്തരം പറഞ്ഞു.

ജീവജലം വേണമെങ്കിൽ അഗാധമായ പാപബോധം കൂടിയേ കഴിയൂ. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തിലേക്ക് മാത്രമേ ജീവജലം പകരാൻ സാധിക്കുകയുള്ളൂ.

"നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക" എന്ന വാക്യത്തിലൂടെ ക്രിസ്തു അവളുടെ ഹൃദയത്തിൽ അനുതാപവും തകർച്ചയും നൽകുവാൻ യത്നിക്കുകയായിരുന്നു. അവളുടെ മനസ്സാക്ഷിയെ തൊട്ടുണർത്തിയെങ്കിൽ മാത്രമേ അവൾക്ക് പാപബോധം ഉണ്ടാവുകയുള്ളൂ. അതുകൊണ്ടാണ് "നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക" എന്ന് അവളുടെ മനസ്സാക്ഷിയെ ചലിപ്പിക്കുമാറ് യേശു സംസാരിച്ചത്.

ഇന്നും അങ്ങനെതന്നെയാണ്. യേശുവിന്റെ വചനം നമ്മുടെ മനസ്സാക്ഷിയെ തൊടുന്നു. യേശുവിന്റെ വചനം നമ്മുടെ പാപം നമ്മെ ഓർമ്മപ്പെടുത്തുന്നു. യേശുവിന്റെ വചനം നമ്മുടെ രഹസ്യജീവിതത്തെ തുറന്നു കാണാൻ നമുക്കവസരം തരുന്നു. യേശുവിന്റെ വചനം നമ്മുടെ മറഞ്ഞിരിക്കുന്ന പാപങ്ങളെ വെളിപ്പെടുത്തുന്നു. യേശുവിന്റെ വചനം നമ്മുടെ നിഗൂഢഭാവങ്ങളെ ചൂണ്ടിക്കാണിച്ച് നമ്മെ തകർച്ചയിലേക്ക് നയിക്കുന്നു. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തിൽ മാത്രമേ ജീവജലം പകരുകയുള്ളൂ.

> നാഥാൻ പ്രവാചകന്റെ നാവിൽക്കൂടെ സംസാരിച്ച വചനം ദാവീദിന്റെ ഹൃദയത്തെ തകർത്ത് അനുതാപത്തിലേക്കും പാപബോധത്തിലേക്കും നയിച്ചു. 2 ശമൂവേൽ 12 : 1–13

ദാവീദ് ദൈവപുരുഷനായിരുന്നു. ദാവീദ് യഹോവയുടെ അഭിഷിക്തനായിരുന്നു. ദാവീദ് യിസ്രായേലിന്റെ മധുരഗായകനായിരുന്നു. ദാവീദ് ജീവനുള്ള ദൈവത്തിന്റെ കൃപ ലഭിച്ചവനായിരുന്നു. ദാവീദ് ദൈവം തെരഞ്ഞെടുത്ത രാജാവായിരുന്നു. ദാവീദ് ദൈവം വിളിച്ച് ആടുകളെ നോക്കുന്ന വേലയിൽ നിന്ന് രാജകീയ സിംഹാസനത്തിലിരുത്തിയ ഭാഗ്യശാലിയായിരുന്നു. എങ്കിലും ദാവീദ് പാപം ചെയ്തു. ഒരു വർഷത്തോളം പാപബോധമില്ലാതെ ദാവീദ് കഴിഞ്ഞു.

തന്റെ പ്രിയപ്പെട്ടവൻ നഷ്ടപ്പെടുവാൻ ദൈവം വിട്ടുകൊടുക്കുകയില്ലല്ലോ. ദൈവം തന്റെ മഹത്വമുള്ള വചനവുമായി നാഥാൻ പ്രവാചകനെ കൊട്ടാരത്തിലേയ്ക്കയച്ചു. നാഥാൻ ദാവീദിനോട് സംസാരിച്ചു.

ദാവീദിന്റെ പാപം വെളിപ്പെടുത്താതെ ആദ്യം മറപൊരുളായി നാഥാൻ സംസാരിച്ചു. അതുകൊണ്ട് ദാവീദിന്റെ മനസ്സാക്ഷിയിലേശുന്നില്ലെന്നു കണ്ടപ്പോൾ നാഥാൻ ദാവീദിന്റെ നേരെ വിരൽചൂണ്ടി, അയവില്ലാതെ ദൃഢസ്വരത്തിൽ പറഞ്ഞു :

> “(കഠിന പാപം ചെയ്ത) ആ മനുഷ്യൻ നീ തന്നെ. നീ യഹോവയുടെ കല്പന നിരസിച്ച് അവന് അനിഷ്ടമായുള്ളത് ചെയ്തതെന്തിന്? ഹിത്യനായ ഊരിയാവെ വാൾകൊണ്ട് വെട്ടി അവന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ടു എടുത്തു.”
> 2 ശമൂവേൽ 12 : 7-9

ഊരിയാവിനെ ദാവീദ് വെട്ടിയില്ല. ഊരിയാവ് മരിക്കുന്നിടത്ത് ദാവീദ് ഉണ്ടായിരുന്നില്ല. എന്നാൽ നിത്യനായ ദൈവം പറയുന്നു : “നീ ഹിത്യനായ ഊരിയാവെ വാൾകൊണ്ട് വെട്ടി” എന്ന്.

ദൈവം എല്ലാമറിയുന്നു. ദൈവം ഹൃദയം കാണുന്നു. ദൈവം ഓരോ വാക്കും കേൾക്കുന്നു. ദൈവം ഹൃദയ

ത്തിന്റെ നിഗൂഢോദ്ദേശങ്ങൾ അറിയുന്നു. ദൈവം ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു. അതോടെ ദാവീദിന് കുറ്റ ബോധവും പാപബോധവും ഉണ്ടാകുന്നു.

> ദാവീദ് പറഞ്ഞു : "ഞാൻ യഹോവയോടു പാപം ചെയ്തിരിക്കുന്നു." 12 : 13

സരപ്തയിലെ വിധവ ഏലിയാപ്രവാചകനോട് പറയുന്ന വാക്കുകൾ നോക്കൂ :

> "അയ്യോ, ദൈവപുരുഷനേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ പാപം ഓർപ്പിക്കേണ്ടതിന്നും എന്റെ മകനെ കൊല്ലേണ്ടതിന്നും ആകുന്നുവോ നീ എന്റെ അടുക്കൽ വന്നത്?"
>
> 1 രാജാക്കൻമാർ 17 : 18

പരിശുദ്ധാത്മനിറവുള്ള പ്രവാചകൻ അടുക്കൽ വന്ന പ്പോൾ സരപ്തയിലെ വിധവയ്ക്ക് കുറ്റബോധമുണ്ടായി. അവളുടെ മകൻ മരിച്ചുപോയി. ഭർത്താവ് മരിച്ചതിനുശേ ഷമുണ്ടായ മകനായിരുന്നു അവനെന്ന് ചില വേദപണ്ഡി തൻമാർ ചിന്തിക്കുന്നു. അവിഹിതബന്ധത്തിലുണ്ടായ മകൻ മരിച്ചപ്പോൾ അവൾക്ക് പാപബോധമുണ്ടായി. പ്രവാചകന്റെ പരിശുദ്ധ സാന്നിദ്ധ്യം അവൾക്ക് പാപബോധം നൽകി.

ശമര്യാസ്ത്രീയ്ക്ക് പാപബോധമുണ്ടായി. ദാവീദിന് പാപ ബോധമുണ്ടായി. സരപ്തയിലെ വിധവയ്ക്ക് പാപബോധ മുണ്ടായി.

പാപബോധം ലഭിച്ചതിന്റെ ഫലമായി പരിശുദ്ധാത്മാവിന്റെ കൃപ ലഭിച്ച ഒരു ദൈവപൈതലാണ് കടയിരുപ്പ് സിന്തൈറ്റ് ഇൻഡസ്ട്രീസിലെ അസി. ജനറൽ മാനേജരായ ശ്രീ. എൻ. റ്റി. ജോർജ്ജ്.

ജോർജ്ജിന്റെ ജീവിതത്തിലുണ്ടായ അനുഭവങ്ങൾ ജോർജ്ജ് പറയുന്നതിപ്രകാരമാണ്.

ഞാൻ വലമ്പൂർ സെ. മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. ഒരു സാധാരണ കർഷക കുടുംബത്തി ലാണ് ഞാൻ ജനിച്ചത്. എനിക്ക് എട്ടു വയസ്സുള്ളപ്പോൾ എന്റെ അപ്പൻ ഒരപകടത്തിൽപ്പെട്ടു മരിച്ചു. അന്ന് എന്റെ അമ്മ പൂർണ്ണ ഗർഭിണിയായിരുന്നു. ഞങ്ങൾ ഏഴു മക്കൾ.

അപ്പന്റെ മരണത്തോടെ അനാഥമായിപ്പോകുമായിരുന്ന കുടുംബം അനാഥമാകാതെ കാത്തത് അപ്പന്റെ അനുജ നായ ശ്രീ. എൻ. റ്റി. അബ്രാഹാമാണ്. ഞങ്ങൾ അപ്പച്ചൻ എന്നു വിളിക്കുന്ന ആ ശ്രേഷ്ഠ ദൈവദാസനെ ദൈവം ഞങ്ങൾക്കുവേണ്ടി ഉപയോഗിച്ചു. അവിടെയും ഉണ്ട് എട്ടു മക്കൾ. ഞങ്ങൾ പതിനഞ്ചുപേരെയും അപ്പച്ചൻ വളർത്തി, ഞങ്ങളെ പഠിപ്പിച്ചു. എനിക്ക് കേരള യൂണിവേഴ്സിറ്റിയുടെ റാങ്കുണ്ട് മെക്കാനിക്കൽ എഞ്ചിനീയറിങ് ഡിഗ്രിക്ക്.

രണ്ടുനേരവും നമസ്ക്കാരം, പള്ളിയാരാധന, നോമ്പ് മുതലായ കാര്യങ്ങളിൽ വളരെ ചിട്ടയുള്ള ജീവിതമാണ് ഞങ്ങളുടേത്. അപ്പന്റെ മരണത്തിനുശേഷം ഒരു വലിയ മ്ലാനതയും ശൂന്യതയും എന്റെ ഹൃദയത്തിലുണ്ടായിരുന്നു. ദുഃഖത്തിലും കണ്ണുനീരിലുമാണ് ഞാൻ വളർന്നത്. എനി ക്കാരുമില്ല, എന്നെ ആരും സ്നേഹിക്കുന്നില്ല എന്നിങ്ങനെ യുള്ള ചില തോന്നലുകൾ എനിക്കുണ്ടായി.

എന്നാൽ 1973-ൽ ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോ ഷിപ്പിന്റെ ഒരു യോഗത്തിൽ പങ്കെടുത്തു. അപ്പോൾ വചനം എന്റെ ഹൃദയത്തെ തൊട്ടു. ഞാൻ പുറമെ നല്ലവനായി നട ക്കുന്നുവെങ്കിലും എന്റെ ഹൃദയം നിറയെ നിരാശ, പിണ ക്കം, കോപം, അശുദ്ധചിന്തകൾ, മ്ലേച്ഛമായ ആഗ്രഹങ്ങൾ മുതലായവയുണ്ടെന്നും ആ പാപങ്ങൾ ഉള്ളിലുള്ളതുകൊ ണ്ടാണ് സമാധാനമില്ലാത്തതെന്നും എനിക്ക് മനസ്സിലായി. അന്ന് ഞാൻ എന്റെ ഹൃദയം കർത്താവിന് കൊടുത്തു. വലിയോരു ശാന്തിയും സമാധാനവും ഞാനനുഭവിച്ചു.

അപ്പച്ചനും ഞങ്ങളെല്ലാവരും ബിസിനസ്സിൽ പ്രവേശി

ച്ചു. കോൺട്രാക്റ്റിൽ ഞങ്ങളെ വളരെ വളർന്നു. ഒരു സമയത്ത് പതിനൊന്ന് ലോറിയും ഒരു കാറും രണ്ടു മോട്ടോർ സൈക്കിളും ഞങ്ങൾക്ക് സ്വന്തമായുണ്ടായിരുന്നു. ധാരാളം പണം, നല്ല പ്രതാപം, നല്ല പേരും പ്രശസ്തിയും. അങ്ങനെ പത്തു വർഷത്തോളം ഞങ്ങൾ ഭൗതികമായി വളരെ ഉയർച്ചയിലായിരുന്നു.

എന്നാൽ പെട്ടെന്ന് ബിസിനസ്സ് തകർന്നു. അവിഹിത മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കുകയില്ല എന്ന നിർബ്ബന്ധം അപ്പച്ചനും ഞങ്ങൾക്കുമുണ്ടായിരുന്നു. വലിയ നഷ്ടം വന്നു. വലിയ കടവുമായി. വാഹനങ്ങളും ഭൂമിയും എല്ലാം വിറ്റ് കടം തീർത്തു.

ഒരു വലിയ പ്രതിസന്ധിയിലായ സമയമായിരുന്നു അത്. മുന്നോട്ടുള്ള വഴി അടഞ്ഞു. പുരോഗതിയുടെ വാതിലെല്ലാം അടഞ്ഞു. എങ്കിലും ദൈവം ഞങ്ങളെ കൈവിട്ടില്ല. ഞങ്ങളുടെ എല്ലാവരുടെയും വിവാഹങ്ങൾ നടന്നു. എഞ്ചിനീയറിങ് ഡിഗ്രി കഴിഞ്ഞ് പതിന്നാലു വർഷം കഴിഞ്ഞതുകൊണ്ട് ഒരു ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയെല്ലാം അറ്റിരുന്ന സമയത്ത് എനിക്ക് സിന്തൈറ്റ് ഇൻഡസ്ട്രീസിൽ ജോലി കിട്ടി. ഇന്ന് ഞാനവിടത്തെ അസി. ജനറൽ മാനേജരാണ്?

എനിക്ക് മൂന്നു മക്കളുണ്ട്. എന്റെ ഇളയ മകൻ ഏഴാം മാസത്തിലാണ് ജനിച്ചത്. അവനെ Incubator-ൽ വെച്ചിരുന്നപ്പോൾ പാൽ കൊടുത്ത സയമം അത് Lungs-ൽ പോയി. കുഞ്ഞ് മരിച്ചു എന്നു വിചാരിച്ചു. പക്ഷേ, കർത്താവ് അത്ഭുതം പ്രവർത്തിച്ചു. ദൈവം ആയുസ്സ് നീട്ടിത്തന്നു.

എന്നാൽ വളർന്നുവന്നതോടെ ഒരു കാര്യം ഞങ്ങൾക്ക് മനസ്സിലായി. കുഞ്ഞു നടക്കുന്നില്ല. പല ഡോക്ടർമാരും നോക്കി. ഒടുവിൽ ഡോക്ടർമാർ പറഞ്ഞു : "ഇത് cerebral falacy-യുടെ ലക്ഷണമാണ്. ഇതിന് ചികിത്സിക്കുവാൻ വൈദ്യശാസ്ത്രം വളർന്നിട്ടില്ല.

ഹോമിയോ, മർമ്മാണി, ആയുർവ്വേദം, തിരുമ്മൽ - ഇങ്ങനെ അനേകം ചികിത്സകൾ ചെയ്തു. നാലു വയസ്സായി. എല്ലാ ആശയും അറ്റു. ഞങ്ങളുടെ വേദന ഫെല്ലോഷിപ്പിലെ ദൈവമക്കളുടെ എല്ലാവരുടെയും ഒരു വേദനാവിഷയമായി. എല്ലാവരും പ്രാർത്ഥിച്ചു.

ഒരു ദിവസം ഫെല്ലോഷിപ്പിലെ ദൈവമക്കൾ ഞങ്ങളുടെ വീട്ടിൽ വന്ന് പ്രാർത്ഥിച്ചു. "യിസ്രായേൽ ജനത്തിന് ചെങ്കടലിൽ പെരുവഴി ഒരുക്കിയവൻ ഈ വിഷയത്തിൽ ഒരു പരിഹാരം തരും" എന്ന് സാർ അന്ന് പറഞ്ഞകാര്യം ഞാനിന്നും ഓർക്കുന്നു. ദൈവം അത്ഭുതം പ്രവർത്തിച്ചു.

ഒരു ദിവസം ഞാൻ ഓഫീസിൽ നിന്ന് വരുമ്പോൾ മോൻ എന്റെ നേരെ നടന്നുവരുന്നു! ഞാൻ ദൈവത്തെ മതിമറന്ന് സ്തുതിച്ചു. പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ജീവിക്കുന്നു എന്ന് ഞാൻ നേരിട്ടനുഭവിച്ചു.

ആഴമേറിയ ക്രിസ്തീയ അനുഭവത്തിലേക്ക് കർത്താവ് എന്നെ നടത്തുന്നു. ദിനംപ്രതി പാപബോധവും കുറ്റബോധവും എനിക്ക് ലഭിക്കുന്നു. ഹൃദയപാപങ്ങൾ ഇനിയും അനേകമനേകമുണ്ടെന്നും അവയും പൂർണ്ണമായും മാറി ഞാനൊരു വിശുദ്ധനായെങ്കിലേ എന്നെ വീണ്ടെടുത്ത എന്റെ കർത്താവിന് ആശ്വാസമാവുകയുള്ളൂ എന്നും ഞാൻ നന്നായി അറിയുന്നു.

ഇന്ന് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വളരെ ഉത്സാഹത്തോടെ സുവിശേഷവേലയിൽ മുഴുകി ഞാൻ കഴിയുകയാണ്. സ്തോത്രം.

പ്രിയപ്പെട്ട ജോർജ്ജിന്റെ അനുഭവം നിങ്ങൾ കേട്ടല്ലോ. പാപബോധം തന്ന്, ശുദ്ധീകരിച്ച്, നടത്തുന്ന ദൈവം.

സ്നേഹിതാ, ആ ദൈവമാണ് നിന്റെ അരികത്ത് ഇപ്പോൾ നിന്നുകൊണ്ട് നിന്നോടിടപെടുന്നത്. നിന്റെ ഹൃദയം ഒന്നു തുറക്കുമോ? നിന്റെ രഹസ്യജീവിതം അവന്റെ മുമ്പിൽ

തുറക്കുമോ? പാപബോധത്തോടെ പശ്ചാത്താപത്തോടെ ക്രിസ്തുവിനോട് ഒരു വാക്ക് നീ പറയുമോ? നാഥാ, ഇന്നുവരെ ഹൃദയം കല്ലിച്ചവനായി ഞാനിരുന്നു. എനിക്കൊരു കുറ്റബോധവുമില്ലായിരുന്നു. ഇപ്പോൾ ഞാൻ ഒരു പാപിയാണെന്ന് ഏറ്റുപറഞ്ഞുകൊണ്ട്, എന്റെ സകല പാപങ്ങളോടും യാത്രപറഞ്ഞുകൊണ്ട്, ഞാനിതാ വരുന്നു. എന്നെ നീ കൈക്കൊള്ളണമേ. എന്നെ നിന്റെ തിരുരക്തത്താൽ കഴുകണമേ. ഇന്നുമുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

തീരുമാനിക്കുക. പ്രാർത്ഥിക്കുക.

## ഏഴ്

യേശു അവളോട് : "പോയി ഭർത്താവിനെ വിളി ച്ചുകൊണ്ടുവരിക" എന്നുപറഞ്ഞു. യോഹ 4 : 16

യേശുക്രിസ്തു ശമര്യാസ്ത്രീക്ക് പാപബോധം നൽകുവാനും തൻമൂലം നിത്യജീവനിലേക്ക് അവളെ നടത്തുവാനും സംസാരിക്കുകയാണ്.

"എനിക്ക് ഭർത്താവില്ല" എന്നാണ് സ്ത്രീ പറഞ്ഞത്. വളരെ ചുരുങ്ങിയ വാക്കുകൾ. കാരണം, "ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക" എന്ന് കേട്ടതോടെ അവളുടെ മനസ്സാക്ഷിയിൽ കുത്തുകൊണ്ടു. അവൾക്ക് കുറ്റബോധമുണ്ടായി.

അവൾ മിണ്ടടങ്ങിപ്പോയി. അതുകൊണ്ടാണ് "എനിക്ക് ഭർത്താവില്ല" എന്നുവളരെ ചുരുക്കം വാക്കുകളിൽ അവൾ മറുപടി പറഞ്ഞത്.

ഉടനെ ക്രിസ്തു പറഞ്ഞു :

"എനിക്ക് ഭർത്താവില്ല എന്ന് നീ പറഞ്ഞത് ശരി, അഞ്ചു ഭർത്താക്കൻമാർ നിനക്കുണ്ടായിരുന്നു, ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല, നീ പറഞ്ഞത് സത്യം തന്നേ." 4 : 17-18

ഇത്രയും കേട്ടപ്പോൾ അവൾ വളരെ തന്ത്രപൂർവ്വം പറയുകയാണ് :

യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കൻമാർ ഈ മലയിൽ നമസ്ക്കരിച്ചുവന്നു, നമസ്ക്കരിക്കേണ്ടുന്ന സ്ഥലം യരുശലേമിൽ ആകുന്നു എന്ന് നിങ്ങൾ പറയുന്നു."

ആറു പുരുഷൻമാരുമായി ബന്ധം പുലർത്തിയ സ്ത്രീയും പറയുന്നത്, പിതാക്കൻമാരെക്കുറിച്ചാണ്, പിതാക്കൻമാരുടെ ആരാധനയെക്കുറിച്ചാണ്. പിതാക്കൻമാരുടെ നമസ്ക്കാരത്തെക്കുറിച്ചാണ്, പിതാക്കൻമാരുടെ നമസ്ക്കാര സ്ഥലത്തെക്കുറിച്ചാണ്, പിതാക്കൻമാരുടെ പാരമ്പര്യത്തെപ്പറ്റിയാണ്.

എത്ര ഭയങ്കരമായ ഒരവസ്ഥയാണിത്! "ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ?" എന്ന് ചോദിക്കുന്ന സ്ത്രീ പിതാവിന്റെ പാരമ്പര്യത്തിൽ പുകഴുന്നവളാണ്. പിതാക്കൻമാരുടെ പാരമ്പര്യത്തിൽ പുകഴുകയും അഭിമാനിക്കുകയും ചെയ്യുന്നവളുടെ ജീവിതമോ? ഏറ്റവും ഭയാനകമായ അശുദ്ധിയിൽ. ആറു പുരുഷൻമാരുമായി ഏറ്റവും അഴുക്കായ ബന്ധത്തിൽ ജീവിക്കുന്നവൾ. ഭർത്താവല്ലാത്ത ആറു ഭർത്താക്കൻമാരോട് ബന്ധപ്പെട്ടു ജീവിക്കുന്നവൾ. വസ്ത്രം മാറുന്നതുപോലെ ഭർത്താക്കൻമാരെ മാറുന്നവൾ.

പുറമേ അഭിമാനം കൊട്ടിഘോഷിക്കുന്നു. എന്നാൽ അകമെയോ, എല്ലാ അഴുക്കും അഴിമതിയും വൃത്തികേടും വെച്ചു പുലർത്തുന്നു!

ഇതുകൊണ്ടല്ലേ, ആദരണീയനായ പ്രസിഡണ്ട് ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞത് :

"Christians are oridinary people with extraordinary claims"– എന്ന്.

“അസാധാരണമായ അവകാശവാദങ്ങളുള്ള സാധാരണ ക്കാരായ ആളുകളാണ് ക്രിസ്ത്യാനികൾ.” ശരിയല്ലേ? പാര മ്പര്യത്തിന്റെ മികവിൽ പ്രശംസിക്കുന്നു. ജീവിതം പൈതൃ കപാരമ്പര്യത്തിൽ നിന്ന് ഏറ്റവും ദൂരെ!

പണ്ട്, മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന ഡോ. കൈലാസനാഥഖഡ്ജു പറഞ്ഞു എന്ന് കേട്ടിട്ടുണ്ട്. വിദേശ മിഷ്യണറിമാരെ ഇന്ത്യയിൽ നിന്ന് ബഹിഷ്ക്കരിക്കണം എന്ന്. അവർ മതപരിവർത്തനം പ്രോത്സാഹിപ്പിക്കുന്നു എന്ന്.

രാഷ്ട്രീയരംഗത്തെ പ്രമുഖ വ്യക്തികൾ ചേർന്നിരുന്ന ആ സദസ്സിൽവച്ച് മഹാത്മാഗാന്ധി പറഞ്ഞുപോലും.

“ഇന്ത്യയിൽ മതപരിവർത്തനത്തെക്കുറിച്ച് ആരും വേവ ലാതിപ്പെടേണ്ട. കാരണം ഇന്ത്യയുടെ തെക്കേ അറ്റത്ത് കേരളം എന്ന ഒരു സംസ്ഥാനമുണ്ട്. അവിടെയുള്ള ക്രിസ്ത്യാനികളെക്കണ്ടാൽ പിന്നെ ആർക്കും ക്രിസ്ത്യാനി ആകണമെന്ന് തോന്നുകയില്ല.”

സ്നേഹിതരേ, നാം ഉള്ളുനൊന്ത് ചിന്തിക്കേണ്ട ഒരു കാര്യമാണിത്. പിതാക്കൻമാരുടെ പാരമ്പര്യത്തെക്കുറിച്ച് പ്രകീർത്തിക്കും. പിതാക്കൻമാർ പഠിപ്പിക്കുകയും അനുകര ണമാതൃക കാട്ടിത്തരികയും ചെയ്ത ജീവിതവിശുദ്ധി കൈമോശം വരികയും ചെയ്യുന്നു. സ്നേഹം, വിനയം, ലാളിത്യം, ഐക്യം, വിട്ടുവീഴ്ചാമനോഭാവം, ക്ഷമാശീലം, പ്രതിപക്ഷബഹുമാനം, ആരെയും തരം താഴ്ത്താതിരിക്കു ക, രഹസ്യ ജീവിതവിശുദ്ധി (sanctity), സാൻമാർഗ്ഗികത്വം (morality), നിസ്വാർത്ഥത, അഹങ്കാരമില്ലായ്മ, ദ്രവ്യാഗ്രഹമി ല്ലായ്മ മുതലായ സദ്ഗുണങ്ങൾ പിതാക്കൻമാരുടെ സ്വത്താ യിരുന്നു. ജീവിതവിശുദ്ധിയായിരുന്നു പിതാക്കൻമാരുടെ വിശ്വാസം. പൂർവ്വീക പിതാക്കൻമാരുടെ ഈദൃശവിശ്വാസ ത്തിലാണോ ഇന്ന് നാം നിലകൊള്ളുന്നത്?

പ്രകടമായും വ്യക്തമായും അശുദ്ധജീവിതം നയിക്കുന്ന ആ സ്ത്രീ പറയുകയാണ്.

ഞങ്ങളുടെ പിതാക്കൻമാർ ഈ മലയിൽ നമസ്ക്ക രിച്ചുവന്നു. നമസ്ക്കരിക്കേണ്ടുന്ന സ്ഥലം യരുശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു.

യഹൂദൻമാരുടെയും ശമര്യരുടെയും ആരാധനാസ്ഥ ലത്തെക്കുറിച്ചാണ് അവൾ പറയുന്നത്. ആരാധനയ്ക്കു യോഗ്യനായവനെ തീർത്തും അവഗണിച്ചും പരിത്യജിച്ചും ജീവിക്കുന്നവൾ പറയുന്നത് നമസ്ക്കാരക്രമങ്ങളെപ്പറ്റിയും നമസ്ക്കാരസ്ഥലങ്ങളെപ്പറ്റിയുമാണ്! യഹൂദമതത്തിലെയും ശമര്യവിഭാഗത്തിലെയും ആരാധനാസ്ഥലങ്ങളിൽ ഏതാണ് സത്യമായത് എന്നാണ് അവൾക്കറിയേണ്ടത്! അവളുടെ ആരാധനാസ്ഥലമായ ഗെരിസീം ആണ് സത്യ ആരാധനാ കേന്ദ്രം എന്ന് സ്ഥാപിച്ചു കിട്ടുവാനാണ് അവൾ യത്നി ക്കുന്നത്!

സ്നേഹിതരേ, ചില സ്ഥലങ്ങൾക്കും ചില സിംഹാസന ങ്ങൾക്കും പ്രാധാന്യം കൊടുത്ത് സത്യദൈവം ദുഃഖിക്കുന്നു എന്നു ചിന്തിക്കാതെ, ക്രിസ്തുവിനെ ക്രൂശിക്കുന്ന എത്രയോ ആളുകൾ ഇന്ന് ക്രിസ്തീയ സമൂഹത്തിലുണ്ട്! അവർ ഏതെ ങ്കിലും കക്ഷിയുടെയോ, ആശയഗതിയുടെയോ വക്താക്ക ളായി, നല്ല മതതീക്ഷ്ണതയുള്ളവരെന്ന് അഭിമാനിക്കുന്നവ രായിരിക്കും.

ഒന്നാം നൂറ്റാണ്ടിൽ കൊരിന്ത്യസഭയിൽ ഈ കക്ഷി സ്പർദ്ധയുണ്ടായിരുന്നു. ആത്മീയത്തിന്റെ മുഖംമൂടിയ ണിഞ്ഞ് കാണപ്പെടുന്ന കക്ഷിവൈരാഗ്യങ്ങൾ.

> “നിങ്ങളിൽ ഓരോരുത്തൻ : ഞാൻ പൗലോ സിന്റെ പക്ഷക്കാരൻ, ഞാൻ അപ്പല്ലോസിന്റെ പക്ഷ ക്കാരൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ, ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ എന്നിങ്ങനെ പറയു

ന്നുപോൽ. ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ?"
1 കൊരിന്ത്യർ 1 : 12

"ഒരുത്തൻ : ഞാൻ പൗലോസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ : ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ? അപ്പൊല്ലോസ് ആർ? പൗലോസ് ആർ? തങ്ങൾക്കു കർത്താവു നൽകിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രേ. ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല."
1 കൊരിന്ത്യർ 3 : 4-8

സഭാസംബന്ധമായും സമുദായസംബന്ധമായും ഉപദേശസംബന്ധമായും തർക്കവിതർക്കങ്ങളും പരസ്പര വൈരാഗ്യങ്ങളും പുലർത്തുന്നത് എത്രയോ മൗഢ്യമാണ്!

ശമര്യാസ്ത്രീ അവളുടെ സ്വന്തപാപത്തിലേക്ക് നോക്കാതെ യഹൂദൻമാരുടെയും ശമര്യരുടെയും ആരാധനാരീതിയെക്കുറിച്ചും ആരാധനാസ്ഥലത്തെക്കുറിച്ചും പിതാക്കൻമാരുടെ ആരാധനയെക്കുറിച്ചും സംസാരിക്കുകയാണ്. സ്വന്തം പാപത്തെ അഭിമുഖീകരിക്കുന്നതിനെക്കാൾ എത്രയോ എളുപ്പമാണ് മതങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നത്! പാപത്തെ വിട്ടുപിരിയുന്നതിനെക്കാൾ എത്ര എളുപ്പമാണ് നമസ്ക്കാരത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും സംസാരിക്കുന്നത്!

എന്നാൽ ക്രിസ്തു അവളുടെ വാക്കുകൾ തുടരാൻ സമ്മതിച്ചില്ല. ക്രിസ്തു അവളുടെ ആത്മീയാജ്ഞത വെളിപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയാണ് :

"സ്ത്രീയേ എന്റെ വാക്കു വിശ്വസിക്ക, നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും

> അല്ല, യരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു, ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു.” 4 : 21-22.

ആരെയാണ് ആരാധിക്കേണ്ടത്, എവിടെയാണ് ആരാധിക്കേണ്ടത്, എങ്ങനെയാണ് ആരാധിക്കേണ്ടത് ഇവയെക്കുറിച്ചൊന്നും അവൾക്ക് അറിഞ്ഞുകൂടാ എന്നാണ് കർത്താവ് പറയുന്നത്. എല്ലാ മതങ്ങളും ദൈവതിരുമുമ്പിൽ ഒരുപോലെ സ്വീകാര്യയോഗ്യമാകണമെന്നില്ല. ചില ആരാധകർ അജ്ഞതകൊണ്ടും അവിശ്വാസംകൊണ്ടും പ്രവർത്തിക്കുന്നു.

പാപം വിടാതെ അജ്ഞതയിലും അവിശ്വാസത്തിലും ബന്ധിക്കപ്പെട്ടു കിടക്കുന്ന എത്രയോ ആളുകളുണ്ട്. അവരെ സത്യവിശ്വാസത്തിലേക്കും സത്യപരിജ്ഞാനത്തിലേക്കും തുടർന്ന് സത്യാരാധനയിലേക്കും നടത്തുവാനാണ് കരുണയുള്ള കർത്താവ് ഇന്ന് അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നത്.

മാന്യ സ്നേഹിതാ, നിന്റെ ജീവിതത്തിലെ രഹസ്യപാപങ്ങൾ ഉപേക്ഷിക്കാതെയാണോ നീ ഇന്ന് നമസ്ക്കരിക്കുന്നത്? ഭക്തിപരമായ ചില പ്രാർത്ഥനകളും നമസ്ക്കാരങ്ങളും കേവലം ചടങ്ങായി ആചരിക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവുകയില്ല. അത് സത്യത്തിലും ആത്മാവിലും ഉള്ള ആരാധന ആവുകയില്ല. പാപത്തെ ഉപേക്ഷിച്ച് ഒരു വിശുദ്ധ ജീവിതം നയിക്കാൻ, പ്രിയനേ, നീ തീരുമാനിച്ചാൽ ആത്മാവിന്റെ ആരാധന നിനക്ക് ലഭിക്കും. അങ്ങനെ നിത്യപരിശുദ്ധനായ ദൈവത്തെ ആത്മാവിൽ ആരാധിച്ച് മഹത്വപ്പെടുത്തുവാൻ തക്കവണ്ണം ഒരു സജീവ ബന്ധം ദൈവത്തോട് നിനക്കുണ്ടാകും.

പാപം ജീവിതത്തിൽ ഉണ്ടായിരുന്നെങ്കിലും ആ സ്ത്രീക്ക് ഒരു കാര്യം നല്ല വിശ്വാസമായിരുന്നു. മിശിഹാ വരുമെന്നും ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുമെന്നും അവൾക്കറിയാമായിരുന്നു. ഈ സത്യം അവൾ അറിഞ്ഞത്

എങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ ഒരു വിത്തു പോലെ ഈ വിശ്വാസം അവളുടെ ഹൃദയത്തിൽ കിടന്നി രുന്നതുകൊണ്ട് ഇപ്പോൾ അത് മുളയെടുക്കാൻ തക്ക സന്ദർഭം കരഗതമായി.

ക്രിസ്തു പറഞ്ഞു.

"നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മിശീഹ." (I that speak to thee, I am.)

ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തുകയാണ്. കർത്താ വിന്റെ വിസ്താരത്തിനു മുമ്പ് താൻ മിശീഹായാണെന്ന് സ്വയം വെളിപ്പെടുത്തുന്ന ഒരേയൊരു സന്ദർഭമാണിത്. ഒരു പാപിയെ വീണ്ടെടുത്ത് ആത്മാവിന്റെ ആരാധന നൽകാൻ ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തും.

ക്രിസ്തുവിനെ വെളിപ്പെട്ടു കിട്ടുന്നത് ഒരു ഭാഗ്യമാണ്. അത് ഒരു വലിയ കൃപയാണ്. കർത്താവ് തന്നെ ഒരിക്കൽ പറഞ്ഞു :

> "പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താ വായുള്ളോവേ, നീ ഇത് ജ്ഞാനികൾക്കും വിവേ കികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തി യതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത്." മത്തായി 11 : 25-26

"നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മിശീഹ" എന്ന് ക്രിസ്തു പറഞ്ഞപ്പോൾത്തന്നെ ആ സ്ത്രീ വിശ്വസി ച്ചു, മാനസാന്തരപ്പെട്ടു - conversion

ക്രിസ്തുവിനെ വെളിപ്പെട്ടു കിട്ടിയാൽ ഉടനെ വിശ്വാ സവും മാനസാന്തരവും ലഭിക്കും.

സെ.പോൾ പറഞ്ഞു :

"എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന്നു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചു."

ഗലാത്യർ 1 : 15–16

പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, ക്രിസ്തുവിനെ നിനക്ക് വെളിപ്പെട്ടു കിട്ടിയിട്ടുണ്ടോ? ക്രിസ്തു ആരാണെന്നറിയാൻ നിനക്ക് അകക്കണ്ണ് തുറന്നു കിട്ടിയിട്ടുണ്ടോ? ക്രിസ്തുവിനെ തിരിച്ചറിയാൻ നിനക്ക് സുബോധം ലഭിച്ചിട്ടുണ്ടോ?

എങ്കിൽ, നിനക്ക് ഭാഗ്യം ലഭിച്ചിരിക്കയാണ്. നിന്റെ ജീവിതത്തിൽ സൗഭാഗ്യം ആരംഭിച്ചിരിക്കയാണ്.

മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം ക്രിസ്തുവിനെ അറിയുക എന്നതാണ്. ക്രിസ്തുവിനെ അറിഞ്ഞ് ഒരു മാനസാന്തര ജീവിതത്തിലേക്കും വിശ്വാസത്തിലേക്കും വരുന്നതാണ് ആ മഹാഭാഗ്യം. ഈ ഭാഗ്യം, സ്നേഹിതാ, നിനക്ക് വേണമോ?

എങ്കിൽ നിന്റെ അരികത്ത് നിൽക്കുന്ന ക്രിസ്തുവിനോട് നീ പറയൂ : നാഥാ, എനിക്കുവേണ്ടി നിന്നെത്തന്നെ തന്നതിനാൽ ഞാനിതാ, എന്നെത്തന്നെ നിനക്കായി വേർതിരിക്കുന്നു.

## എട്ട്

"ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ." യോഹ 4 : 29

ഒരിക്കൽ ഒരു അമ്മയും മകളുംകൂടി സി.എച്ച്. സ്പർജന്റെ സുവിശേഷപ്രസംഗം കേൾക്കുകയായിരുന്നു. പ്രസംഗം അവസാനിക്കാറായപ്പോൾ മകൾ അമ്മയോട് വളരെ മന്ദസ്വരത്തിൽ ചോദിച്ചു : "അമ്മേ, നമ്മുടെ വീട്ടിൽ നടക്കുന്ന സകല കാര്യങ്ങളും ഈ പ്രസംഗകൻ അറിഞ്ഞതെങ്ങനെയാണ്?

വീട്ടിൽ നടക്കുന്ന സകല കാര്യങ്ങളും അറിയുന്നവനാണ് ക്രിസ്തു. അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു.

ശമര്യാസ്ത്രീയുടെ ജീവിതം മുഴുവനായി ക്രിസ്തു അറിഞ്ഞ്, പറഞ്ഞത് അവളെ കുറ്റബോധമുള്ളവളാക്കിത്തീർക്കാനാണ്. കുറ്റബോധമുള്ളവളാക്കി അവളെ ലജ്ജിപ്പിക്കാനോ, തരം താഴ്ത്താനോ അല്ല, അവളെ ആത്മാവിൽ ഉദ്ധരിക്കാനാണ്. അവളുടെ നിത്യനിന്ദ മാറ്റാനാണ്, അവളുടെ നിത്യലജ്ജ ഒഴിവാക്കാനാണ്. അവളുടെ പാപക്കറകൾ കഴുകി അവളെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റാനാണ്.

ഒന്ന്, അവൾക്ക് conviction - പാപബോധം ഉണ്ടായി, രണ്ട് അവൾക്ക് contriction - അനുതാപം ഉണ്ടായി, മൂന്ന്, അവൾക്ക് conversion - മാനസാന്തരം ഉണ്ടായി, നാല്, അവൾക്ക് commission - ലഭിച്ചു, അവൾക്ക് നിയോഗം ലഭിച്ചു. ദൈവവേലയ്ക്കു വേണ്ടിയുള്ള പ്രേരണ ഉണ്ടായി, ക്രിസ്തുവിനെ സാക്ഷിക്കാനുള്ള ദാഹമുണ്ടായി - commission.

സ്ത്രീ പാത്രം കിണറിൻകരയിൽ വെച്ചിട്ട് പട്ടണത്തിലേക്ക് ചെന്ന് പറഞ്ഞു :

"ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ."

അവൾ പാത്രം അവിടെ വെച്ചിട്ടാണ് പോയത്. ഒരു വ്യക്തമായ ദൈവികനിയോഗം പ്രാപിച്ച് നാം പോകുമ്പോൾ നമ്മുടെ ജീവിതത്തിലെ സകല കാര്യങ്ങളും മറക്കും. അവൾ വെള്ളം കോരുവാൻ വന്നതാണല്ലോ എന്ന കാര്യം അവൾക്ക് തീരെ അപ്രധാനമായി തോന്നി. വലിയോരു അവൾക്ക് commission ലഭിച്ചിരിക്കുന്നു. അവളുടെ മുഖ്യപരിഗണന - supreme priority - ക്രിസ്തുവിനെ സാക്ഷീകരിക്കണം എന്നതായി. അവളുടെ രഹസ്യജീവിതത്തിന്റെ മറ നീക്കിക്കാണിച്ച സർവ്വകൃപാലുവും ആർദ്രവാനുമായ യേശുവിന്റെ വ്യക്തിത്വം അവളെ അത്രമാത്രം സ്വാധീനപ്പെടുത്തി. അവൾ തന്നത്താൻ മറന്നു. ക്രിസ്തു ഒരിക്കൽ പറഞ്ഞു :

> "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലൊ." മത്തായി 6 : 32-33

ഈ അത്ഭുത സ്നേഹത്താൽ പിടിക്കപ്പെട്ടതുകൊണ്ടാണ്

മഗ്ദലനമറിയാം ക്രിസ്തുവിന്റെ സാക്ഷിയായിത്തീർന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ഒന്നാമത്തെ സാക്ഷി യായി നിയോഗിച്ചത് മഗ്ദലനമറിയാമിനെയാണ്. ഒരു വെൺകൽ ഭരണി നിറയെ സ്വച്ഛജടാമാംസിതൈലം കൊണ്ടു വന്ന് ഭരണി പൊട്ടിച്ച് ക്രിസ്തുവിന്റെ പാദത്തിൽ തൈലം പൂശിയ സ്ത്രീയെക്കുറിച്ച് ക്രിസ്തു പറഞ്ഞത് :

"അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത് എന്നാണ്. "അവൾ തന്നാൽ ആവത് ചെയ്തു."
മർക്കോസ് 14 : 6-9

"അവൾ വളരെ സ്നേഹിച്ചുവല്ലൊ."
ലൂക്കോസ് 7 : 47

ഒരു കൊച്ചുകുട്ടി. അവന്റെ അപ്പൻ മരിച്ചു. അമ്മ പുനർവ്വിവാഹം ചെയ്തു അവനെ വിട്ടുപോയി. അവന്റെ അപ്പന്റെ അമ്മ - വെല്ല്യമ്മ - യാണ് അവനെ വളർത്തിയത്. വെല്ല്യമ്മ എന്നും അവന് പറഞ്ഞു കൊടുക്കും - "മോനേ, നിനക്ക് സ്വർഗ്ഗത്തിൽ ഒരപ്പനുണ്ട്. അവനെക്കൊണ്ട് വെല്ല്യമ്മ പറയിപ്പിക്കും, "ദൈവം എന്റെ പിതാവാണ്."

അവൻ വളർന്നുവന്നു. ദൈവം എന്റെ പിതാവാണെന്ന് കൂടെക്കൂടെ പറഞ്ഞ് അവൻ വളർന്നുവന്നു. അവൻ പഠിച്ചു സമർത്ഥനായി. അവനാണ് സുപ്രസിദ്ധ ശാസ്ത്രജ്ഞനായ ഐസക്ക് ന്യൂട്ടൺ - ഇരുപത്തി നാലാമത്തെ വയസ്സിൽ - "Law of Gravity" കണ്ടുപിടിച്ച ഐസക് ന്യൂട്ടൺ.

ഐസക്ക് ന്യൂട്ടൺ അവിവാഹിതനായിരുന്നു. "എന്താ വിവാഹം കഴിക്കാത്തത്?" എന്ന് ഒരാൾ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം അപ്പോൾ മറുപടി പറഞ്ഞത്, "ആ കാര്യം ഞാൻ മറന്നുപോയി" എന്നാണ്. നിങ്ങൾ പക്ഷേ ചിരിച്ചേക്കാം, ഈ വാക്കു കേട്ടപ്പോൾ. പക്ഷേ ക്രിസ്തു വിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ട്, ആയുസ്സു ക്രിസ്തുവി നുവേണ്ടി എരിഞ്ഞു തീരാൻ സമർപ്പിച്ച ഒരു ദൈവപൈ

തലിന് ഇതൊരു അത്ഭുത കാര്യമായി തോന്നുകയില്ല.

പൗലോസ് അപ്പോസ്തലൻ പറഞ്ഞത് കേട്ടിട്ടില്ലേ?

"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാര്? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു, 'അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു' എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിന്നോ ജീവന്നോ ദൂതൻമാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു." റോമർ 8 : 35-39

ക്രിസ്തുവിന്റെ ഈ അത്ഭുത സ്നേഹത്താൽ പിടിക്കപ്പെട്ട ഒരാളാണ് 'അമൃതധാരാ' ഗായകസംഘത്തിലെ സാലി. മൂവാറ്റുപുഴ ഡെന്റൽ ലാബു നടത്തുന്ന സാജുവിന്റെ ഭാര്യയായ സാലി. കോലഞ്ചേരി കോളേജിൽ നിന്ന് M.Sc പാസ്സായി ഇന്ന് ഭർത്താവിനോടൊത്ത് ലാബിൽ ജോലി ചെയ്യുന്നു.

സാലിയെ ഈ ദൈവസ്നേഹം സ്വാധീനം ചെയ്ത അത്ഭുത സംഭവം നമുക്ക് കേൾക്കാം :

വളരെ പാവപ്പെട്ട ഒരു യാക്കോബായ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്റെ അപ്പന്റെ അപ്പൻ ഒരു മുഴുക്കുടിയനായിരുന്നു. ചീത്ത വിളിയും വഴക്കും തമ്മിൽത്തല്ലും എന്റെ വീട്ടിൽ നിത്യസംഭവമായിരുന്നു.

രാത്രികാലങ്ങളിൽ അടുത്തുള്ള കുറ്റിക്കാടുകളിലും അയൽവീടുകളിലുമാണ് അമ്മ ഞങ്ങളെ ഉറക്കിയിരുന്നത്. എപ്പോഴും പേടി. എന്നും പട്ടിണി. ഉടുക്കാൻ വസ്ത്രമില്ല. കഴിക്കാൻ ആഹാരമില്ല.

അടുത്തുള്ള സർക്കാർ വനത്തിൽ നിന്ന് കള്ളത്തടി വെട്ടിവിറ്റാണ് അപ്പൻ കഴിഞ്ഞിരുന്നത്. പിന്നീട് അപ്പൻ ചാരായം വാറ്റും തുടങ്ങി. അപ്പനും ഭയങ്കര മദ്യപാനിയായി. അമ്മ എന്നും തനിയെ ഇരുന്ന് കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്. ദുരിതവും യാതനയും രോഗവും പട്ടിണിയും കോപവും വഴക്കും ബഹളവും ഒച്ചപ്പാടും.

വീട്ടിലെ ദുരിതം മാറാൻ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പള്ളിയാരാധന, സണ്ടേസ്ക്കൂൾ, കുടുംബപ്രാർത്ഥന, നോമ്പ്, നമസ്ക്കാരം, എല്ലാം ഉണ്ടായിരുന്നു. കടമറ്റംസേവ നടത്തി, ഏലസ്സ് ഓതിക്കെട്ടി, കുരിശു വാഴ്ത്തി വീട്ടിൽ വെച്ചു. പള്ളിപ്പെരുന്നാൾ ഏറ്റു കഴിച്ചു. വെടിക്കെട്ടു നടത്തി. കുരിശുംതൊട്ടിയിൽ എണ്ണ ഒഴിച്ച് തിരി കത്തിച്ചു, നേർച്ച കഴിച്ചു. എന്നാൽ ഇവകൊണ്ടൊന്നും വീട്ടിൽ സമാധാനമുണ്ടായില്ല. മരിച്ചാൽ മതിയെന്ന് ഞാൻ കൊതിച്ചു.

കോതമംഗലം കോളേജിൽ ഞാൻ ഡിഗ്രിയ്ക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് കോളേജിനടുത്ത് ഒരു ബൈബിൾ ക്ലാസ്സ് ഞങ്ങളുടെ പ്രൊഫസർ സി.എം. മാത്യുസാർ എടുക്കുന്നുണ്ടായിരുന്നു. അന്ന് ആരും സ്നേഹിക്കാനില്ലാത്തവരേയും സ്നേഹിക്കുന്ന യേശുവിനെക്കുറിച്ച് ഞാൻ കേട്ടു. നിരാശ നിറഞ്ഞിരുന്ന എന്റെ ഹൃദയത്തിൽ ഈ സ്നേഹവചനം മധുരാനുഭവം നൽകി. വലിയോരു സമാധാനം എന്റെ ഉള്ളത്തിലേക്ക് ഇരച്ചു കയറി.

അതിനെത്തുടർന്നാണ് ഞാൻ സാറിന്റെ വീട്ടിലെ രണ്ടാം ശനിയാഴ്ച ധ്യാനയോഗത്തിന് വന്നത്. ഹൃദയപാപങ്ങളും മാറിയില്ലെങ്കിൽ ഞാൻ ദൈവരാജ്യത്തിൽ പോകയില്ല എന്നെ

നിക്ക് വചനശുശ്രൂഷകളിൽ നിന്ന് മനസ്സിലായി. പുറമെ പറയത്തക്ക പ്രവൃത്തിയിലെ പാപങ്ങളൊന്നുമില്ലെങ്കിലും അശുദ്ധ ചിന്തകളും നിരാശയും കോപവും മുഷിപ്പിലും നീരസവും വൈരാഗ്യവും എന്റെ ഹൃദയം നിറയെ ഉണ്ട് എന്നെനിക്ക് മനസ്സിലായി. വെറുമൊരു മാനസാന്തരം മാത്രമേ എന്നിൽ നടന്നിട്ടുള്ളൂ എന്നും അകം മുഴുവ നായി ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ട്, പരിശുദ്ധാ ത്മാവ് ആവസിക്കുന്ന ഒരനുഭവമുണ്ടെന്നും ഈ ഫെല്ലോ ഷിപ്പിലെ വചനം കേട്ടപ്പോൾ ഞാൻ ഗ്രഹിച്ചു. അതെനിക്ക് ഒരു പുതിയ അറിവായിരുന്നു. ഞാൻ എന്റെ ഓരോപാ പവും ഏറ്റു പറഞ്ഞ് ദൈവസന്നിധിയിൽ അനുതപിച്ചു.

എന്റെ ഓരോ പാപവും മൂലം എന്റെമേൽ ദുരാത്മാ വിന്റെ സ്വാധീനമുണ്ടെന്നും തലമുറ തലമുറകളായി നിൽക്കുന്ന അനേകം ബന്ധനങ്ങളും ശാപങ്ങളും എന്റെ മേലുണ്ടെന്നും ഞാൻ അറിഞ്ഞു. അതിനെ തുടർന്നാണ് ഞാൻ കൗൺസിലിങ്ങിനായി സാറിന്റെ അടുത്ത് വന്നത്. എന്റെമേലുള്ള സകല പാപവും ബന്ധനവും ക്രിസ്തു വിന്റെ ക്രൂശിലെ തിരുബലിയാലും തിരുരക്തത്താലും മുറി ഞ്ഞുമാറുമെന്ന വചനം ഞാൻ കേട്ടു. ഞാനെന്റെ ജീവിതം മുഴുവൻ ലജ്ജകൂടാതെ തുറന്നത് ഞാനോർക്കുന്നു. എന്റെ സകല ബന്ധനങ്ങളും അഴിച്ച്, സകല ശാപങ്ങളും മുറിച്ച്, സ്തുതിയെന്ന പുതിയ പാട്ട് എന്റെ നാവിൽ വരച്ചുതന്ന ആ സ്വർഗ്ഗീയാനുഭവം ഇന്നും എന്റെ ഹൃദയത്തിൽ വലി യൊരാനന്ദമായി ഞാനനുഭവിക്കുന്നു.

ഇന്ന് ഞാൻ നിറഞ്ഞ സമാധാനം അനുഭവിക്കുന്നു. അനുദിനം എന്റെ ഹൃദയത്തിൽ ശുദ്ധീകരണം തന്ന് കർത്താവെന്നെ നടത്തുന്നു. ഇങ്ങനെ ഒരു കൂട്ടായ്മയുള്ള തുകൊണ്ട് നിരന്തരം നിർമ്മലവചനം കേട്ട് ശുദ്ധീകരണം പ്രാപിച്ച് ക്രിസ്തുവിന്റെ ഛായ പ്രാപിക്കണം എന്ന ഏക ലാക്കോടെ ഞാൻ വേല ചെയ്യുന്നു. കർത്താവിനെ പാടി സ്തുതിക്കുന്നത് എന്റെ പ്രമോദമായിരിക്കുന്നു. ഒരു മനു

ഷ്യന് ഈ ഭൂമിയിൽവെച്ച് എത്രത്തോളം ക്രിസ്തുവിനെ സ്നേഹിച്ച് വിശുദ്ധി അനുഭവിച്ച്, ക്രിസ്തുവിന്റെ മഹത്ത്വത്തിനുവേണ്ടി ചെലവഴിക്കപ്പെടാമോ അത്രത്തോളം എത്തണം എന്ന ലക്ഷ്യത്തോടെ ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോട് ചേർന്നു നിൽക്കുന്നു. സ്തോത്രം.

സാലി ദൈവസ്നേഹത്തെ കണ്ടെത്തിയ വസ്തുതയാണ് നിങ്ങൾ കേട്ടത്. ശമര്യാസ്ത്രീ കുടംവെച്ചിട്ട് സ്വന്ത പട്ടണിത്തിലേക്ക് പോയി. അവൾക്ക് കിട്ടിയ അത്യപൂർവ്വമായ അനുഭവം പങ്കുവെയ്ക്കാനുള്ള ആഗ്രഹം അവളിൽ നിറഞ്ഞുവന്നു. മാത്രമല്ല, ഈ സത്യമായ അനുഭവം സാക്ഷിച്ചിട്ട് ഉടനെ മടങ്ങിവരണമെന്നും അവൾ കരുതി.

ക്രിസ്തുവിന്റെ സ്നേഹം വശീകരിച്ചാൽ ക്രിസ്തുവിന്റെ പാദത്തിലെപ്പോഴും അണഞ്ഞിരിപ്പാനാഗ്രഹമുണ്ടാകും. ഏതെല്ലാം നല്ല പ്രവൃത്തികൾ ചെയ്താലും ക്രിസ്തുവിന്റെ കാൽക്കലെത്തുമ്പോഴാണ് സാക്ഷാലുള്ള ആനന്ദമുണ്ടാകുന്നത്. ആ പാദത്തിലാണ് സമാധാനം. അവിടെയാണ് ശാന്തി. അവിടെയാണ് ആശ്വാസം. അവിടെയാണ് അഭയം. അവിടെയാണ് ഒളിവിടം. അവിടെയാണ് മറവിടം. അവിടെയാണ് സ്നേഹത്തിന്റെ ഉറവിടം. അവിടെയാണ് കരുണയുടെ നിറകുടം.

സാക്ഷാൽ മിശിഹായെ കണ്ടെത്തിയതാണ് ശമര്യാസ്ത്രീയുടെ ഏറ്റവും വലിയ കണ്ടുപിടുത്തം - discovery.

Chloroform കണ്ടുപിടിച്ച ശാസ്ത്രജ്ഞനായ സിംസൺ ഒരിക്കൽ പറഞ്ഞു :

“മനുഷ്യനെ മയക്കുന്ന Chloroform കണ്ടുപിടിച്ചതല്ല എന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം, എന്നെ മയക്കുന്ന ക്രിസ്തുവിനെ കണ്ടെത്തിയതാണ് എന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം.”

Discovery ലഭിച്ചാൽ ഉടനെ communication -നു വേണ്ടിയുള്ള commission ലഭിക്കും. ക്രിസ്തുവിനെ കണ്ടെത്തിയാലുടനെ മറ്റുള്ളവരുമായി പങ്കുവെയ്ക്കാനുള്ള വലിയ ആത്മനിയോഗം പ്രാപിക്കും.

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, ഈ ക്രിസ്തുവിന്റെ സ്നേഹം നിന്നെ കടന്നുപിടിച്ചു എന്ന് നീ അറിയുന്നുവോ? ക്രിസ്തു നിന്റെ ജീവിതം മുഴുവൻ തുറന്നു കാണുന്നു എന്ന് നീ ഗ്രഹിക്കുന്നുവോ? ക്രിസ്തു നിനക്ക് പാപബോധവും - conviction അനുതാപവും - contriction - മാനസാന്തരവും - conversion - സാക്ഷ്യത്തിനുള്ള നിയമനവും - commission - തരുന്നു എന്ന് നീ വിശ്വസിക്കുന്നുവോ? നീ ക്രിസ്തുവിനെ കണ്ടെത്തിയോ? എങ്കിൽ നീ സ്വയം കണ്ടെത്തും. അരിഷ്ടതയോടെ, മനമുരുകി അനുതപിച്ച്, നിന്റെ ജീവിതം ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേല്പിക്കും. ക്രിസ്തുവിന്റെ പ്രേഷിതശുശ്രൂഷയ്ക്കായി നീ നിന്നെത്തന്നെ വേർതിരിക്കും. ഈ ലോകത്തിൽ കാണുന്നതെല്ലാം ചപ്പെന്നും ചവറെന്നും നീ എണ്ണും.

നിനക്കതിനു സമ്മതമോ? എങ്കിൽ ഒരു വാക്ക് നിന്റെ അരികത്ത് നിണമണിഞ്ഞ പാണിനീട്ടിനിൽക്കുന്ന ക്രിസ്തുവിനോടു പറയൂ :

നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ അടിമ. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ ക്രൂശിന്റെ സാക്ഷി.

## ഒമ്പത്

"ഞാൻ ചെയ്തത് ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു." യോഹ 4 : 39

Commission for communication - സാക്ഷ്യത്തിനുവേണ്ടി യുള്ള ആത്മനിയോഗം. ക്രിസ്തീയ ജീവിതത്തിന്റെ അനി വാര്യഘടകമാണിത്. സ്വന്തം ജീവിതാനുഭവം മറ്റുള്ളവരു മായി പങ്കുവെയ്ക്കാനായില്ലെങ്കിൽ ക്രിസ്തീയ ജീവിതം മുരടിച്ചതാകും. ആത്മീയ ജീവിതം മന്ദീഭവിക്കും.

ശമര്യാസ്ത്രീ സാക്ഷ്യം പറഞ്ഞു. ക്രിസ്തുവിനെ നാം കണ്ടെത്തിയാൽ തീർച്ചയായും നാം സാക്ഷിക്കും. സാക്ഷിക്കുന്നത് ഒരു പദവിയായും ചുമതലയായും നാം അനുഭവിക്കും. ക്രിസ്തീയ ജീവിതത്തിന്റെ രണ്ടു നെടും തൂണുകളാണ് ക്രിസ്തുവിനെ കണ്ടെത്തുന്നതും ക്രിസ്തു വിനെ കണ്ടെത്തിയ സ്വന്തമനുഭവം സാക്ഷിക്കുന്നതും. ക്രിസ്തു നമുക്കു തന്ന അനുഭവം പങ്കുവെയ്ക്കാനുള്ള അഗാധമായ ത്വര ഉളവാക്കുന്നില്ലെങ്കിൽ ക്രിസ്തുവിനെ കണ്ടെത്തിയെന്ന് പറയുന്നതുതന്നെ സാക്ഷാത്തായ അനു ഭവമാണോ എന്ന് തിരിഞ്ഞുനോക്കേണ്ടതാണ്.

അതുപോലെതന്നെ ഗൗരവമേറിയ ഒരു കാര്യമാണ് നാം സ്വയം ക്രിസ്തുവിനെ കണ്ടെത്താതെ മറ്റുള്ളവരുമായി ക്രിസ്തുവിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറയുന്നതും മറ്റുള്ളവർക്ക് ക്രിസ്തുവിനെ നൽകുന്നതും. ഇന്നത്തെ അനേകം സുവിശേഷ പ്രവർത്തനങ്ങൾ ഫലശൂന്യമാകുന്ന തിനു കാരണം സുവിശേഷകർക്ക് ക്രിസ്തുവിനെ കണ്ടെ ത്തിയ അനുഭവമില്ല എന്നതാണ്. ക്രിസ്തുവില്ലാത്ത പ്രസം ഗങ്ങൾ, ക്രിസ്തുവില്ലാത്ത പ്രാർത്ഥനാ യോഗങ്ങൾ, ക്രിസ്തുവില്ലാത്ത ശുശ്രൂഷകൾ എന്നിവ പെരുകിവരുന്ന ഈ കാലത്തെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് A.D. 67-ൽ എഴുതി : "ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ" എന്ന്. 2 തിമോഥെയൊസ് 3 : 5

അങ്ങനെയുള്ള ഒരു സഭാശുശ്രൂഷകനായിരുന്നു ഒന്നാം നൂറ്റാണ്ടിന്റെ ഒടുവിൽ ജീവിച്ചിരുന്ന ദിയൊത്രെഫേസ്. അവൻ ദൈവമക്കളുടെ ഇടയിൽ പ്രധാനിയാകുവാൻ ആഗ്ര ഹിക്കുന്നവനാണ്. സ്ഥാനമോഹം അവന്റെ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നു. അവൻ സ്നേഹത്തിന്റെ അപ്പൊ സ്തലനായ യോഹന്നാനെ ദുർവ്വാക്ക് പറഞ്ഞ് ശകാരിക്കു ന്നവനായിരുന്നു. സത്യവിശ്വാസികളെ അവൻ കൈക്കൊ ള്ളാതിരുന്നു എന്നു മാത്രമല്ല, ദൈവമക്കളെ കൈക്കൊ ള്ളുന്നവരെ വിരോധിക്കുകയും സഭയിൽ നിന്ന് പുറത്താ ക്കുകയും ചെയ്തു. ദിയൊത്രെഫേസിനെക്കുറിച്ച് വയോ വൃദ്ധനായ യോഹന്നാൻശ്ലീഹാ തന്റെ മൂന്നാമത്തെ ലേഖ നത്തിന്റെ ഒൻപതാം വാക്യം മുതൽ പതിനൊന്നാം വാക്യം വരെ പറഞ്ഞിട്ടുണ്ട്.

"I sent a brief letter to the church about this, but proud Diotrephes, who loves to push himself forward as the leader of the Christians there, does not admit my authority over him and refuses to listen to me. When I come I will tell you some of the things he is doing and what wicked things he is saying about me and what insulting language he is using. He not only refuses to welcome the missionary travellers himself, but tells

others not to, and when they do, he tries to put them out of the church.”

ഒന്നാമത് ക്രിസ്തുവിനെ കണ്ടെത്തുന്ന വ്യക്തമായ, വ്യക്തിപരമായ അനുഭവം പ്രാപിക്കുക. രണ്ടാമത് മറ്റുള്ള വരോട് പറയുക.

ശമര്യാസ്ത്രീക്ക് വളരെ വ്യക്തമായ അനുഭവം ലഭിച്ചു. അതുകൊണ്ട് അവൾ സ്വന്തനാട്ടിൽ ചെന്ന് സാക്ഷ്യം പറ ഞ്ഞു.

ഈ മഹത്തായ അനുഭവം ലഭിച്ചു കഴിഞ്ഞപ്പോൾ അവൾക്ക് അവളുടെ നാട്ടിലുള്ള ആളുകളെ അഭിമുഖീകരി ക്കാൻ ലജ്ജയില്ലാതായി. അഞ്ചു വിവാഹമോചനവും തുടർന്ന് വിവാഹം കഴിക്കാതെ ഒരു പുരുഷനുമായുള്ള ബന്ധവുമായി കഴിയുന്ന സ്ത്രീ തീർച്ചയായും സമൂഹ ത്തിൽ ഭ്രഷ്ഠു കല്പിക്കപ്പെട്ടവളായിരിക്കണം. അരനാഴിക ദൂരത്തോളം അവൾ വെള്ളം കോരുവാൻ ആ നട്ടുച്ചനേ രത്തു വന്നതുതന്നെ അയൽപക്കക്കാരെ കാണുന്നത് ഒഴി വാക്കാനായിരിക്കണം.

എന്നാൽ അവൾക്ക് അവളുടെ പാപം കാണാൻ കഴി ഞ്ഞു. കുറ്റബോധം ലഭിച്ചു, അനുതാപം ലഭിച്ചു. അവ ളോട് സഹതാപത്തോടും ആർദ്രതയോടും ഇടപെടുന്ന പരി ശുദ്ധസ്നേഹത്തെ കാണാൻ കഴിഞ്ഞു. അതോടെ കഴി ഞ്ഞകാല ജീവിതമെല്ലാം അവൾ എറിഞ്ഞുകളഞ്ഞു. ഒരു പുതിയ ജീവിതത്തിന് അവൾ തുടക്കമിട്ടു. അതുകൊണ്ടാണ് ഇപ്പോൾ അവൾക്ക് നാണമില്ലാത്തത്. ആരെയും അഭിമു ഖീകരിക്കാൻ അവൾക്ക് ഒരു പ്രയാസവുമില്ല. അവളുടെ ഹൃദയം നന്ദികൊണ്ട് നിറഞ്ഞിരിക്കയാണ്. അവളുടെ ആന്ത രികരോഗം സൗഖ്യമായിരിക്കയാണ്. സന്തോഷം കൊണ്ട് അവളുടെ ഉള്ളം തുടിക്കുകയാണ്.

അവൾക്ക് ഒന്നേ പറയാനുള്ളൂ.

“നോക്കൂ, ഞാൻ ആരായിരുന്നു. ഇപ്പോൾ ഞാൻ ആരാണ്. ക്രിസ്തു എന്റെ ജീവിതത്തിൽ ചെയ്തതിതാണ്.” ഇതാണ് സാക്ഷ്യം.

“ഞാൻ ചെയ്തത് ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു.”

“സകല ഭക്തൻമാരുമായുള്ളോരേ, വന്നു കേൾപ്പിൻ, അവൻ എന്റെ പ്രാണനു വേണ്ടി ചെയ്തത് ഞാൻ വിവരിക്കാം.” സങ്കീ. 66 : 16 - ദാവീദിന്റെ സാക്ഷ്യമാണത്.

> “അത്യുന്നതനായ ദൈവം എങ്കൽ പ്രവർത്തിച്ച അടയാളങ്ങളും അത്ഭുതങ്ങളും പ്രസിദ്ധമാക്കുന്നത് നന്നെന്ന് എനിക്ക് തോന്നിയിരിക്കുന്നു.”
>
> ദാനിയേൽ 4 : 2

ബാബിലോണിയൻ ചക്രവർത്തിയായ നെബൂഖദ് നേസറിന്റെ സാക്ഷ്യമാണത്.

> “ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല.”
>
> അപ്പോ. പ്രവൃ. 4 : 20

പത്രോസിന്റെയും യോഹന്നാന്റെയും സാക്ഷ്യമാണത്.

> “നീ കാൺകയും കേൾക്കയും ചെയ്തതിന്നു സകല മനുഷ്യർക്കും നീ അവന്റെ സാക്ഷിയായിത്തീരും. അപ്പോ. പ്രവൃ. 22 : 15

സെ. പോളിന്റെ സാക്ഷ്യത്തിനാധാരമാണത്.

> “എന്നാൽ ദൈവത്തിന്റെ സഹായം ലഭിക്കയാൽ ഞാൻ ഇന്നുവരെ നിൽക്കയും ചെറിയവരോടും വലിയവരോടും സാക്ഷ്യം പറഞ്ഞുപോരുകയും ചെയ്യുന്നു.” അപ്പോ. പ്രവൃ. 26 : 22

എന്നാണ് സെ. പോളിന്റെ സാക്ഷ്യം.

മരിച്ച് പാതാളത്തിൽ യാതന അനുഭവിക്കുന്ന ധനവാന്റെ അപേക്ഷ ലാസർ ഭൂമിയിൽ തിരികെ ചെന്ന് ധനവാന്റെ അഞ്ചു സഹോദരൻമാരോട് സാക്ഷ്യം പറയാൻ അവനെ അയയ്ക്കണമേ എന്നാണ്. ലൂക്കോസ് 16 : 28. ലാസർ മരണാനന്തരാവസ്ഥയിൽ കണ്ടതും കേട്ടതും ഭൂമിയിൽ തന്റെ അഞ്ചു സഹോദരൻമാരോട് സാക്ഷ്യം പറഞ്ഞാൽ അവരെങ്കിലും ഈ യാതനാസ്ഥലത്ത് വരാതിരിക്കുമല്ലോ എന്നാണ് യാതന അനുഭവിക്കുന്ന ധനവാന്റെ ആഗ്രഹം.

സാക്ഷ്യം പറഞ്ഞില്ലെങ്കിൽ പാപമാണെന്ന് മോശ പറയുന്നു :

> "ഒരുത്തൻ സത്യവാചകം കേട്ടിട്ടു, താൻ സാക്ഷിയായി കാണുകയോ അറിയുകയോ ചെയ്തത് അറിയിക്കാതെ അങ്ങനെ പാപം ചെയ്താൽ അവൻ തന്റെ കുറ്റം വഹിക്കേണം."
>
> ലേവ്യാ പുസ്തകം 5 : 1

ശമര്യാസ്ത്രീ പറഞ്ഞ സാക്ഷ്യം നിമിത്തം അനേകർ ക്രിസ്തുവിൽ വിശ്വസിച്ചു.

സ്നേഹിതാ, നീ ക്രിസ്തുവിനെ അനുഭവിച്ച് സാക്ഷിച്ചിട്ടുണ്ടോ? "നിൻസാക്ഷിയെ ലജ്ജിതനാക്കരുതേ" എന്ന് പാടിയ പിതാക്കൻമാർ ക്രിസ്തുവിന്റെ സാക്ഷിയായി നിൽക്കുന്നതിന്റെ വിലയും ഭാഗ്യവും രുചിച്ചറിഞ്ഞവരായിരുന്നു എന്ന് നീ ഗ്രഹിക്കുന്നുവോ?

ദൈവം അത്ഭുതം ചെയ്തു എന്ന് വ്യക്തമായ അനുഭവം സാക്ഷിക്കാർ ഭാഗ്യം ലഭിച്ച ഒരു ദൈവപൈതലാണ് പണ്ടപ്പിള്ളിയിൽ ചാന്ത്യം കുടുംബത്തിലെ അനൂപ് ഏലിയാസ്. എന്റെ ഭാര്യ ആലീസിന്റെ ജ്യേഷ്ഠത്തിയുടെ മകനാണ് അനൂപ്.

അനൂപിന്റെ ജീവിതത്തിലെ അനുഭവങ്ങൾ കേൾക്കൂ :

ഞാൻ ഒരു യാക്കോബായ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. ധാരാളം നിലംപുരയിടങ്ങളും തെങ്ങ്, റബ്ബർ, നെല്ല്, കുരുമുളക് എന്നിങ്ങനെയുള്ള കൃഷികളും എല്ലാം ഞങ്ങൾക്കുണ്ടായിരുന്നു. ചാച്ചന് സ്വന്തമായി ഒരു ബാങ്കുണ്ടായിരുന്നു. കോൺട്രാക്റ്റ് ബിസിനസ്സും ഉണ്ടായിരുന്നു. ചാച്ചൻ നല്ല വിശ്വസ്തനും നാട്ടിലെല്ലാം സമ്മതനുമായിരുന്നതുകൊണ്ട് ബാങ്കിൽ ലക്ഷക്കണക്കിനു രൂപ ഡിപ്പോസിറ്റു ലഭിച്ചു.

ആ കാലങ്ങളിൽ ചടങ്ങുപോലെ പള്ളിയിൽ പോവുകയും വീട്ടിൽ നമസ്ക്കാരം, നോമ്പ് മുതലായ ആചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിരുന്നു. എന്നാൽ ക്രിസ്തു ആരാണെന്നോ, മരണ ശേഷം ഒരു നിത്യതയുണ്ടെന്നോ നിത്യസ്വർഗ്ഗം, നിത്യ നരകം എന്നിവ ഉണ്ടെന്നോ ചിന്തിച്ചിരുന്നില്ല. കണക്കില്ലാതെ പണം ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങൾ സഹോദരങ്ങളെല്ലാം ബാംഗ്ലൂർ പോയി ആണ് പഠിച്ചത്. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനെയും ചാച്ചനെയും കുഞ്ഞമ്മയെപ്പോലും ഒരു പുച്ഛത്തോടെയാണ് ഞങ്ങൾ കണ്ടിരുന്നത്.

എന്നാൽ വലിയ ഒരു നഷ്ടം ബിസിനസ്സിലുണ്ടായി. അറുപതു ലക്ഷം രൂപ കടമായി. രൂപ കിട്ടാനുള്ളവർ കേസ് കൊടുത്തു. ഭൂമിയും വീടും എല്ലാം റിസീവറുടെ ഭരണത്തിലായി. ഞങ്ങളുടെ കാറ്, റ്റി.വി. മുതലായ അനേകം സാധനങ്ങൾ ഓരോരുത്തര് വന്നു ബലമായി എടുത്തുകൊണ്ടുപോയി. എല്ലാവരും ഞങ്ങളെ കൈവിട്ടു. ആത്മഹത്യ ചെയ്താലോ എന്ന് പലവട്ടം ചിന്തിച്ചു.

കൈനോട്ടക്കാരെ കണ്ടു. പല പള്ളികളിലും പോയി നേർച്ച കഴിച്ചു. പിതാക്കൻമാരുടെ കബറിടങ്ങളിലേക്ക് ഞങ്ങൾ നടന്നു തീർത്ഥയാത്ര ചെയ്തു. വാഴ്ത്തിയ കുരിശ് വീടിന് ചുറ്റും കുഴിച്ചിട്ടു. കുരിശുംതൊട്ടികളിൽ തിരി കത്തി

ച്ചു. മന്ത്രവാദികളെ കണ്ട് പ്രശ്നം വെപ്പിച്ചു. ഇതൊന്നും സമാധാനം തന്നില്ല.

അപ്പോഴാണ്, ഭാഗ്യവശാൽ സത്യവചനം കേൾക്കാനിടയായത്. ഞങ്ങൾ വീട്ടിലുള്ളവരെല്ലാവരും മാനസാന്തരപ്പെടുകയും വചനം കേൾക്കാൻ വരികയും ചെയ്തു. പതിവായി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗങ്ങളിൽ വന്ന് വചനം കേട്ടപ്പോൾ വലിയോരു സമാധാനം ലഭിച്ചു. പ്രവൃത്തികളിൽ മാത്രമല്ല, ചിന്തയിൽപോലും ഒരു തെറ്റും വരരുത് എന്ന വചനം കേട്ടപ്പോൾ ഞങ്ങൾ വന്നുപോയ ഓരോ പാപത്തെയും ഓർത്ത് അനുതപിക്കുകയും ഒരു പുതിയ മാനസാന്തരജീവിതം ആരംഭിക്കുകയും ചെയ്തു. അങ്ങനെ ക്രിസ്തു ഞങ്ങളുടെ ഭവനത്തിന്റെ നാഥനായി വന്നു.

വലിയ മഹാത്ഭുതം ദൈവം പ്രവർത്തിച്ചു. വീടോ മറ്റു ഭൂസ്വത്തോ വില്ക്കാതെത്തന്നെ കടം മുഴുവൻ വീട്ടുവാൻ ദൈവം ഞങ്ങൾക്ക് ഭാഗ്യം തന്നു. ഊരാക്കുടുക്കുകൾ ദൈവം അഴിച്ചു തന്നു. അറുപതോളം കേസുകൾ ഞങ്ങൾക്കെതിരെ ഉണ്ടായിരുന്നത് മുഴുവൻ അത്ഭുതകരമായി രമ്യതയിൽ തീർന്നു. ഇത്ര വലിയ ഒരു മാറ്റം ഞങ്ങളുടെ കുടുംബത്തിൽ വന്നതെങ്ങനെയെന്ന് ആരും അത്ഭുതപ്പെടത്തക്കവണ്ണം കർത്താവ് ഞങ്ങളുടെ കുടുംബത്തിലും ഞങ്ങളുടെ ജീവിതത്തിലും അത്ഭുതം പ്രവർത്തിച്ചു. ഇങ്ങനെയൊന്നും സംഭവിക്കുമെന്ന് ആരും കരുതിയിരുന്നതല്ല. അത്ഭുതങ്ങളുടെ ദൈവം ജീവിക്കുന്നു.

ഇന്ന് ഞങ്ങൾ കുടുംബമായി നല്ല സമാധാനത്തിൽ കഴിയുന്നു. എല്ലാവിധ ഐശ്വര്യവും കർത്താവ് ഞങ്ങൾക്ക് തന്നിരിക്കുന്നു. കർത്താവിന്റെ വേല ചെയ്ത് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ മുഴുകി ഞങ്ങൾ നിൽക്കുന്നു. ദൈവത്തിനു സ്തോത്രം.

'അമൃതധാരാ' ഗായകസംഘത്തിലെ ഒരംഗമാണ് അനൂ

പ്. ദൈവം ഭൗതികമായ കടവും മാറ്റിക്കൊടുത്തു. ആത്മാവിന്റെ കടങ്ങളും ഇളച്ചുകൊടുത്തു. ഇന്ന് ക്രിസ്തുവിന്റെ ലജ്ജിക്കാത്ത സാക്ഷിയായി നിൽക്കുന്നു.

സ്നേഹിതാ, ഒരു സത്യസാക്ഷിയിൻ ജീവിതം നീ ആഗ്രഹിക്കുന്നുവോ? പ്രിയ സഹോദരീ, ക്രിസ്തുവിന്റെ ഒരു സാക്ഷിയാകാൻ നിനക്കാഗ്രഹമുണ്ടോ? എങ്കിൽ നിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിച്ച് ക്രിസ്തുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ഒരു പുതിയ സാക്ഷിയിൻ ജീവിതം തുടങ്ങുക.

നിന്റെ സമീപത്തു നിൽക്കുന്ന ക്രിസ്തുവിനോട് പറയൂ : നാഥാ, ഇന്നുമുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും.

## പത്ത്

"നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്" യോഹ 4 : 32

സുഖാർ കിണറ്ററികിൽ ശമര്യാസ്ത്രീയുമായി ക്രിസ്തു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ശിഷ്യൻമാർ ആഹാരം വാങ്ങാൻ പോയിരിക്കയായിരുന്നു. അവർ ആഹാരവുമായി വന്നപ്പോൾ ഗുരു ഒരു സ്ത്രീയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നത് കണ്ടു. പക്ഷേ അവർ ക്രിസ്തുവിനെ ചോദ്യം ചെയ്തില്ല. അവരുടെ നാഥൻ ചെയ്യുന്നതൊന്നും ചോദ്യം ചെയ്യേണ്ട ആവശ്യമില്ലാത്തതാണെന്ന് അവർക്ക് നല്ല വിശ്വാസവും ബോദ്ധ്യവും ഉണ്ടായിരുന്നു.

വിശ്വാസമാണ് ജീവിതത്തിന്റെ കെട്ടുറപ്പിനുള്ള ഭദ്രമായ അടിത്തറ. സംശയത്തോടെ അവിശ്വസിച്ചും തേങ്ങിയും ചഞ്ചലപ്പെട്ടും ഇരിക്കുന്ന ഒരാൾക്ക് ക്രിസ്തുവിനുവേണ്ടി ഫലപ്രദമായി ജീവിക്കാൻ സാധിക്കുകയില്ല. മാത്രമല്ല, സംശയാലുവായി എപ്പോഴും ഹൃദയത്തിൽ ചോദ്യം ഉയരുന്ന ആൾക്ക് സ്വസ്ഥതയും സമാധാനവും ലഭിക്കുകയില്ല. കർത്താവിന്റെ ശിഷ്യൻമാർ സംശയിച്ചില്ല.

പക്ഷേ, അവർക്ക് കർത്താവിന്റെ ക്ഷീണത്തെക്കുറിച്ചും വിശപ്പിനെക്കുറിച്ചും അറിയാമായിരുന്നു. വഴിയാത്ര ചെയ്ത്,

നടന്ന്, ക്ഷീണിച്ച്, ദാഹിച്ച്, വിശന്നു പൊരിഞ്ഞാണ് ക്രിസ്തു അവിടെ എത്തിയതെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് അവർ പറഞ്ഞു :

"റബ്ബീ, ഭക്ഷിച്ചാലും."

യേശു പറഞ്ഞു : "നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്."

വല്ലവനും യേശുവിന് ഭക്ഷണം കൊണ്ടുവന്ന് കൊടുത്തിരിക്കുമോ എന്ന് ശിഷ്യൻമാർ ചിന്തിച്ചു. എന്നാൽ ക്രിസ്തു ഉദ്ദേശിച്ചത് അതല്ല.

ആത്മാവിന്റെ വീണ്ടെടുപ്പാണ് ക്രിസ്തുവിന്റെ വിശപ്പകറ്റുന്നത്. ആത്മാവിന് നിത്യജീവൻ പ്രദാനം ചെയ്യുന്നതാണ് ക്രിസ്തുവിന്റെ ദാഹം മാറ്റുന്നത്. കാരണം, ക്രിസ്തു ആത്മാക്കൾക്കുവേണ്ടി ദാഹിക്കുന്നവനാണ്. ക്രിസ്തു ആത്മാക്കളെ നേടുന്നതിനുവേണ്ടി വിശപ്പോടെ അദ്ധ്വാനിക്കുന്നവനാണ്.

കഴിഞ്ഞ ഇരുപത് നൂറ്റാണ്ടുകളായി ലോകത്തിന്റെ അഞ്ച് വൻകരകളിലായി എത്രയോ ആത്മാക്കളെ കർത്താവ് വീണ്ടെടുത്തു! എത്രയെത്ര നീറുന്ന ഹൃദയങ്ങൾക്ക് കർത്താവ് ആശ്വാസം കൊടുത്തു! പാപത്തിൽ ആണ്ടുപോയ എത്രയെത്ര ജീവിതങ്ങളെ കർത്താവ് കോരിയെടുത്തു! ലക്ഷ്യബോധമില്ലാതെ, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം നശിച്ച്, ജീവിതത്തിന് അർത്ഥമെന്തെന്നറിയാതെ, സുബോധമില്ലാത്തവരെപ്പോലെ കഴിയുന്ന എത്രയെത്ര ജീവിതങ്ങളാണ് ശാശ്വതശാന്തിയും നിത്യജീവനും അവകാശമാക്കിയത്!

ശരീരത്തിന്റെ ഭക്ഷണത്തെക്കാൾ എത്ര വലുതാണ് ആത്മാവിന്റെ ആഹാരം. ക്രിസ്തു പറഞ്ഞു.

> "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തിതികയ്ക്കുന്നതുതന്നെ എന്റെ ആഹാരം."
>
> യോഹ 4 : 34

നിത്യപിതാവാണ് തന്നെ അയച്ചത് എന്ന് ക്രിസ്തുവിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് പിതാവിന്റെ ഹിതംനിറവേറ്റുക എന്നതായിരുന്നു യേശുവിന്റെ പ്രമോദം. ദൈവത്തിന്റെ ഇഷ്ടത്തിന് വിധേയപ്പെടുക, പിതാവിന്റെ ഇഷ്ടം നിവർത്തിക്കുക എന്നതായിരുന്നു യേശുവിന്റെ ജീവിതലക്ഷ്യം. സ്വന്തം ലാക്കോ ലക്ഷ്യമോ ഇല്ല. ദൈവ ഹിതം നിറവേറ്റണം - അതുമാത്രം. യേശു ആഗ്രഹിച്ചതല്ല, പിതാവ് ആഗ്രഹിച്ചത് നിറവേറ്റുക - അതായിരുന്നു തന്റെ വ്രതം.

കാരണം, യേശുവിനെ നിത്യപിതാവ് അയച്ചതായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ മറ്റു മൂന്നു സുവിശേഷ ങ്ങളിൽ ഉള്ളതിനെക്കാൾ കൂടുതൽ യേശു പിതാവിനാൽ അയയ്ക്കപ്പെട്ടവൻ എന്ന പ്രയോഗം കാണാം. അതിന് ഈ സുവിശേഷത്തിൽ രണ്ട് ഗ്രീക്കു പദങ്ങളാണ് ഉപയോ ഗിച്ചിട്ടുള്ളത് : Appostellein, pempein. ഇതിൽ Appostellein എന്ന പദം പതിനേഴു പ്രാവശ്യവും pempein എന്ന പദം ഇരുപ ത്തേഴു പ്രാവശ്യവും ഈ സുവിശേഷത്തിൽ ഉപയോഗിച്ചി ട്ടുണ്ട്. അതായത് നാല്പത്തിനാലു പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ, യേശു പിതാവിനാൽ അയയ്ക്കപ്പെട്ട വൻ എന്ന് പറഞ്ഞിട്ടുണ്ട്.

യോഹന്നാൻ 5 : 36-ൽ പറയുന്നു.

“പിതാവ് എനിക്ക് അനുഷ്ഠിപ്പാൻ തന്നിരിക്കുന്ന പ്രവൃ ത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ, പിതാവ് എന്നെ അയച്ചു എന്ന് എന്നെക്കുറിച്ച് സാക്ഷീകരിക്കു ന്നു.”

യോഹന്നാൻ 17 : 4 -ൽ ക്രിസ്തുവിന്റെ സംതൃപ്തിയോ ടെയുള്ള പ്രഖ്യാപനം കാണാം :

“ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, നീ എനിക്ക് ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു.”

ജീവനെ കൊടുക്കുന്നതും ജീവനെ വീണ്ടും പ്രാപിക്കുന്നതുമെല്ലാം പിതാവിന്റെ കല്പനപ്രകാരമാണെന്നാണ് കർത്താവ് അരുളി ചെയ്യുന്നത്.

> "ആരും അതിനെ എന്നോടു എടുത്തു കളയുന്നില്ല, ഞാൻ തന്നേ അതിനെ കൊടുക്കുന്നു, അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്. വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്. ഈ കല്പന എന്റെ പിതാവിങ്കൽ നിന്നു എനിക്കു ലഭിച്ചിരിക്കുന്നു." യോഹ 10 : 18

ദൈവഹിതം നിറവേറ്റാനാണ് താൻ ഭൂമിയിലേക്ക് വന്നതെന്ന് കൂടെക്കൂടെ കർത്താവ് പറയുന്നുണ്ട് :

> "ഞാൻ എന്റെ ഇഷ്ടമല്ല, എന്ന അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിന്നിരിക്കുന്നത്." യോഹ 6 : 38

> "ഞാൻ എല്ലായ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല." 8 : 29

സ്വന്തമായി താല്പര്യമോ, ആഗ്രഹമോ, ഇഷ്ടമോ ഇല്ലാതെ ദൈവഹിതത്തിന് വ്യവസ്ഥ കൂടാതെ സമർപ്പിക്കാൻ കഴിഞ്ഞാൽ തീർച്ചയായും അവാച്യമായ ആശ്വാസം ലഭിക്കും, അവർണ്ണനീയമായ സന്തോഷം ലഭിക്കും, അത്യത്ഭുതകരമായ ശക്തി ലഭിക്കും, അനിതരസാധാരണമായ സംതൃപ്തി ലഭിക്കും.

ജീവിതത്തിലെ യാതനകളും വേദനകളും വന്ന് വീർപ്പുമുട്ടിക്കുമ്പോൾ, അവയെ പുഞ്ചിരിയോടെ അഭിമുഖീകരിപ്പാൻ സാധിക്കണമെങ്കിൽ ഈ ഒരൊറ്റ കാര്യം നേടിയാൽ മതി, പിതാവിന്റെ ഹിതം നടക്കണം. അപ്പാ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം. ഇനി എനിക്ക് സ്വന്തം അഭിപ്രായമില്ല, നിന്റെ ആഗ്രഹം മാത്രം. സ്വന്തം പ്ലാനും പദ്ധതിയു

മില്ല. അതെല്ലാം നിന്റെ ഹിതത്തിന്റെ മുമ്പിൽ ഞാനിതാ അടിയറ വെയ്ക്കുന്നു. ഞാൻ രംഗത്തുനിന്ന് മാറുന്നു. നീ, നീ മാത്രം. നിന്റെ ഇഷ്ടം നടന്നാൽ മതി. നിന്റെ ഹിതം പൂർണ്ണതയുള്ളതാണ്. അത് നിറവേറ്റാൻ എന്നെ നീ ഒരു ഉപകരണമായി നിറുത്തണേ. എന്റെ സ്വന്തഹിതത്തെ ക്രൂശിപ്പാൻ ഞാനിതാ എന്നെത്തന്നെ കുരിശിൽ അർപ്പിക്കുന്നു.

സ്നേഹിതാ, ഈ ഒരു സമർപ്പണം നിനക്ക് വന്നിട്ടുണ്ടോ? സഹോദരീ, നിന്റെ ഹൃദയത്തിൽ ഇതുപോലൊരു ആഗ്രഹം ഉണർന്നുവോ? എങ്കിൽ നീ ഒരു ഭാഗ്യശാലിയാണ്. നിന്റെ ദുരിതങ്ങളും, ദുഃഖങ്ങളും, യാതനകളും, വേദനകളും എല്ലാം പുഞ്ചിരിയോടെ, സമചിത്തതയോടെ നേരിടാൻ നിനക്കു കഴിയും. അപ്പോൾ സങ്കീർത്തനക്കാരനോട് ചേർന്ന് നീ പറയും :

> ''നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ.'' സങ്കീ. 68 : 19

> ''അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു, എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നെ.'' 57 : 2

> ''മരണപാശങ്ങൾ എന്നെ ചുറ്റി, അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. പാതാളപാശങ്ങൾ എന്നെ വളഞ്ഞു, മരണത്തിന്റെ കണികളും എന്നെ തുടർന്നു പിടിച്ചു. എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു, അവൻ തന്റെ മന്ദിരത്തിൽ നിന്ന് എന്റെ അപേക്ഷകേട്ടു, തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി.''
> 18 : 4-6

ഇതൊരു മഹാഭാഗ്യമാണ്. ആ ഭാഗ്യാനുഭവം ലഭിച്ച

ഒരു ദൈവപൈതലാണ് അമൃതധാരാ ഗായകസംഘത്തിലെ ഷീലയുടെ ഭർത്താവ് രാജു. രാജു കടയിരുപ്പ് സിന്തൈറ്റ് ഇൻഡസ്ട്രീസിൽ ജോലി ചെയ്യുന്നു.

രാജുവിന്റെ ജീവിതത്തിലെ അനുഭവങ്ങൾ നോക്കൂ :

ഞാൻ പുത്തൻകുരിശിനടുത്ത് ഒരു ദരിദ്ര യാക്കോബായ കുടുംബത്തിലാണ് ജനിച്ചത്. ഒരു നേരത്തെ ആഹാരം പോലും കഴിക്കാനാവാത്ത ദിവസങ്ങളുണ്ടായിരുന്നു. പട്ടിണിയും, ദുഃഖവും, നിരാശയും, രോഗവും എന്റെ വീട്ടിൽ നിറഞ്ഞു നിന്നിരുന്നു.

എന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ അമ്മ മരിച്ചുപോയി. അതോടെ എന്റെ ഹൃദയം കടുത്ത ദുഃഖത്തിലും നിരാശയിലുമായി. പേരിനുള്ള പ്രാർത്ഥനയും മറ്റുമുണ്ടായിരുന്നെങ്കിലും ഒരു ദൈവമുണ്ടെന്നോ സ്വർഗ്ഗവും നരകവും ഉണ്ടെന്നോ ഒരു നിത്യതയുണ്ടെന്നോ ഒന്നും എനിക്കറിയാൻ പാടില്ലായിരുന്നു.

ഈ അവസ്ഥകൾ മാറിയതെങ്ങനെയാണ്?

എന്റെ ജോലിസ്ഥലത്തിനടുത്തായിരുന്നു എന്റെ സഹോദരിയുടെ വീട്. പത്തൊമ്പതാമത്തെ വയസ്സിൽ വിധവയായ എന്റെ സഹോദരി ഭർത്താവിനോടുകൂടെ ഏഴുമാസമേ ജീവിച്ചിട്ടുള്ളൂ. ഒരപകടമരണം വഴിയായി അളിയൻ കടന്നുപോകുമ്പോൾ എന്റെ പെങ്ങൾ മൂന്നുമാസം ഗർഭിണിയായിരുന്നു. ആ പെങ്ങളുടെ വീട്ടിൽ ഞാൻ ഏഴു വർഷം താമസിച്ചു. കൊടിയ നിരാശയിലും ഭാരത്തിലും തളർന്നിരുന്ന എന്റെ പെങ്ങളുടെ ജീവിതത്തിൽ വലിയ സമാധാനവും സ്വസ്ഥതയും കൈവന്നത് ഞാൻ നേരിട്ടു കണ്ടു. സാറിന്റെ വീട്ടിൽ നടക്കുന്ന യോഗത്തിൽ സംബന്ധിച്ച് വചനം കേട്ടതുകൊണ്ടാണ് പെങ്ങളുടെ നിരാശയെല്ലാം മാറിയത് എന്ന് എനിക്കു മനസ്സിലായി.

പെങ്ങൾ എന്നെ യോഗത്തിലേക്ക് വിളിച്ചിരുന്നെങ്കിലും

ആദ്യമൊന്നും ഞാനത് അനുസരിച്ചില്ല. ആറുവർഷത്തിനു ശേഷം ഞാൻ യോഗത്തിൽ വന്ന് വചനം കേട്ടു. നിരാശ നിറഞ്ഞ എന്റെ ജീവിതത്തിൽ വചനം കേൾക്കുന്നത് എനിക്ക് ആശ്വാസമായി തോന്നി. എങ്കിലും എന്റെ പാപ ങ്ങൾ വിടാൻ എനിക്കു മനസ്സില്ലായിരുന്നു.

എന്റെ ജീവിതം പാപമില്ലാത്തതാകണം എന്ന അനു ഗ്രഹം വരുന്നതിന് എന്റെ വിവാഹമാണ് മുഖാന്തരം. എന്റെ ഭാര്യ ഷീല, ഈ കൂട്ടായ്മയിൽ സ്ഥിരമായി സംബന്ധി ക്കുന്ന ഒരാളായിരുന്നു. ഷീലയുടെ ജീവിതത്തിലെ ദൈവ സ്നേഹം എന്നെ വളരെ സ്വാധീനപ്പെടുത്തി. പാപം വിട്ടു ജീവിക്കുന്നതിലെ സന്തോഷവും ഈ ലോകം മായയാ ണെന്നുള്ള തിരിച്ചറിവും എനിക്കു ലഭിച്ചു. എന്റെ ജീവിതം ഞാൻ യാതൊരു വ്യവസ്ഥയും കൂടാതെ കർത്താവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് സമർപ്പിച്ചു.

ഇന്ന് സ്വർഗ്ഗസമാധാനം ഞാനനുഭവിക്കുന്നു. മാനസാന്ത രത്തിനു മുമ്പ് ഉറക്കത്തിൽ ആരോ എന്നെ കുത്തിപ്പിടിച്ച് ശ്വാസം മുട്ടിക്കുന്ന അനുഭവം ഉണ്ടായിരുന്നു. എന്നെ ആരോ ഞെരിക്കുന്നതുപോലെ എനിക്കു തോന്നിയിരുന്നു. എന്നാൽ ഇന്ന് വളരെ സ്വസ്ഥമായി സമാധാനമായി ഞാനു റങ്ങുന്നു.

എന്റെ പുറമേയുള്ള പാപങ്ങൾ മാറിയെന്ന് മാത്രമല്ല, കോപം, വാശി, പിറുപിറുപ്പ്, നീരസം, പിണക്കം, മുഷി ച്ചിൽ, ഈർഷ്യ, അസൂയ, ദ്രവ്യാഗ്രഹം മുതലായ അനേകം ഹൃദയപാപങ്ങളും കർത്താവ് മാറ്റിത്തന്നു. പുറമേയുള്ള പാപങ്ങൾ മാറിയാൽ മാത്രംപോരാ, ഹൃദയപാപങ്ങൾക്കൂടി മാറുകയും ആന്തരിക ശുദ്ധീകരണം അനുഭവിക്കുകയും ചെയ്യണമെന്ന പാഠം കർത്താവു തന്നു. ഓരോ ദിവസവും കർത്താവിന്റെ സ്വഭാവത്തോട് അനുരൂപനാകുവാൻ വാഞ്ഛിച്ചുകൊണ്ട് കർത്തൃപാദത്തിൽ അനുതാപത്തോടെ പ്രാർത്ഥിക്കുകയും വളരെ സൂക്ഷ്മതയോടെ ജീവിക്കുകയും

ചെയ്യുന്നു.

രാജുവിന്റെ ജീവിതത്തിൽ ഈ വലിയ കാഴ്ചപ്പാടും ദാഹവും നൽകിയ ക്രിസ്തു, സ്നേഹിതാ, നിന്റെ ജീവിതത്തിലും പ്രവർത്തിക്കും. ദൈവഹിതം നിറവേറ്റണം എന്ന ദാഹം സഹോദരാ, നിനക്ക് വരുന്നുണ്ടോ? പ്രിയ സഹോദരീ, ക്രിസ്തുവിന്റെ ഹിതം നിറവേറ്റാനുള്ള വാഞ്ഛ നിന്റെ ഹൃദയത്തിലുളവാകുന്നുണ്ടോ? എങ്കിൽ, നിന്റെ ഹൃദയം ക്രിസ്തുവിന്റെ തിരുസന്നിധിയിൽ നീ തുറക്കുക. ക്രിസ്തുവിനോടു പറയുക :

നാഥാ, ഇന്നുമുതൽ അവിടത്തെ ഹിതം അനുഷ്ഠിക്കുന്ന ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും.

## പതിനൊന്ന്

"നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നത് കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു."
യോഹ 4 : 32

എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നേ എന്റെ ആഹാരം എന്ന് ക്രിസ്തു ശിഷ്യൻമാരോട് അരുളിച്ചെയ്തു. നശിച്ചുകൊണ്ടിരിക്കുന്ന അനേകം ആത്മാക്കളെ രക്ഷിക്കുകയും സ്വർഗ്ഗരാജ്യത്തിന്നവകാശികളാക്കുകയുമാണ് ദൈവത്തിന്റെ ഇഷ്ടം. നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെ നേടുവാനാണ് ക്രിസ്തു വന്നത്.

"കാണാതെ പോയതിനെ തെരഞ്ഞ് രക്ഷിപ്പാനത്രേ മനുഷ്യ പുത്രൻ വന്നത്" എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. വിളഞ്ഞു കിടക്കുന്ന വയലുകൾ കൊയ്യേണ്ട സമയത്ത് കൊയ്ത് വിളവ് കളപ്പുരയിൽ കൂട്ടിവെയ്ക്കേണ്ടതാണ്. തക്കസമയത്ത് കൊയ്തില്ലെങ്കിൽ, കളപ്പുരയിൽ കൂട്ടിവെയ്ക്കേണ്ട വിളവുകൾ എലിമാളങ്ങളിൽ നഷ്ടപ്പെട്ടുപോകും. എലി, പറവകൾ മുതലായവ അവയെ അപഹരിച്ചുകൊണ്ടുപോകും. അതുകൊണ്ട് വിളവെടുക്കേണ്ട സമയത്ത് വിളവെടുക്കേണ്ടിയിരിക്കുന്നു.

ആത്മാക്കളെ തക്കസമയത്ത് രക്ഷിച്ച് ക്രിസ്തുവിന്റെ

കൃപയുടെ പെട്ടകത്തിലാക്കിയില്ലെങ്കിൽ ശത്രുവായ പൈശാചികൻ റാഞ്ചിക്കൊണ്ടുപോകും.

"വിത്തു ചുമന്നു കരഞ്ഞും വിതച്ചും കൊണ്ടു നടക്കുന്നു, കറ്റ ചുമന്നും ആർത്തും കൊണ്ടു വരുന്നു." സങ്കീ. 126 : 6

"കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും." 126 : 5

ആർപ്പോടും ആഘോഷത്തോടും കൊയ്യുവാനിന്ന് ആളുകൾ വേണ്ടിയിരിക്കുന്നു. കർത്താവിന്റെ വേലയ്ക്ക് ആത്മാർത്ഥതയും സ്വയത്യാഗവും സമർപ്പണവും ഉള്ളവർ വരേണ്ടിയിരിക്കുന്നു.

കർത്താവ് ഒരിക്കൽ വളരെ വേദനയോടെ പറഞ്ഞു :

"അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരെക്കുറിച്ച് മനസ്സലിഞ്ഞു, തന്റെ ശിഷ്യൻമാരോട് : കൊയ്ത്തു വളരെ ഉണ്ടു സത്യം, വേലക്കാരോ ചുരുക്കം, ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയയ്ക്കേണ്ടതിന്നു യാചിപ്പിൻ എന്നു പറഞ്ഞു." മത്തായി 9 : 36–38

സുഖാർ കിണററരികിൽ ശമര്യാസ്ത്രീയോട് കർത്താവ് സംസാരിച്ചു; അവളുടെ പാപം അവളെ ഓർമ്മിപ്പിച്ചു. തന്നെത്തന്നെ മിശിഹായെന്ന് അവൾക്ക് വെളിപ്പെടുത്തുകയും ചെയ്തു. അതിനെ തുടർന്ന് സ്ത്രീ വെള്ളം കോരുവാൻ കൊണ്ടുവന്ന പാത്രം വെച്ചിട്ട് പട്ടണത്തിൽ ചെന്ന് ജനങ്ങളോട് പറഞ്ഞു :

"ഞാൻ ചെയ്തത് ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്ന് കാൺമിൻ, അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ?" യോഹന്നാൻ 4 : 28–29

സ്ത്രീ പറഞ്ഞ സാക്ഷ്യം കേട്ട് പല ശമര്യരും ക്രിസ്തുവിന്റെ അരികിലേക്ക് വന്നു. യേശു തലയുയർത്തി നോക്കിയപ്പോൾ അങ്ങേ കുന്നിൻ ചെരിവിലൂടെ നിരനിര യായി ശമര്യർ തന്റെ അരികിലേക്ക് വരുന്നത് കണ്ടു. അവരുടെ മുൻപായി ആ ശമര്യാസ്ത്രീയുമുണ്ട്. അവരെ ചൂണ്ടിക്കാണിച്ചുകൊണ്ട് കർത്താവ് തന്റെ ശിഷ്യൻമാരോട് പറഞ്ഞു :

> "നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കു ന്നത് കാണും എന്നു ഞാൻ നിങ്ങളോടു പറയു ന്നു." യോഹന്നാൻ 4 : 35

എച്ച്.വി. മോർട്ടൺ ഈ വാക്യത്തെപ്പറ്റി വളരെ അനു ഭവനിഷ്ഠമായ വിവരണം നൽകുന്നുണ്ട്. ആ കിണറ്റിന്റെ അരികത്ത് അദ്ദേഹം ഇരിക്കയായിരുന്നു. അദ്ദേഹം നോക്കു മ്പോഴുണ്ട് ഗ്രാമത്തിൽ നിന്ന് ജനം കുന്നുകയറി വരിവരി യായി വരുന്നു. അവരുടെ തലയിൽ വെള്ളവസ്ത്രം ധരി ച്ചിട്ടുണ്ട്. മുകളിലെ നീലാകാശപ്പരപ്പിനു താഴെ വെള്ളവ സ്ത്രത്തിന്റെ വെൺമ ദൂരെ നിന്നദ്ദേഹം കണ്ടപ്പോഴാണ് കർത്താവ് പറഞ്ഞ വാക്യത്തിന്റെ ഉൾപ്പൊരുൾ അദ്ദേഹം ഗ്രഹിച്ചത്. കൊയ്ത്തിന്ന് പാകമായ നിലങ്ങൾ പോലെ ആളുകളെ കണ്ടു.

വാസ്തവത്തിൽ ദൈവവേല ചെയ്ത് ആത്മാക്കളെ നേടേ ണ്ടുന്ന ആവശ്യകതയും അടിയന്തിര ശ്രദ്ധ പതിയേണ്ട ഗൗരവവുമാണ് കർത്താവ് ഇതിൽകൂടെ നമ്മെ ഓർമ്മിപ്പി ക്കുന്നത്.

ശമര്യാസ്ത്രീ ഈ കാലമത്രയും ജീവിതം പാപത്തിന്ന് വിട്ടുകൊടുത്ത് പാഴാക്കിക്കൊണ്ടിരുന്നവളാണ്. എന്നാൽ ക്രിസ്തുവിനെ കണ്ടുമുട്ടിയതോടെ അവൾ ആത്മാക്കളെ നേടുന്നവളായിത്തീർന്നു. അവൾ കൊയ്ത്തിന്നിറങ്ങി. അവൾ അനേകരെ ക്രിസ്തുവിങ്കലേക്കാനയിച്ചു.

ശിഷ്യൻമാർ ഗ്രാമത്തിലേയ്ക്ക് പോയത് അവർക്ക് ഭക്ഷണം വാങ്ങുവാനായിരുന്നു. അവർ ആത്മാക്കളെ നേടുന്നതിനെപ്പറ്റി ചിന്തിച്ചില്ല. "ഈ ശമര്യർ യഹൂദൻമാരായ നമുക്ക് എതിരല്ലേ? ഇവരെ നേടാനുള്ള സാദ്ധ്യതയും സാഹചര്യവും ഒന്നുമില്ല" എന്ന ചിന്താഗതിയായിരുന്നിരിക്കണം ശിഷ്യൻമാരുടെ ഹൃദയത്തിൽ. എന്നാൽ അവരുടെ സ്ഥാനത്ത് ശമര്യാസ്ത്രീ കൊയ്ത്തിനിറങ്ങി.

വിളവുകൾ കൊയ്തെടുക്കുവാൻ തയ്യാറായി കിടക്കുകയാണ്. അതിന് ജാതിയോ സാമൂഹിക വൈരുദ്ധ്യമോ കക്ഷിസ്പർദ്ധയോ സാഹചര്യമോ ഒന്നും പ്രതികൂലമല്ല. വിശ്വസ്തതയുള്ള വേലക്കാരാണാവശ്യം.

സഭാപ്രസംഗി പറയുന്നു :

"കാറ്റിനെ വിചാരിക്കുന്നവൻ വിതയ്ക്കയില്ല.
മേഘങ്ങളെ നോക്കുന്നവൻ കൊയ്കയുമില്ല."
സഭാപ്രസംഗി 11 : 4

പ്രാതികൂല്യങ്ങളിലേക്ക് നോക്കി നെടുവീർപ്പിട്ടുകൊണ്ടും സാഹചര്യങ്ങളെ പഴിപറഞ്ഞുംകൊണ്ടിരുന്നാൽ കൊയ്യാൻ സാദ്ധ്യമല്ല. അരിവാൾ കൈയിലെടുക്കുക. ഓടിയിറങ്ങുക വയലിലേക്ക്. നല്ല ചടുലതയോടെ തിടുക്കത്തിൽ കൊയ്തു മുന്നേറുക.

മാർട്ടിൻ ലൂഥറിന്റെ ഒരു സ്നേഹിതൻ ഒരിക്കൽ ലൂഥറിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കടുത്ത എതിർപ്പിന്റെയും ആക്രമണങ്ങളുടെയും നടുവിൽ മനുഷ്യഹൃദയത്തിൽ പരിവർത്തനം വരുത്തുന്ന ക്രിസ്തുവിനെ ജനത്തിന് നൽകാൻ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരുന്ന ലൂഥറിനുവേണ്ടി പ്രാർത്ഥിക്കേണ്ടത് വളരെ ആവശ്യമായിരുന്നു.

അപ്പോൾ അദ്ദേഹം ഒരു സ്വപ്നം കണ്ടു. "ലൂഥർ തനിയെ നിന്നു കൊയ്യുന്നു. അദ്ദേഹം കൊയ്തുകൊണ്ടിരിക്കുമ്പോൾ ക്ഷീണിച്ചുപോകുന്നു. അപ്പോൾ ഉയരത്തിലേക്ക്

നോക്കി നിൽക്കുന്നു. വീണ്ടും ശക്തി ലഭിക്കുന്നു. പിന്നെയും കൊയ്യുന്നു.”

ലൂഥറിന്റെ സ്നേഹിതൻ സ്വപ്നം കഴിഞ്ഞുണർന്നപ്പോൾ ചിന്തിച്ചു. “ലൂഥറിനോടൊപ്പം കൊയ്യുവാൻ ഞാനും ഇറങ്ങുകയാണ്. ലൂഥർ തനിയെ അദ്ധ്വാനിക്കാൻ ഞാൻ വിടുകയില്ല. എന്നാലാവത് ഞാൻ ചെയ്യും.”

ടാഗോറിന്റെ മനോഹരമായ ഒരു കവിതയുണ്ട് : സൂര്യൻ പ്രകൃതിയിലെ മറ്റു സൃഷ്ടികളോട് പറഞ്ഞു : ഞാൻ പന്ത്രണ്ടു മണിക്കൂർ ജ്വലിച്ച് എരിഞ്ഞതുകൊണ്ട് ക്ഷീണിതനായി. ഇനി നിങ്ങൾ ലോകത്തെ പ്രകാശിപ്പിക്കണം. സൃഷ്ടികളെല്ലാവരും നിശ്ശബ്ദരായി. ആരും ഒന്നും പറയാതെ നിൽക്കുമ്പോളുണ്ട് മിന്നാമിനുങ്ങ് പറയുന്നു : “എനിക്കല്പം വെളിച്ചമുണ്ട്. എനിക്ക് സാധിക്കുന്നിടത്തോളം ഞാൻ പറന്നുനടന്ന് ലോകത്തെ പ്രകാശിപ്പിച്ചുകൊള്ളാം.”

പ്രിയ സഹോദരാ, മാന്യ സഹോദരീ, കർത്താവിന്റെ വയലിൽ ഇറങ്ങിക്കൊയ്യുവാൻ നീ ഒരുക്കമാണോ? മറ്റുള്ളവർ വിതച്ചിട്ടുണ്ട്. വേറെ ചിലർ വളർത്തിയിട്ടുണ്ട്. വേറെ ചിലർ കള പറിച്ചിട്ടുണ്ട്. മറ്റു ചിലർ ഇടയിളക്കിയിട്ടുണ്ട്. വേറെ ചിലർ ചാഴിക്കും പുഴുവിനുമെതിരെ കീടനാശിനികൾ തളിച്ചിട്ടുണ്ട്. ഇനി നീ കൊയ്യാൻ ഇറങ്ങിയാൽ മതി. കറ്റകൾ ചുമന്ന് ആർപ്പോടെ കളത്തിലെത്തിച്ചാൽ മതി. മറ്റു ചിലർ മെതിച്ചു കൊള്ളും. കർത്താവേ, എന്നാലാവത് ചെയ്വാൻ ഞാനിതാ ഇറങ്ങുന്നു എന്ന് ഒരു പുതിയ തീരുമാനമെടുക്കാൻ സാധിക്കുന്നുണ്ടോ?

ഫ്ളോറൻസ് നൈറ്റിംഗേലിനോട് ഒരാൾ പറഞ്ഞു : വളരെ പ്രിയപ്പെട്ട ഒരാൾ മരിച്ചു, വിശ്രമിക്കാൻ പോയി എന്ന്. (A loved one had died and gone to be at rest.) ഉടനെ നൈറ്റിംഗേൽ പറഞ്ഞു : അല്ല, അങ്ങനെയല്ല. അക്കരെയുള്ള ജീവിതം നിറയെ ജോലിത്തിരക്കുള്ളതാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. (Oh, no, I am sure the next life is of im-

mense activity.)

കർത്താവിന്റെ വേലയ്ക്കുവേണ്ടി ആഫ്രിക്കയിലേക്ക് ഒരു സുവിശേഷകൻ തന്റെ ഭാര്യയെയും മകനെയും കൂട്ടിക്കൊണ്ടുപോയി. അവിടെവച്ച് മകന് കഠിനജ്വരം പിടിപെട്ടു. നെറ്റിയിൽ ഐസ് വെയ്ക്കണം. പക്ഷേ അവിടെയെങ്ങും ഐസ് കിട്ടുകയില്ല. "ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്" എന്ന് അമ്മ പറഞ്ഞു.

സുവിശേഷകന് വിശ്വാസം വരുന്നില്ല. അമ്മ 148-ാം സങ്കീർത്തനം 8-ാം വാക്യം വായിച്ചു.

"കൊടുങ്കാറ്റ് ദൈവത്തെ അനുസരിക്കുന്നു." (അനുഷ്ഠിക്കുന്നു) എന്ന ഭാഗം വായിച്ചിട്ട് ആ വചനം ഉദ്ധരിച്ച് അവകാശം പറഞ്ഞ് വിശ്വാസത്തോടെ പ്രാർത്ഥിച്ചു. അന്നു രാത്രി വലിയ കാറ്റടിച്ചു. കൊടുങ്കാറ്റ് ആലിപ്പഴം പെയ്യുവാൻ കാരണമായി. ദൈവം പ്രാർത്ഥന കേട്ടു. തന്റെ വേല ചെയ്യുന്നവരെ കർത്താവ് പ്രത്യേകം സംരക്ഷിക്കും.

ജോൺ മിൽട്ടൺ ആംഗ്ലേയ സാഹിത്യത്തിലെ പ്രതിഭാശാലിയായ മഹാകവിയായിരുന്നു. മിൽട്ടൺന്റെ Paradise Lost എന്ന കൃതി വിശ്വപ്രസിദ്ധമാണ്. അദ്ദേഹം നാല്പത്തിനാലാമത്തെ വയസ്സിൽ അന്ധനായി. അന്ധനായതിനുശേഷം പറഞ്ഞു കൊടുത്ത് എഴുതിച്ച കൃതിയാണ് Paradise Lost. Paradise Lost Paradise Regained ആയ (പറുദീസാനഷ്ടം പറുദീസാ തിരികെ കിട്ടുന്ന അവസ്ഥയിലെത്തി.) പ്രത്യാശാകരമായ വചനം ജനതതിക്ക് കാവ്യാത്മകശൈലിയിലൂടെ കാണിക്കവെച്ച് ശ്രേഷ്ഠമായ ദൈവവേല ചെയ്യുകയായിരുന്നു മിൽട്ടൺ.

ജോൺ ബനിയൻ സുവിശേഷം പ്രസംഗിച്ചു എന്ന കുറ്റത്തിന് ജയിലിൽ അടയ്ക്കപ്പെട്ടു. ഇടുങ്ങിയ കൽത്തുറുങ്കിലിരുന്നുകൊണ്ട് അദ്ദേഹം കർത്താവിന്റെ വേല ചെയ്തു. അദ്ദേഹം പ്രശസ്തമായ ഒരു പുസ്തകം എഴുതി. അതാണ് 'പരദേശി മോക്ഷയാത്ര' (Pilgrim's Progress)

രൂത്ത് ഭാഗ്യവശാൽ ബോവസിന്റെ വയലിലെത്തി. "ഭാഗ്യ വശാൽ അവൾ ബോവസിനുള്ള വയലിൽ ആയിരുന്നു ചെന്നത്." രൂത്ത് 2 : 3. വീണ്ടെടുപ്പുകാരന്റെ വയലിൽ വേല ചെയ്യുന്നത് ഒരു ഭാഗ്യവും ഒരു പദവിയുമാണ്. രൂത്തിന് കൊയ്യാനറിയില്ലായിരുന്നു. കൊയ്ത്ത് പരിചയമില്ലായിരുന്നു. എന്നാൽ കൊയ്യുന്ന വേലക്കാരുടെ പിന്നാലെ നടന്ന് അവൾ പെറുക്കി.

മാന്യ സ്നേഹിതാ, നിനക്ക് കൊയ്യാൻ പരിശീലനമില്ലാ യിരിക്കാം. അരിവാൾ പിടിക്കേണ്ടത് എങ്ങനെയെന്ന് അറി ഞ്ഞുകൂടായിരിക്കാം. വയലിൽ വേല ചെയ്യാനും കൊയ്യാനും മുൻകൂട്ടിയുള്ള പരിചയവുമില്ലായിരിക്കാം. എങ്കിലും നീ ചേർന്നുനിന്നുകൊള്ളൂ. മറ്റു വേലക്കാരുടെ പിന്നാലെ നട ന്നുകൊള്ളൂ.

> "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ." യിരമ്യാവ് 48 : 10.

അശ്രദ്ധയോടും അലസതയോടും കൂടെ ദൈവവേല ചെയ്യരുത്. പൂർണ്ണ വിശ്വസ്തതയോടും ആത്മാർത്ഥതയോ ടുംകൂടെ ദൈവവേല ചെയ്യണം.

> "കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയ്യിലും ഉണ്ട്." യെശയ്യാവ് 62 : 11

> "ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്." വെളിപ്പാട് 22 : 12

യൂറോപ്പിനെ സുവിശേഷംകൊണ്ട് ഇളക്കിമറിച്ച അപ്പോ സ്തലനായ പൗലോസ് തന്റെ ഒടുവിലത്തെ ലേഖനത്തിൽ ഒടുവിലത്തെ അദ്ധ്യായത്തിൽ പറഞ്ഞു :

> "ഞാനോ ഇപ്പോൾതന്നെ പാനീയയാഗമായി ഒഴി ക്കപ്പെടുന്നു, എന്റെ നിര്യാണകാലവും അടുത്തി

> രിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും, എനിക്ക് മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ.”
> 2 തീമോഥെയോസ് 4 : 6-8

പ്രിയ സുഹൃത്തേ, കൊയ്ത്തിന്നു വിളഞ്ഞിരിക്കുന്ന വയലുകളെ നീ കാണുന്നുവോ? ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്നിയവരും കുഴങ്ങിയവരുമായ ബഹുജനത്തെ നീ കാണുന്നുവോ? ഇടങ്കയ്യും വലങ്കയ്യും തിരിച്ചറിയാത്ത ജനത്തെക്കുറിച്ച് നിനക്ക് അയ്യോഭാവം തോന്നുന്നുവോ? നരകമുണ്ടെന്നോ സ്വർഗ്ഗമുണ്ടെന്നോ അറിയാതെ, രക്ഷ എന്താണെന്നോ രക്ഷകൻ ആരാണെന്നോ അറിയാതെ, നിത്യാന്ധകാരത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന ജനലക്ഷങ്ങളെ നീ കാണുന്നുവോ?

എങ്കിൽ സ്നേഹിതാ, ഒട്ടും വൈകാതെ നീ ഒരു വിശുദ്ധനായി നിന്നുകൊണ്ട് ക്രിസ്തുവിലേക്ക് അനേകരെ ആനയിക്കുക. നിന്നെത്തന്നെ ത്യജിച്ച്, കുരിശ് പുഞ്ചിരിയോടെ പേറി, രക്ഷകന്റെ സുവിശേഷം ഘോഷിക്ക.

> “സമാധാനത്തെ ഘോഷിച്ച് നൻമയെ സുവിശേഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കുകയും, സീയോനോട് : “നിന്റെ ദൈവം വാഴുന്നു” എന്നു പറയുകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിൻമേൽ എത്ര മനോഹരം.!
> യെശയ്യാവ് 52 : 7

## പന്ത്രണ്ട്

"ഇനി നിന്റെ വാക്കു കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്. ഞങ്ങൾ തന്നേ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നു." യോഹ 4 : 42

ശമര്യാസ്ത്രീ സാക്ഷ്യം പറഞ്ഞതുകൊണ്ടാണ് ശമര്യർ കർത്താവിൽ വിശ്വസിച്ചത്. "ഞാൻ പറഞ്ഞതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ" എന്നാണ് അവൾ സ്വന്തം നാട്ടിൽ യേശുവിനെ സാക്ഷിച്ചത്. ഞാൻ ആരായിരുന്നു, ഇപ്പോൾ ഞാനാരാണ്, യേശുവാണ് എനിക്ക് ഈ മാറ്റം തന്നത് എന്ന് പ്രസ്താവിക്കുന്നതാണ് സാക്ഷ്യം.

ജീവിതത്തിൽ പ്രകടമായ മാറ്റമില്ലാതെ വാക്കുകൊണ്ട് സാക്ഷിച്ചാൽ ആ സാക്ഷി ലജ്ജിതനാകേണ്ടിവരും. അതുകൊണ്ടാണ് ഒരെബ്രായ പ്രാർത്ഥനാഗാനത്തിൽ പാടിയിട്ടുള്ളത്

"നീയെൻ ഗതി, തുണ ചെയ്യുക,
നിൻ സാക്ഷിയെ ലജ്ജിതനാക്കരുതേ."

ജീവിതാനുഭവമുള്ള സാക്ഷ്യം അനേകരെ ചലിപ്പിക്കും. ജീവിതാനുഭവമില്ലാത്ത പ്രസംഗം അറിവിന്റെ പ്രസംഗമായിരിക്കും.

"അറിവ് ചീർപ്പിക്കുന്നു, സ്നേഹമോ ആത്മീക വർദ്ധന വരുത്തുന്നു." 1 കൊരി. 8 : 1

ഒന്നാം നൂറ്റാണ്ടിൽ ക്രൈസ്തവസഭ വളരാനിടയായതെന്താണ്? അനുഭവിക്കുന്ന സാക്ഷ്യങ്ങൾ ജനഹൃദയങ്ങളെ ചലിപ്പിച്ചു. തീക്കട്ടയായി നിന്നാൽ ചേർത്തുവെയ്ക്കുന്ന കരിക്കട്ട തീക്കട്ടയായി മാറും. ഒരു കരിക്കട്ടയ്ക്ക് മറ്റൊരു കരിക്കട്ടയെ തീക്കട്ടയാക്കാൻ സാദ്ധ്യമല്ലല്ലൊ.

സാക്ഷ്യം ജീവിതബന്ധിയും ജീവിതഗന്ധിയും ആയിരിക്കണം. ജീവിതത്തിന്റെ തനിമയുറ്റ അനുഭവങ്ങളായിരിക്കണം സാക്ഷ്യങ്ങൾ. ജീവിതത്തിന്റെ ഗന്ധമുൾക്കൊള്ളുന്നവയായിരിക്കണം സാക്ഷ്യങ്ങൾ.

ശമര്യാസ്ത്രീയുടെ സാക്ഷ്യം കേട്ട് അനേകർ ക്രിസ്തുവിൽ വിശ്വസിക്കാൻ കാരണം അവളുടെ ജീവിതത്തിൽ സംഭവിച്ച മാറ്റത്തെക്കുറിച്ച് അവൾ അവരോടു പറഞ്ഞു എന്നതാണ്.

പ്രിയ സഹോദരാ, അനുഭവത്തിന്റെ നറുമണം പേറുന്ന സാക്ഷ്യം പറയാൻ നിനക്ക് കഴിഞ്ഞിട്ടുണ്ടോ? നിന്റെ വാക്കു കേട്ട് ആരെങ്കിലും ക്രിസ്തുവിനെ കണ്ടെത്തുവാനിടയായിട്ടുണ്ടോ? അതിനായി പ്രിയനേ, നീ വാഞ്ഛിക്കുമോ? നിന്റെ ജീവിതത്തിൽ നേടാവുന്ന മഹനീയമായ ഒരു സമ്പാദ്യമായിരിക്കും അതെന്ന് നിനക്കു ബോദ്ധ്യമുണ്ടോ?

അപ്പോസ്തലനായ പൗലോസ് പറയുന്നു:

"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നൻമ സുവിശേഷിക്കുന്നവരുടെ

കാൽ എത്ര മനോഹരം?" റോമർ 10 : 13-15

ആറായിരം ഭൂതങ്ങൾ ബാധിച്ച ഒരു മനുഷ്യൻ സുബോധമില്ലാതെ നാട്ടിൽ പേടിസ്വപ്നമായി ഗദരദേശത്തുണ്ടായിരുന്നു. അവൻ തന്നത്താൻ ചതച്ച് ശരീരമാസകലം വ്രണമുണ്ടാക്കിയവനാണ്. അവന്റെ സുബോധം തീരെ പോയിരുന്നതുകൊണ്ട് നഗ്നതാബോധം ഉണ്ടായിരുന്നില്ല. അവൻ വസ്ത്രം ധരിക്കുകയില്ലായിരുന്നു. അവന്റെ പാർപ്പ് കല്ലറകളിൽ ആയിരുന്നു. അസമാന്യമായ കരുത്ത് അവനുണ്ടായിരുന്നു. അവനെ ആളുകൾ കൂട്ടംകൂടിവന്ന് കാലിൽ ചങ്ങലയടുകയും കൈയ്യിൽ വിലങ്ങുവെയ്ക്കുകയും ചെയ്തെങ്കിലും അവൻ ചങ്ങല വലിച്ച് പൊട്ടിക്കുകയും വിലങ്ങ് ഉരുമ്മി ഒടിക്കുകയും ചെയ്തു. അവനെ അടക്കുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല. രാത്രിയെല്ലാം ഉറക്കമില്ലാതെ മലകളിലൂടെ കൂകിയും ഉച്ചത്തിൽ അലറിയും നാടിനെ അവൻ വിറപ്പിച്ചിരുന്നു.

എന്നാൽ ഒരിക്കൽ യേശുക്രിസ്തു അവന്റെ നേരെ ചെന്നു. ആർക്കും അടക്കാൻ വഹിയാത്തവനെ യേശു അടക്കി. യേശു അവനിൽ നിന്ന് ഭൂതങ്ങളെ ഭർത്സിച്ച് അകറ്റി. അവന് സുബോധം ലഭിച്ചു. അപ്പോൾ അവന്റെ ആഗ്രഹം ക്രിസ്തുവിനോട് പറഞ്ഞു :

"ഞാനും കൂടെ പോരട്ടെ."

അപ്പോൾ യേശു അവനോട് പറഞ്ഞു :

> "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന്, കർത്താവ് നിനക്ക് ചെയ്തത് ഒക്കെയും നിന്നോട് കരുണ കാണിച്ചതും പ്രസ്താവിക്ക."
>
> മർക്കോസ് 5 : 19

കർത്താവ് ചെയ്തത് ഉറക്കെ പറയുന്നതാണ് സാക്ഷ്യം പറയുന്നത്. തൻമൂലം മഹത്വം കർത്താവിനർപ്പിക്കുകയാണ്. അതോടെ ആ വാക്കുകൾ കേൾക്കുന്ന അനേകർക്ക്

അത് ജീവിത പരിവർത്തനത്തിന് മുഖാന്തരമാകുന്നു. കാരണം ആ വാക്കുകൾ ആളുകളെ യേശുവിലേക്ക് നടത്തുകയാണ് ചെയ്യുന്നത്.

ജീവിതത്തിൽ സാക്ഷ്യജീവിതം നയിക്കുകയും സാക്ഷ്യ വചനം പറയുകയും ചെയ്യുന്ന ഒരാളാണ് പണ്ടപ്പിള്ളിയിൽ താമസിക്കുന്ന ശ്രീ. എൻ.എം. തോമസ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ ക്രിസ്തു ചെയ്തതെന്താണെന്ന് കേൾക്കൂ.

വളരെ ദരിദ്രമായ ഒരു യാക്കോബായ ക്രിസ്തീയ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. പലപ്പോഴും അരപ്പട്ടണിയും ചിലപ്പോൾ മുഴുപ്പട്ടിണിയുമായാണ് ഞാൻ എന്റെ ബാല്യം കഴിച്ചത്. ഏഴാം ക്ലാസ്സിൽവെച്ച് പഠിത്തം നിറുത്തേണ്ടിവന്നു. പിന്നെ ചെറിയ തോതിലുള്ള കൃഷിയും കൂലിപ്പണിയുമൊക്കെയായി ജീവിച്ചു. അന്നൊക്കെ പള്ളിയിൽ പോകും, പ്രാർത്ഥന ചൊല്ലും, നോമ്പു നോക്കും. സണ്ടേ സ്കൂളിൽ കുറച്ചൊക്കെ പഠിച്ചിട്ടുമുണ്ട്.

അന്ന് ചില ചീത്ത കൂട്ടുകെട്ട് എനിക്കുണ്ടായി. വളരെ മോശമായ കൂട്ടുകാരായിരുന്നു. എല്ലാ ദുശ്ശീലങ്ങളും പഠിച്ചു. പുകവലി, ചിലപ്പോൾ മദ്യപാനം, ചെറിയ തോതിലുള്ള മോഷണങ്ങൾ, ചീട്ടുകളി, സിനിമ, നോവൽ വായന - അങ്ങനെ അനേക കാര്യങ്ങൾ.

ജീവിതം മുഴുവൻ ഒരസ്വസ്ഥതയായിരുനനു. ഒരു സമാധാനവുമില്ല. വീട്ടിൽ എന്നും വഴക്കും പിണക്കവും. ആർക്കും ഒരു സന്തോഷവുമില്ല. ആ കാലത്ത് പത്തൊമ്പതാമത്തെ വയസ്സിൽ വിവാഹം കഴിച്ചു. വിവാഹത്തെ തുടർന്ന് കാര്യങ്ങൾ കൂടുതൽ വഷളായി. കഴിക്കാൻ ആഹാരമില്ല, ഉടുക്കാൻ വസ്ത്രമില്ല, നനഞ്ഞു ചോരുന്ന ഒരു വയ്ക്കോൽപ്പുര, ഭാര്യയ്ക്ക് എന്നും ഇഷ്ടക്കുറവ്, അതൃപ്തി. എന്നും പരാതി, എപ്പോഴും പിറുപിറുപ്പ്. എത്ര കഷ്ടപ്പെട്ടു പണിയെടുത്താലും ഒന്നിനും തികയുന്നില്ല.

താമസിയാതെ മക്കളുണ്ടായി. ചെലവുകൾ കൂടി. നിരാ

ശയും ഭാരവും ആവലാധിയുംകൊണ്ട് വലഞ്ഞു. എല്ലാവരോടും വൈരാഗ്യം, കോപവും, വാശിയും, പകയും മനസ്സിൽ നിറഞ്ഞു. ജീവിതം വഴിമുട്ടി. മരിച്ചാലോ എന്ന് പലവട്ടം ചിന്തിച്ചു.

വീട്ടിൽ വേദപുസ്തകം ഉണ്ടായിരുന്നില്ല. എവിടെനിന്നാണെന്നോർക്കുന്നില്ല, വി. മത്തായിയുടെ സുവിശേഷം കിട്ടി. രാത്രി മണ്ണെണ്ണവിളക്കിന്റെ വെളിച്ചത്തിൽ അത് വായിക്കാൻ തുടങ്ങി. ഒന്നും തന്നെ മനസ്സിലാകുന്നില്ല. എങ്കിലും ഒരു ഭാഗത്തു വായിച്ചു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.""

ഈ വചനം എന്നെ നല്ലതുപോലെ ആകർഷിച്ചു. ഇതെങ്ങനെ സാധിക്കും എന്ന് ചിന്തിച്ചുകൊണ്ടിരുന്നു. ആ കാലത്ത് രാത്രി വളരെ കരയും, പകലും ആരും കാണാതെ ഓർത്തോർത്ത് കരയും. വീട്ടിൽ നിന്നും അഞ്ചുമൈൽ അകലെ കൂത്താട്ടുകുളത്ത് ആണ്ടിലൊരിക്കൽ നടക്കുന്ന കൺവൻഷനു പോകും. വേറെ യോഗങ്ങളൊന്നുമില്ല. നടന്നാണ് പോക്കും വരവും. ചിലപ്പോൾ കൂടെ ആരെങ്കിലും കാണും.

അങ്ങനെ തിരുവചനം കേട്ടപ്പോൾ ഞാൻ എന്റെ ജീവിതം കർത്താവിനു കൊടുത്തു. അതൊരു വഴിത്തിരിവായിരുന്നു.

എന്റെ തലയിൽ വലിയോരു ചുമട് മാറിയതുപോലെ ഒരാശ്വാസം കിട്ടി. തുടർന്ന് കൂത്താട്ടുകുളത്ത് ബ: കെ.ഓ. തോമസച്ചൻ ആഴ്ചതോറും നടത്തിക്കൊണ്ടിരുന്ന ബൈബിൾ ക്ലാസ്സിന് പോകാൻ തുടങ്ങി. വചനം വായിക്കും. ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിക്കും. ഓരോ പാപങ്ങളെ ഓർത്ത് കരയും. ക്രൂശിലെ സ്നേഹം എന്നെ കടന്നുപിടിച്ചു. ആരും സ്നേഹിക്കാനില്ലാതെ, സ്നേഹത്തിനുവേണ്ടി ദാഹിച്ചുകൊണ്ടിരുന്ന എനിക്ക് സ്നേഹനദിയിൽ നീന്തി

ത്തുടിക്കുന്ന അനുഭവം. വീട്ടിൽ കഷ്ടതയും പട്ടിണിയുമു ണ്ടെങ്കിലും അതൊന്നും എന്നെ അലട്ടാത്ത അവസ്ഥ.

എനിക്ക് മാറ്റം വന്നതോടെ ആളുകൾ എന്നെ കളിയാ ക്കാൻ തുടങ്ങി. എന്നെ ആർക്കും ഒരു വിലയില്ലാത്തതു പോലെ. പലേടത്തും ഞാനൊരധികപ്പറ്റായതുപോലെ. എന്നാൽ അതെല്ലാം സഹിച്ച് ഞാൻ മുന്നോട്ടു പൊയ്ക്കൊ ണ്ടിരുന്നു.

തുടർന്ന് എന്താണനുഭവം?

തുടർന്ന് എന്നിൽ പല രഹസ്യപാപങ്ങളും മാറാതെ നിലനിൽക്കുന്നു എന്നെനിക്കു മനസ്സിലായി. പ്രാർത്ഥനാ യോഗങ്ങളിൽ പ്രസംഗിക്കുകയും സണ്ടേസ്ക്കൂൾ പഠിപ്പി ക്കുകയും മറ്റും ചെയ്യുന്നുണ്ട്. ക്രിസ്തീയഗ്രന്ഥങ്ങൾ വായി ക്കുന്നുണ്ട്. പുറമേയുള്ള പാപങ്ങളൊന്നുമില്ലെങ്കിലും രഹ സ്യപാപങ്ങൾ എന്നിൽ കൂടുതൽ കൂടുതൽ ശക്തിയായി ത്തുടങ്ങി.

അകത്ത് വിശുദ്ധിയില്ലെന്നെനിക്ക് മനസ്സിലായി. ആ കാലത്ത് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗ ങ്ങൾ ഞങ്ങളുടെ നാട്ടിലും നടന്നു. അതിലെ വചനശുശ്രൂ ഷകളും സാക്ഷ്യങ്ങളും കേട്ടപ്പോളെനിക്കു മനസ്സിലായി എന്റെ രഹസ്യപാപങ്ങൾ വെച്ചുകൊണ്ട് എനിക്ക് ദൈവരാ ജ്യത്തിൽ പോകാൻ സാദ്ധ്യമല്ല. അഹങ്കാരം, സ്വാർത്ഥത, ദ്രവ്യാഗ്രഹം, അസൂയ, പുറമെ വിനയം നടിക്കുന്നെങ്കിലും അകത്ത് വലിയ നിഗളം, കപട ഭക്തി, സ്വാന്തനീതി, പരീശമനോഭാവം എന്നിങ്ങനെ ഒട്ടേറെ പാപങ്ങൾ എന്നി ലുണ്ടെന്ന് എനിക്കു മനസ്സിലായി. അനേകം അശുദ്ധ ചിന്ത കളും അഴുക്കായ മനോരാജ്യങ്ങളും കൊണ്ട് എന്റെ ഹൃദയം മലിനപ്പെട്ടിരിക്കയായിരുന്നു.

മറഞ്ഞു കിടന്ന പാപങ്ങൾ കണ്ടപ്പോൾ ഞാൻ തകർന്നു കരഞ്ഞു. എന്റെ പാപങ്ങളെ എണ്ണിയെണ്ണി ഏറ്റുപറഞ്ഞ് ഞാൻ അനുതപിച്ചു. ദൈവമക്കളുടെ ശാസനയും പ്രബോ

ധനവും ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു. അപ്പോൾ ഞാൻ ഒരു കാലത്തും അനുഭവിക്കാത്ത ഒരു സ്വസ്ഥതയും ശാന്തിയും എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നു.

ഇന്ന് ഹൃദയത്തിൽ സമാധാനമുണ്ട്. പാപങ്ങൾ വിട്ടു ജീവിക്കാൻ കർത്താവു കൃപ തരുന്നു. ഓരോ ദിവസവും ഹൃദയ പാപങ്ങളുടെ മേൽ കർത്താവ് ശുദ്ധീകരണം തരുന്നു. ക്രിസ്തീയ ജീവിതം ജയത്തിന്റെ ജീവിതമാണെന്ന് അനുഭവം തരുന്നു.

കടുംബത്തിലെ ബുദ്ധിമുട്ടും പട്ടിണിയുമെല്ലാം മാറി. നല്ലൊരു വീട് പണിതു. മക്കളെല്ലാം വളരെ നന്നായി, സുഭിക്ഷമായി കഴിയുന്നു. ഇപ്പോൾ ഒന്നിനും മുട്ടില്ല. ദുരിതത്തിന്റെ കാലങ്ങളെല്ലാം കർത്താവ് മാറ്റിത്തന്നു. ദൈവം എത്ര നല്ലവൻ! ആയുസ്സിന്റെ അന്ത്യത്തോളം ഈ നല്ല നാഥനെ വാഴ്ത്തിയും സ്തുതിച്ചും സാക്ഷിച്ചും കാലം തികയ്ക്കണമെന്നേ എനിക്കുള്ളൂ. സ്തോത്രം.

പ്രിയപ്പെട്ട എൻ.എം.തോമസ് ചേട്ടൻ പണ്ടപ്പിള്ളി ദേശത്ത് നല്ല ജീവിതസാക്ഷ്യമുള്ള ഒരു ദൈവപൈതലാണ്. അദ്ദേഹത്തെപ്പോലെ ക്രിസ്തുവിനെ അനുഭവിച്ച് സാക്ഷിക്കാൻ, സ്നേഹിതാ, നിനക്ക് താൽപര്യമുണ്ടോ?

രാജാക്കൻമാരുടെ രണ്ടാം പുസ്തകത്തിൽ അഞ്ചാം അദ്ധ്യായത്തിൽ നയമാന്റെ വേലക്കാരിയായ ഒരു പെൺകുട്ടിയെ കാണുന്നുണ്ട്. അവൾ നയമാന്റെ കുഷ്ഠരോഗത്തിന്റെ സൗഖ്യത്തിനുവേണ്ടി നയമാന്റെ ഭാര്യയോട് പറയുന്ന ഒരു സാക്ഷ്യമുണ്ട്.

> “യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നുചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു.”
>
> 2 രാജാക്കൻമാർ 5 : 3

ഈ പെൺകുട്ടി ശമര്യയിലെ പ്രവാചകനായ എലീശ

യെക്കുറിച്ച് സാക്ഷിക്കുകയാണ്. അവൾ പാവപ്പെട്ട ഒരു പെൺകുട്ടിയാണ്. അടിമബാലികയാണ്. എങ്കിലും അവൾക്ക് കിട്ടിയ അവസരം അവൾ നഷ്ടപ്പെടുത്തിയില്ല. അവൾ സത്യ സാക്ഷ്യം നൽകി.

നയമാൻ ഈ അടിമബാലിക പറഞ്ഞതനുസരിപ്പാൻ തക്ക വണ്ണം അവളെക്കുറിച്ച് മതിപ്പുള്ളവനായിരുന്നു. നയമാന് മതിപ്പ് തോന്നത്തക്കവണ്ണമുള്ള സ്വഭാവമേൻമ അവൾക്കു ണ്ടായിരുന്നു.

അവളുടെ സാക്ഷ്യം കേട്ട് നയമാൻ എലീശയുടെ അടുത്തു ചെന്നു. കുഷ്ഠരോഗം മാറി.

എത്ര ചെറിയവർക്കും സാക്ഷ്യജീവിതം നയിക്കാം, സത്യ സാക്ഷ്യം ആർക്കും നൽകാം.

ദൈവപൈതലേ, നീ മറ്റുള്ളവരുടെ സാക്ഷ്യം കേട്ട്, സത്യാനുഭവം പ്രാപിച്ചുവോ? ക്രിസ്തുവുമായി നേരിട്ടുള്ള ബന്ധത്തിലേക്ക് വന്നുവോ? ദൈവമക്കൾ സാക്ഷ്യം തരും. പക്ഷേ വിശ്വസിക്കേണ്ടതും ആശ്രയിക്കേണ്ടതും ക്രിസ്തു വിനെയാണ്.

സ്നേഹിതാ, പ്രിയ സഹോദരീ, നിനക്കതിന് ദാഹ മുണ്ടോ? എങ്കിൽ നിന്റെ സമീപത്തു നിൽക്കുന്ന ക്രിസ്തു വിനോടു നീ പറയൂ :

നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വിശ്വസ്ത സാക്ഷി യായി നിൽക്കും. നിന്നിൽ ആശ്രയിച്ച്, നിന്നിൽ വിശ്വസി ച്ച്, ഒരു സമാധാനജീവിതം ഞാൻ നയിക്കും. സ്തോത്രം.